Reg. No C. 161, M. 2266

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1125 മകരം 12 | ലക്കം 22

## "ഡമാസ്കസിലേക്കുള്ള വഴി"


### സെനററർ റോബർട്ടു് എഫ്. വാഗ്നരുടെ മാനസാന്തരകഥ

(എം. ഒ. ജോസഫ്, നെടുങ്കുന്നം)

[ഇരുപത്തിരണ്ടു വർഷക്കാലത്തേക്കു തുടർച്ചയായി അമേരിക്കൻ സെനററിൽ ന്യൂയോക്കിനെ പ്രതിനിധീകരിച്ചിരുന്ന ഒരു പ്രസിദ്ധ രാജ്യതന്ത്രജ്ഞനാണു സെനററർ റോബർട്ടു് എഫ്. വാഗ്നർ. രാജ്യത്തിനു പൊതുവേയും, തൊഴിലാളിലോകത്തിനു പ്രത്യേകമായും മഹത്തായ സേവനങ്ങൾ അദ്ദേഹം അനുഷ്ഠിച്ചിട്ടുണ്ടു്. സാമൂഹ്യനീതിപാലനത്തിനുവേണ്ടിയാണു തന്റെ രാഷ്ട്രീയ ജീവിതത്തെ അദ്ദേഹം നയിച്ചതു്. അമേരിക്കൻ തൊഴിലാളിലോകത്തിന്റെ വലിയ നേട്ടങ്ങളായി കരുതപ്പെടുന്ന നാഷനൽ ഇൻഡസ്ട്രിയൽ റിക്കവറി ആക്ററു്, സോഷ്യൽ സെക്യൂരിററി ആക്ററു്, നാഷനൽ ലേബർ സ്റ്റാൻഡേർഡ്സ് ആക്ററു്, ഫുൾ എംപ്ലോയ്മെൻറു് ആക്ററു്, ഹെൽത്തു് ഇൻഷുറൻസു് ആക്ററു്, മുതലായ നിയമനിർമ്മാണങ്ങളുടെ ഉപജ്ഞാതാവും, പ്രേരണാശക്തിയും അദ്ദേഹം തന്നെയായിരുന്നു. സെനററർ വാഗ്നർ 1946 ജനുവരിമാസത്തിൽ കത്തോലിക്കാസഭയെ സമാശ്ലേഷിച്ചു. തന്റെ മാനസാന്തരകഥയെ വിവരിച്ചു് "ഡമാസ്കസിലേക്കുള്ള വഴി" എന്ന പേരിൽ അദ്ദേഹം ഒരു ഗ്രന്ഥമെഴുതിയിട്ടുണ്ടു്. 250 പുറങ്ങൾവരുന്ന ഈ ഗ്രന്ഥം ന്യൂയോക്കിലെ "ഡബിൾഡേ ആൻഡു് കമ്പനി"ക്കാരാണു പ്രസിദ്ധംചെയ്തിരിക്കുന്നതു്. സെനററർ വാഗ്നരുടെ മാനസാന്തരകഥ, അദ്ദേഹത്തിന്റെ വാക്കുകളിൽ തന്നെ ഇവിടെ സംഗ്രഹിച്ചുപറയാം.]

എഴുപതു വർഷക്കാലത്തെ എന്റെ നീണ്ട ജീവിതഘട്ടത്തിലേക്കു പിന്തിരിഞ്ഞു നോക്കുമ്പോൾ, കത്തോലിക്കാമതത്തിൽ എനിക്കു താല്പര്യം ജനിപ്പിച്ച ഏതെങ്കിലും ഒരൊററ സംഭവം ചൂണ്ടിക്കാണിക്കുവാൻ ഞാൻ കാണുന്നില്ല. ഞാൻ എന്റെ വളർച്ചയിൽ ഒരു കത്തോലിക്കനായി എന്നു മാത്രം പറയാം.

ബാല്യകാലത്തു ഞാൻ ജീവിച്ചിരുന്ന ഭവനത്തിൽ വേറെ പല കത്തോലിക്കാ കുടുംബങ്ങളും ഉണ്ടായിരുന്നു. എന്റെ പിതാവിന്റെ ജോലി ദ്വാരപാലനമായിരുന്നതിനാൽ, അവിടെ താമസിച്ചിരുന്ന മിക്ക കുടുംബങ്ങളുമായി അടുത്തു പരിചയപ്പെടുന്നതിനു ഞങ്ങൾക്കു സാധിച്ചു. ഞങ്ങളുടെ സ്വന്തക്കാരെക്കാൾ മെച്ചമായി കത്തോലിക്കർ ഞങ്ങളോടു പെരുമാറുന്നുവെന്നു ഒരു രാത്രി എന്റെ പിതാവു് അമ്മയോടു പറയുന്നതു ഞാൻ കേട്ടതു് ഇപ്പോഴും ഓർക്കുന്നുണ്ടു്. ഒരുപക്ഷേ കത്തോലിക്കാസഭയെപ്പററി, അഥവാ മതവ്യത്യാസങ്ങളെപ്പററി, ഞാൻ ആദ്യമായി ധരിച്ചതു് ആ അവസരത്തിലായിരുന്നിരിക്കണം.




ഫാത്തിമാനാഥ ഞാറയ്ക്കൽ

ഒരു കത്തോലിക്കനാകാനുള്ള എന്റെ ആദ്യത്തെ ആഗ്രഹം ഒരു അൾത്താരശുശ്രൂഷകനാകാനുള്ള ആഗ്രഹത്തിൽനിന്നുണ്ടായതാണെന്നു് ഞാൻ ഊഹിക്കുന്നു. എന്റെ അയിറിഷ് സുഹൃത്തായ ടിമ്മിയെപ്പോലെ കുപ്പായവും സർപ്ലീസും ധരിക്കുവാൻ ഞാൻ ഇഷ്ടപ്പെട്ടു. ആ ആകർഷകമായ കുപ്പായം ധരിക്കുന്നതിൽ ടിമ്മി എത്രമാത്രം അഭിമാനംകൊണ്ടിരുന്നു എന്നു ഞാൻ ഓർക്കുന്നുണ്ടു്. ടിമ്മി വൈദികന്റെ ഒപ്പം, പണക്കാരായ മററു കുട്ടികൾക്കു തുല്യനായി, ഇരുന്നിരുന്ന വസ്തുതയും ഞാൻ ഓർക്കുന്നുണ്ടു്. പിന്നീടു് എനിക്കു നല്ലവണ്ണം മനസ്സിലായ സഭയുടെ യഥാർത്ഥ ഡിമോക്രസിയുടെ ആദ്യസൂചനമായിരുന്നു അതു്.

എപ്പോഴെങ്കിലും ഞാൻ ഒരു കത്തോലിക്കാദേവാലയത്തിൽ ചെന്നാൽ, ധനവാന്മാരും ദരിദ്രന്മാരും അടുത്തടുത്തു് ഇരിക്കുന്നതു കാണുവാൻ സാധിക്കുന്നതായി ഞാൻ മനസ്സിലാക്കി. ധനവാന്മാർക്കുമാത്രമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു കത്തോലിക്കാദേവാലയം ഞാൻ ഒരിക്കലും കണ്ടിട്ടില്ല. കത്തോലിക്കാദേവാലയത്തിൽ എല്ലാത്തരക്കാർക്കും പ്രവേശനാനുവാദമുണ്ടു്. പിന്നീടു കത്തോലിക്കാസഭയിലെ വൈദികരും മെത്രാന്മാരുമായി പരിചയപ്പെട്ടപ്പോൾ, അവരിൽ അധികംപേരും ദരിദ്രകുടുംബങ്ങളിൽനിന്നുള്ളവരാണെന്ന വസ്തുത എന്നെ ആകർഷിക്കുകയുണ്ടായി.

ഞാൻ ഇന്നു് ഒരു കത്തോലിക്കനായിരിക്കാനുള്ള പ്രത്യക്ഷകാരണങ്ങളിലൊന്നു മാർഗരററു് മരിയ മക്ടേഗ്ഗ് ആണു്. അയിറിഷ് സൗന്ദര്യത്തിന്റെ ഒരു മാതൃകയായിരുന്നു അവർ. ആ കണ്ണുകളിലെ തിളക്കവും, അനായാസമായ പുഞ്ചിരിയും, അതുപോലെതന്നെ അനായാസമായ കണ്ണുനീരും. ഞങ്ങൾ തമ്മിലുള്ള വിവാഹം രെക്ടറിയിൽവെച്ചാണു നടന്നതു്. വിവാഹത്തിനു രണ്ടു ദിവസം മുൻപു് എന്റെ ആത്മമിത്രവും, ആ കാലത്തു് ന്യൂയോക്കു സ്റ്റേററു അസംബ്ലിയിൽ എന്റെ സഹപ്രവർത്തകനുമായിരുന്ന അൽ സ്മിത്തു് പറഞ്ഞ വചനങ്ങൾ ഞാൻ ഇപ്പോഴും ഓർക്കുന്നു: "ബോബ്, എന്തുകൊണ്ടു് അതു ശരിയായിട്ടുതന്നെ ചെയ്തുകൂടാ? നിങ്ങൾക്കുവേണ്ടിയും മാർഗ്ഗരററിനുവേണ്ടിയും ഒരാനുകൂല്യം ചെയ്യുക. വിവാഹത്തിനു മുൻപു നിങ്ങൾ ഒരു കത്തോലിക്കനാകുക." ഞാൻ അങ്ങനെ ചെയ്തിരുന്നെങ്കിൽ എന്നു പലപ്പോഴും ഓർത്തിട്ടുണ്ടു്. പക്ഷേ ദൈവേഷ്ടം അതാ

യിരുന്നില്ലായെന്നു ഞാൻ വിചാരിക്കുന്നു. അതെന്തായാലും അന്നു കത്തോലിക്കാസഭയിൽ പ്രവേശിക്കുവാൻ ഞാൻ ഒരുക്കമായിരുന്നില്ല. ഞാൻ അവസാനമായി ഒരു കത്തോലിക്കനാകുന്നതിനു പിന്നെയും നാല്പതുവർഷം കഴിയേണ്ടിയിരുന്നുവെന്നുള്ള ദൈവപ്രസാദത്തിന്റെ ഒരു അത്ഭുതമായി ഞാൻ വിചാരിക്കുന്നു.

ഞാൻ എന്റെ പല കത്തോലിക്കാ സുഹൃത്തുക്കളിലും കണ്ട് അഭിനന്ദിച്ചിരുന്ന സൽഗുണങ്ങളുടെയെല്ലാം മൂർത്തീകരണമായിരുന്നു എന്റെ ഭാര്യ. അവർ ജീവിതത്തെ പൂർണ്ണമായി ആസ്വദിച്ചു. എങ്കിലും അവർ അഗാധമായ മതഭക്തിയുള്ളവളുമായിരുന്നു. ശനിയാഴ്ചദിവസങ്ങളിൽ രാത്രി അകാലമാകുന്നതുവരെ ഞങ്ങൾ (സൽക്കാരങ്ങൾക്കുംമററും) പങ്കെടുക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ പാതിരാതൊട്ട് ഉപവാസമനുഷ്ഠിക്കുകയും വെളുപ്പിനു എഴുന്നേററു ദിവ്യപൂജ കാണുകയും ദിവ്യകാരുണ്യം കൈക്കൊള്ളുകയും ചെയ്യുക അവൾക്കു സ്വാഭാവികവും ലഘുസാധ്യവുമായിരുന്നു. മതം അവളുടെ ഒരംശമായിരുന്നു. അവൾ ചെയ്തിരുന്നതിലെല്ലാം അതു് അഭേദ്യമായി ദ്യോതിച്ചിരുന്നു. അതിന്റെ സ്വാഭാവികതയാണ് എന്നെ അധികം ആകർഷിച്ചതു്.

നിയമസഭ സമ്മേളിച്ചുകൊണ്ടിരുന്നപ്പോൾ അൽ സ്മിത്തും ഞാനും ഒരു മുറിയിലാണു താമസിച്ചിരുന്നതു്. അദ്ദേഹത്തെപ്പററി എനിക്കു വളരെ അഗാധമായ മതിപ്പാണ് എപ്പോഴും ഉണ്ടായിരുന്നതു്. ഭരണതന്ത്രം സംബന്ധിച്ച് അദ്ദേഹത്തോളം ജ്ഞാനം മററു യാതൊരാൾക്കും ഉണ്ടായിരുന്നില്ല. പരസ്യജീവിതത്തിലാകട്ടെ സ്വകാര്യജീവിതത്തിലാകട്ടെ, തന്റെ ജോലികളിലും തന്റെ ജീവിതത്തിലും ദൈവത്തിനുള്ള സ്ഥാനത്തെപ്പററി അദ്ദേഹത്തോളം മററാർക്കും ബോധ്യമുണ്ടായിരുന്നില്ല. ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റിന്റെ ബഡ്ജററിനെപ്പററിയോ, ഏതെങ്കിലും ഒരു വിദ്യുച്ഛക്തിയുല്പാദനപദ്ധതിയെപ്പററിയോ, എത്ര ലാഘവത്തോടുകൂടി അദ്ദേഹം പ്രസംഗിച്ചിരുന്നുവോ അത്ര സ്വാഭാവികമായിത്തന്നെ ദൈവത്തെപ്പററിയും ദൈവേഷ്ടത്തെപ്പററിയും അദ്ദേഹം പ്രസംഗിച്ചിരുന്നു. ചില ആളുകൾ ദൈവത്തെപ്പററിയും ദൈവത്തിന്റെ പ്രവൃത്തികളെപ്പററിയും ഉള്ള ചിന്തകൾ തങ്ങൾക്കും തങ്ങളുടെ കുടുംബങ്ങൾക്കും മാത്രമായി സംവരണം ചെയ്തുവെക്കുന്നു. പക്ഷേ അൽ സ്മിത്തു അവയെപ്പററി ആത്മാർത്ഥമായും ചർച്ച ചെയ്യുമായിരുന്നു. വിവിധവിഷയങ്ങളുടെ ചർച്ചയിൽ ഏതു സന്ദർഭത്തിലും മതത്തിനു സ്ഥാനമുണ്ടായിരുന്നു. ആരെങ്കിലും അതിൽ അസുഖം ഭാവിക്കുകയോ, അതു അസ്വാഭാവികമായിക്കരുതുകയോ ചെയ്തില്ല. അദ്ദേഹത്തിന്റെ ചർച്ചകൾ ഉന്നതവും സൗഹാർദ്ദപരവും ബുദ്ധിപൂർവകവുമായിരുന്നതാണു ഇതിനു കാരണം.

അൽ സ്മിത്തിന്റെ ബുദ്ധിശക്തി എന്നെ ആകർഷിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ചൈതന്യം എന്നെ കൂടുതൽ ആകർഷിച്ചിരുന്നു. ഞങ്ങൾ ഒരേമുറിയിൽ താമസിച്ച ആദ്യത്തെ രാത്രി ഞാൻ ഒരിക്കലും വിസ്മരിക്കുന്നതല്ല. മൻഹട്ടത്തു നടത്തിയ ഒരു രാഷ്ട്രീയസമ്മേളനത്തിൽ സംബന്ധിച്ച ശേഷം, വളരെ ദൂരം തീവണ്ടിയാത്ര കഴിച്ച് രാത്രി വളരെ അകാലമായതിനുശേഷമാണു ഞങ്ങൾ മടങ്ങിയെത്തിയതു്. മൂന്നു മണിക്കൂറിനുള്ളിൽ ഞങ്ങൾ വീണ്ടും ഉണരേണ്ടിയിരുന്നു. വന്നപാടേ ഞാൻ മൂടിപ്പുതച്ചു കിടന്നു. ഞാൻ നോക്കുമ്പോൾ അൽ സ്മിത്തു കൈയിൽ കൊന്തയുംപിടിച്ച് മുട്ടുകുത്തി നിൽക്കുന്നു!!

അൽ സ്മിത്ത് ഒരിക്കലും, ഒരു നിമിഷനേരത്തേക്കുപോലും, ദൈവത്തെ വിസ്മരിച്ചിരുന്നില്ല; പ്രസിഡൻറുസ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പുപ്രചരണവേഹളത്തിൽപ്പോലും. ആ തിരഞ്ഞെടുപ്പുപ്രചരണത്തിൽ ഒരു ഞായറാഴ്ച കുർബാന കാണുവാൻ തരപ്പെടാത്ത തരത്തിലായിരുന്നു പ്രചരണപരിപാടി. ആ പരിപാടി മുഴുവൻ നിർവഹിക്കേണ്ടതു രാഷ്ട്രീയമായി അത്യന്താപേക്ഷിതമായിരുന്നു. എങ്കിലും തനിക്കു കുർബാന കാണുവാൻ തരപ്പെടത്തക്കവണ്ണം ആ പരിപാടിയിൽ മാററംവരുത്തുവാൻ അദ്ദേഹം ആജ്ഞാപിച്ചു. ആ പള്ളിയിലെ വൈദികൻ കുർബാനയ്ക്കുശേഷം അദ്ദേഹത്തെ അഭിവാദ്യംചെയ്തു. താൻ ജീവിതകാലം മുഴുവൻ ഒരു റിപ്പബ്ലിക്കൻ ആയിരുന്നെന്നും, അൽ സ്മിത്തു ആ പള്ളി സന്ദർശിച്ചുവെന്നുള്ളകൊണ്ടു മാത്രം തന്റെ അഭിപ്രായം മാററുവാൻ പോകുന്നില്ലെന്നും വൈദികൻ പറഞ്ഞു!!

അൽ സ്മിത്തിനു എന്റെനേരെയുണ്ടായിരുന്ന നിഷ്കളങ്കമായ സൗഹാർദ്ദമാണു്, മുപ്പതുകൊല്ലം മുൻപു നിഷ്ഠാവതിയായ എന്റെ ഭാര്യയുടെ ഹൃദയത്തിൽ കുടികൊണ്ടിരുന്നതെന്നു് എനിക്കറിയാമായിരുന്ന അപ്രകാശിതങ്ങളായ പ്രാർത്ഥനകളെ, എപ്പോഴും എന്റെ മനോമുകുരത്തിൽ പ്രതിഫലിപ്പിച്ചുകൊണ്ടിരുന്നതു്. എന്റെ മാനസാന്തരത്തിനുവേണ്ടിയുള്ള അവളുടെ പ്രാർത്ഥനകളെപ്പററി അദ്ദേഹത്തിനു് അറിയാമായിരുന്നു. അവളുടെ മരണശേഷം അദ്ദേഹം ആ പ്രാർത്ഥനകൾ തുടർന്നുകൊണ്ടിരുന്നു. കർദ്ദിനാൾ ഹെയ്സിന്റെ സ്മാരകമായി കാത്തലിക് ചാരിററിസ് നടത്തിയ ഡിന്നർസൽക്കാരവേളയിലാണെന്നു തോന്നുന്നു അൽ സ്മിത്തു എന്നോടു പറഞ്ഞു: "ബോബ്, നിങ്ങൾ അതു ചെയ്യുന്നതിനുള്ള സമയം ആയിട്ടില്ലേ? എന്റെ പ്രാർത്ഥനകൾക്കു വേഗം ഫലം കിട്ടേണ്ടിയിരിക്കുന്നു." വേഗംതന്നെ ഫലം കിട്ടി; പക്ഷേ അപ്പോഴേക്കും അൽ സ്മിത്തു തന്റെ നിത്യസമ്മാനം സ്വീകരിക്കുന്നതിനായി പൊയ്ക്കഴിഞ്ഞിരുന്നു.

രോഗാവസരത്തിലും മരണവേളകളിലുമാണു നമ്മുടെ വിശ്വാസത്തിന്റെ ശക്തി കൂടുതൽ പ്രകടമാകുന്നതു്. മഹത്തായ സമാശ്വാസം അതു പ്രദാനം ചെയ്യുന്നതായി അനുഭവപ്പെടുന്നു. എന്റെ ഭാര്യ മരണത്തിനുമുൻപു കുറേക്കാലം സുഖക്കേടായി കിടന്നു. എങ്കിലും മരണമടയുന്നതുവരെ എല്ലാ ഞായറാഴ്ചയും രാവിലെ സെൻറ് ഇഗ്നേഷ്യസ് ലയോളാപ്പള്ളിയിൽ പോകുന്നതിനു അവൾ ശ്രദ്ധയുള്ളവളായിരുന്നു. രോഗത്തിൽനിന്നു വിമുക്തയാകുകയില്ലെന്നു് അവൾക്കറിയാമായിരുന്നു. എന്നിട്ടും അവളുടെ മതവിശ്വാസം, അവളെ സംതൃപ്തയാക്കുകയും, അവസാനംവരെ അവൾ ആനന്ദവതിയായിരിക്കുകയും ചെയ്തു. കത്തോലിക്കാമരണം എത്രയോ പരിശുദ്ധമായ ഒന്നാകുന്നു. അതു ദൈവേഷ്ടത്തിന്റെ ഒരു പ്രകാശനമായിരിക്കുന്നു. അകത്തോലിക്കാസുഹൃത്തുക്കളുടെ ശവസംസ്കാരവേളകളിൽ എനിക്കനുഭവപ്പെടാറുള്ള ഭയജനകമായ ശൂന്യത കത്തോലിക്കാശവസംസ്കാരങ്ങളിൽ ഏതോ എനിക്കനുഭവപ്പെട്ടിട്ടില്ല.

(തുടരും)

## സഭാവസ്ത്രദാനം

മുണ്ടംവേലിയിലെ 'അഗതികളുടെ സഹോദരികൾ' എന്ന സന്യാസസഭയിൽപ്പെട്ട 12 അർത്ഥിനികൾക്കു് ജാനുവരി 7-ാംനു- എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ആലുവാ സെൻറ് മേരീസ് ഹൈസ്കൂൾ കപ്പേളയിൽവച്ച് സഭാവസ്ത്രം പ്രദാനം ചെയ്തിരിക്കുന്നു. തദവസരത്തിൽ റവ. ഫാ. പോൾ കഴിക്കാട്ടു ബി. എ. ഒരു പ്രസംഗം ചെയ്യുകയുണ്ടായി.

## ചരമം

വീരാംഗനി, ഡോറാ, ഗിരിഗീത, ക്രിസ്തുഗീത, ആത്മാർപ്പണം, അപ്പസ്തോലന്മാർ, സെൻറ് പോൾ, സെൻറ് ഫ്രാൻസിസ് സേവ്യർ, മഹാത്മജി എന്നിങ്ങനെ പല ഗദ്യപദ്യകൃതികളുടെ കർത്താവായ മി. ഇ. എ. കാർലോസ് നാഗർകോവിൽ ക്ഷയാശുപത്രിയിൽവച്ച് നിര്യാതനായിരിക്കുന്നു.

R. I. P.

വേദശാസ്ത്രപംക്തി

# പാപസങ്കീർത്തനം

### ദിവ്യസ്ഥാപനം

### IX

യുക്തിയുക്തമായി ആലോചിച്ചാൽ കൂദാശാപരമായ പാപപോച്ചാരണരീതി സഭയുടെ നടപടിക്രമത്തിൽ കാലാന്തരത്തിൽ കുത്തിച്ചെലുത്തപ്പെട്ടതല്ലെന്നും, അങ്ങനെ കുത്തിച്ചെലുത്തുക സാധ്യമായിരുന്നില്ലെന്നും നിഷ്പ്രയാസം ഗ്രഹിക്കാം. ആകയാൽ അതിന്റെ ഉത്ഭവം ദൈവികംതന്നെയാണെന്നു സമ്മതിച്ചേ മതിയാവൂ.

ശ്ലീഹന്മാരുടെ കാലത്തിനുശേഷമാണു പ്രസ്തുത സമ്പ്രദായത്തിന്റെ സമാരംഭം എന്നു ആരെങ്കിലും വാദിച്ചാൽ, ആ കാലഘട്ടം ചൂണ്ടിക്കാണിക്കേണ്ട ഭാരം അയാൾക്കുണ്ട്. എന്നാൽ ഇരുപതാം നൂററാണ്ടുമുതൽ പുറകോട്ടു ഒന്നാംനൂററാണ്ടുവരെയുള്ള സഭാചരിത്രത്തിൽ അത്തരത്തിലുള്ള ഒരു നവീകരണത്തിന്റെ കാൽപ്പാടുകൾ കണ്ടെത്തുകയില്ല. അടുത്തകാലത്തൊന്നുമല്ല അതിന്റെ ആരംഭമെന്നു ആരും സമ്മതിക്കും. പതിനാറാം നൂററാണ്ടിലായിരിക്കുമോ? പക്ഷേ ത്രെന്തിനോസ് സൂനഹദോസ് സാക്ഷിക്കുന്നു, പാപസങ്കീർത്തനം പ്രാചീനവും ബഹുമാന്യവുമായ ഒരു കൂദാശയാണെന്നു്. പ്രോട്ടസ്റ്റൻറു മതവിപ്ലവത്തിന്റെ നേതാവായിരുന്ന ലൂഥർപോലും സമ്മതിച്ചു പറയുന്നു: "ഇക്കാലത്തു പ്രചാരത്തിലിരിക്കുന്ന തരത്തിലുള്ള സ്വകാര്യപാപപോച്ചാരണം പ്രയോജനപ്രദമാണ്, പോരാ ആവശ്യമാണ്; വേദനിക്കുന്ന മനസ്സാക്ഷികൾക്കുള്ള ഉപശാന്തിയാകയാൽ അതു ഞാൻ വേണ്ടെന്നുവെക്കുകയില്ല." എട്ടാം ഹെൻറിതന്നെയും സഭയുമായി പിണങ്ങിപ്പിരിയുന്നതിനുമുമ്പു കുമ്പസാരമുൾപ്പെടെയുള്ള കൂദാശകളെ സമർത്ഥിച്ചുകൊണ്ടു ഒരു ഗ്രന്ഥം രചിക്കയുണ്ടായി.

13-ാം നൂററാണ്ടിലുമല്ല അതിന്റെ ഉത്ഭവം. 1215-ൽ കൂടിയ നാലാം ലാത്തരൻ സൂനഹദോസ് ആണ്ടിലൊരിക്കൽതന്നെയെങ്കിലും വിശ്വാസികൾ കുമ്പസാരിക്കണമെന്നൊരു നിയമം നിർബന്ധമാക്കി. ഈ കല്പനതന്നെ പാപസങ്കീർത്തനം സർവ്വത്ര പ്രയോഗത്തിലിരുന്നിരുന്നു എന്നതിനു അനിഷേധ്യമായ തെളിവല്ലയോ? ചില പ്രോട്ടസ്റ്റൻറു ഗ്രന്ഥകർത്താക്കൾ ലാത്തരൻ സൂനഹദോസിന്റെ പ്രസ്തുത നിബന്ധനയെ തെററായി വ്യാഖ്യാനിച്ചുകൊണ്ടു പറയുന്നതു്, 13-ാം നൂററാണ്ടുവരെയും റോമാസഭയിൽ പാപപോച്ചാരണം ആവശ്യമില്ലായിരുന്നു എന്നാണ്. എന്നാൽ ഒരു നിശ്ചിതകാലാവധിക്കപ്പുറം കുമ്പസാരം നീട്ടിക്കൊണ്ടുപോകുന്നതിനെ നിരോധിക്കമാത്രമേ സൂനഹദോസ് ചെയ്തുള്ളു.

9-ാം നൂററാണ്ടിലാണല്ലോ ഫോസിയൂസിന്റെ നേതൃത്വത്തിൽ ഗ്രീക്ക് ശീശ്മ ആവിർഭവിച്ചതു്. അന്നുതുടങ്ങി ഇന്നോളം കത്തോലിക്കാസഭയുമായി അവർക്കു യാതൊരു വേഴ്ചയുമില്ല. എന്നിരുന്നാലും രഹസ്യപാപനിവേദനത്തെക്കുറിച്ചുള്ള സിദ്ധാന്തത്തിൽ കത്തോലിക്കരുടേതുപോലെതന്നെയാണ് അവരുടേയും നിലപാട്.

അതേന്യായത്താൽത്തന്നെ പാപസങ്കീർത്തനം നാലാം നൂററാണ്ടിലോ അഞ്ചാംനൂററാണ്ടിലോ ഏർപ്പെടുത്തപ്പെട്ടതാവാൻ തരമില്ല. ആര്യന്മാർ, നെസ്തോറിയന്മാർ, ഏകസ്വഭാവവാദികൾ ആദിയായവർ സഭയിൽ നിന്നകന്നുപോയതു ആ കാലഘട്ടങ്ങളിലാണ്. നെസ്തോറിയന്മാരും ഏകസ്വഭാവവാദികളും ഇന്നും പേർഷ്യാ, അബിസീനിയാ, കേരളം എന്നീ പ്രദേശങ്ങളിൽ അധിവസിക്കുന്നുണ്ട്. അവരും പാപസങ്കീർത്തനത്തെ ഒരു പരിപാവനനടപടിക്രമമായി പരിപാലിച്ചുവരുന്നതായി കാണാം.

അവസാനമായി ഒന്നുമുതൽ നാലാം നൂററാണ്ടുവരെയുള്ള കാലയളവിലും ഇത്ര ഗുരുതരമായൊരു നവീകരണം ഉൽഘാടനംചെയ്യുക സാദ്ധ്യമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ ദിവ്യരക്ഷകന്റേയും അദ്ദേഹശിഷ്യഗണത്തിന്റേയും അദ്ധ്യാപനങ്ങളും ഉപദേശങ്ങളും ക്രൈസ്തവസമുദായമദ്ധ്യേ അന്നു അത്രമാത്രം അഭിനവമായിട്ടാണു പരിലസിച്ചിരുന്നതു്. വെളിപാടിൽ ഉൾപ്പെടാത്ത ഏതെങ്കിലും നവീനസിദ്ധാന്തം ഔദ്ധത്യപൂർവ്വം അവതരിപ്പിക്കുവാൻ അന്നു ആരെങ്കിലും മുതിരുകയോ, ആരെങ്കിലും മുതിർന്നാൽതന്നെയും അതു മററുള്ളവർ വകവെച്ചുകൊടുക്കുകയോ ചെയ്യുമായിരുന്നില്ല.

മാത്രമല്ല, അപ്പസ്തോലന്മാരുടെ കാലശേഷം, അവരിരിക്കുമ്പോൾതന്നെ സഭാനടപടിക്രമത്തിലില്ലാതിരുന്നുവെങ്കിൽ പാപസങ്കീർത്തനം ഒരിക്കലും പുതിയതായി ഏർപ്പെടുത്തുവാൻ കഴിയുമായിരുന്നില്ല. ഏതെങ്കിലുമൊരു പുതിയ സിദ്ധാന്തം ഒന്നുകിൽ പെട്ടെന്നോ, അല്ലെങ്കിൽ ക്രമശഃ സാവധാനത്തിലോ സഭാപാരമ്പര്യത്തിൽ പ്രവേശിച്ചെന്നുവരാം. ഏതു മാർഗ്ഗത്തിലൂടെയായാലും പാപസങ്കീർത്തനസ്ഥാപനം കേവലം അസാദ്ധ്യമായിരുന്നു.

ഒരു ദിവസംകൊണ്ടെന്നോണം ക്രൈസ്തവലോകത്തിന്മേലാസകലം പാപോച്ചാരണസമ്പ്രദായം കെട്ടിയേല്പിക്കപ്പെട്ടുവെന്നു വിചാരിക്കുന്നതിൽപ്പരം അസംബന്ധമില്ല. സുബദ്ധമായാലും അബദ്ധമായാലും മതബോദ്ധ്യങ്ങൾ ജനതാമദ്ധ്യത്തിൽനിന്നു നിഷ്കാസനം ചെയ്യുവാനോ, ജനങ്ങളുടെ ഇടയിൽ പ്രതിഷ്ഠിക്കുവാനോ അത്ര എളുപ്പമല്ലെന്നു മനുഷ്യപ്രകൃതി പരിചയമുള്ളവർക്കു നന്നായി അറിയാം

കുറേശ്ശെ കുറേശ്ശെയായി പ്രസ്തുതസിദ്ധാന്തം സഭാതത്വസംഹിതയിലേക്കു ഊർന്നെത്തിയതാണെന്നു സങ്കല്പിക്കുന്നതും യുക്തിവിരുദ്ധമാണ്. സഭാപാരമ്പര്യത്തെ കളങ്കമേല്ക്കാതെയും പ്രമാദലേശാതെയും അഭംഗമായി സംരക്ഷിപ്പാൻ സഭാപിതാക്കന്മാർ എത്രമാത്രം ജാഗരൂകരായിരുന്നു എന്നാലോചിച്ചാൽമതി ഇപ്പറഞ്ഞതിന്റെ യാഥാർത്ഥ്യം ഗ്രഹിപ്പാൻ. പ്രസ്തുത കർത്തവ്യനിർവ്വഹണത്തിൽ എന്തു ത്യാഗം സഹിപ്പാനും, പീഡനമേല്ക്കുവാനും, പ്രവാസജീവിതവും മരണംതന്നെയും കൈവരിപ്പാനും അവർക്കുണ്ടായിരുന്ന സന്നദ്ധത ചരിത്രപ്രസിദ്ധമാണല്ലോ. സഭാപ്രാകാരത്തിന്റെ വീരസംരക്ഷകരായ ആ ധീരയോദ്ധാക്കൾ ദൈവഭവനത്തിന്റെ ശ്രീകോവിലിൽപ്പോലും സത്യത്തിന്റെ ശത്രുവിനു നിർബ്ബാധം പ്രവേശനമനുവദിച്ചുവെന്നൂഹിക്കാമോ? പാരമ്പര്യസിദ്ധമായ തത്വസഞ്ചയത്തിലും ആചാരക്രമത്തിലും നിസ്സാരമായ വ്യതിയാനംപോലും അവർക്കു അസഹ്യമായിരുന്നുവെങ്കിൽ ഇത്ര പ്രക്ഷോഭകരമായൊരു നവീകരണം അവർ കണ്ണടച്ചു വകവെച്ചുകൊടുത്തു എന്നു പറയാമോ?

പാപസങ്കീർത്തനം വെറും താത്വികമായ ഒരു സിദ്ധാന്തമല്ല; പ്രത്യുത, അത്യധികം പ്രായോഗികപ്രാധാന്യമുള്ള ഒരു സിദ്ധാന്തമാണ്; മനുഷ്യരുടെ അനുദിനചര്യകളെ ഗാഢമായി സ്പർശിക്കുന്ന ഒരു സിദ്ധാന്തമാണ്; ലോകമാസകലം അനേകായിരങ്ങൾ ദൈനംദിനമെന്നോണം ഉപയോഗപ്പെടുത്തിവരുന്ന ഒരു കൂദാശയാണ്. മാത്രമല്ല, മനുഷ്യപ്രകൃതിക്കു അങ്ങേഅററം അരോചകമായൊരു സിദ്ധാന്തംകൂടിയാണിതെന്നുള്ളതും മറക്കുകവയ്യ. ആകയാൽ ഏതു മാനുഷികാധികാരവും എത്ര പരിശ്രമിച്ചാലും മനുഷ്യകുലത്തിന്മേൽ ചെലുത്തുവാനാവാത്ത ഒന്നാണിതു്. സർവ്വശക്തനിൽ കുറഞ്ഞോരാർക്കും താദൃശമൊരു നിയമത്തിനു മാനവസമുദായത്തെ കീഴ്പ്പെടുത്തുവാൻ സാദ്ധ്യമല്ല. ഈ ന്യായങ്ങളുംകൂടിപരിഗണിക്കുമ്പോൾ മേല്പറഞ്ഞ വാദമുഖങ്ങളുടെ ശക്തി ശതഗുണീഭവിക്കുന്നതായി കാണാം.

ഏവംവിധം പ്രസ്തുതവിഷയത്തിന്റെ ഏതുവശം പരിശോധിച്ചുനോക്കിയാലും അനിവാര്യവും അനിഷേധ്യവുമായ നിഗമനം ഇതാണ്—കൂദാശാപരമായ പാപനിവേദനം മനുഷ്യന്റെ സങ്കല്പസൃഷ്ടിയല്ല; ഈശോമിശിഹായുടെ പ്രത്യക്ഷസ്ഥാപനമാണ്.

(പി. കെ.)

കർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സർപ്ലിസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിവക്സ്, ബ്രോഡ്‌വെ- എറണാകുളം

# പ്രതീക്ഷിക്കാത്ത പ്രത്യുത്തരം

(വെരി റവ. ഡോക്ടർ പോൾ കാക്കശേരി പിഎച്ച്. ഡി., ഡി. ഡി.)

രക്തസാക്ഷികളുടെ ഓരോ ചോരത്തുള്ളിയും ക്രിസ്ത്യാനികളെ മുളപ്പിക്കുന്ന വിളവൊത്ത വിത്താണെന്നാണല്ലോ ആപ്തവാക്യം. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഈ മഹദ്വചനം ജപ്പാനിൽ അത്ഭുതാവഹമാംവിധം അന്വർത്ഥമായിക്കൊണ്ടിരിക്കയാണു്. ക്രിസ്ത്യാനികളുടെ ചുടുനിണത്തിൽ മുങ്ങിക്കുളിച്ച പ്രസ്തുതനാട്ടിൽ ക്രിസ്തുമതസിദ്ധാന്തങ്ങളറിയുവാനും അംഗീകരിക്കുവാനുമുള്ള ജിജ്ഞാസയും താല്പര്യവും രാജകൊട്ടാരംമുതൽ ചെററക്കുടിൽവരെ പ്രകടമായി പ്രത്യക്ഷപ്പെടുവാൻ തുടങ്ങീട്ടുണ്ടു്. ഭരണമേധാവികൾപോലും കൂടുതൽ മിഷനറിമാരെ "ഉദയസൂര്യന്റെ നാട്ടിലേക്കു" സാദരം ക്ഷണിച്ചുകൊണ്ടിരിക്കുന്നു. ഇതിൽ പിശാചിനും കൂട്ടാളികൾക്കും ഉളവായിട്ടുള്ള അസൂയയും അമർഷവും അവർണ്ണ്യമാണു്. ജപ്പാനിലെ ഒരു പ്രമുഖപട്ടണമായ ഹിമേജിയിലെ നഗരസഭാധിപനു അമേരിക്കയിലെ നിരീശ്വരസംഘത്തിലെ ഒരംഗം ഈയിടെ അയച്ച ഒരെഴുത്തു ഇപ്പറഞ്ഞതിനു മകുടോദാഹരണമായെണ്ണാം.

ഹിമേജിയിലെ മേയറായ എം. ഇഛാമി ഒരു ബുദ്ധമതാനുയായിയാണു്. നിരീശ്വരന്റെ ലേഖനോദ്ദേശ്യം പ്രസ്തുത നഗരത്തിൽ കത്തോലിക്ക മിഷനറിമാരേയും അവരുടെ പ്രവർത്തനങ്ങളേയും പാടെ നിരോധിക്കണമെന്നതായിരുന്നു. കത്തോലിക്കമതം അവലംബിച്ച മററു പല രാജ്യങ്ങളും പിന്നീടു പാരം പശ്ചാത്തപിക്കേണ്ടിവന്നിട്ടുണ്ടു്. കത്തോലിക്കസഭ ആധിപത്യം വഹിക്കുന്ന സ്ഥലങ്ങളിലൊന്നും മാനവസ്വാതന്ത്ര്യത്തിനശേഷം സ്ഥാനമില്ല. പോരെങ്കിൽ എവിടെയും കൊടുംപട്ടിണി നടമാടുന്നതായും കാണാം. പാവങ്ങളെ പറഞ്ഞു മിരട്ടി അവരിൽനിന്നു പരമാവധി പണം പിടുങ്ങുവാൻ കത്തോലിക്കസഭയ്ക്കുള്ള നൈപുണ്യം അത്യസ്സാധാരണമാണു്. ഇതൊക്കെയായിരുന്നു അദ്ദേഹത്തിന്റെ അഭ്യർത്ഥനയെ പിന്താങ്ങുവാനുന്നയിച്ചിരുന്ന ന്യായവാദങ്ങൾ!

ബൽജിയത്തിൽനിന്നെത്തീട്ടുള്ള മറിയത്തിന്റെ വിമലഹൃദയസഭക്കാരായ ഏതാനും വൈദികന്മാർ അവിടെ മിഷൻപ്രവർത്തനം സമാരംഭിച്ചിട്ടുണ്ടെന്നു മേയർ ഇവാമി തന്റെ മറുപടിക്കത്തിൽ സമ്മതിച്ചുപറയുകയുണ്ടായി. ജപ്പാൻകാരുടെ ഒരു മുൻതടവുകാരനായിരുന്ന ഫാദർ ജോസഫ് സ്റ്റെയാനു് അവരുടെ അതിശ്രേഷ്ഠൻ.

അദ്ദേഹം തുടരുന്നു: "ആ ബുദ്ധമഹർഷിയും താങ്കളെപ്പോലൊരു നിരീശ്വരനായിരുന്നു. എന്നുവെച്ചാൽ അദ്ദേഹം ഒരു പരമസത്തയുടേയോ ആത്മാവിന്റേയൊ ആസ്തിക്യത്തെ അംഗീകരിച്ചിരുന്നില്ല. എന്നിരുന്നാലും അവയോടദ്ദേഹം എതിർക്കുകയുണ്ടായില്ല."

എബ്രാഹം ലിങ്കൺ, തോമസ് ജെഫേർസൻ, ബഞ്ചമിൻ ഫ്രാങ്ക്ളിൻ ആദിയായ അമേരിക്കൻ പ്രസിഡണ്ടുമാർ ദൈവത്തെ നിഷേധിക്കുന്നതായി ലേഖകൻ പ്രസ്താവിച്ചിരുന്നു. ഇതിൽ വിസ്മയം പ്രകടിപ്പിച്ചുകൊണ്ടു മേയർ ഇവാമി എഴുതുന്നു: "ഐക്യനാടുകളുടെ രാഷ്ട്രപിതാക്കളായി പരിലസിക്കുന്ന ആ മഹാശയന്മാർ ഈശ്വരഭയമുള്ള ആളുകളായിരുന്നു എന്നാണു ജപ്പാനിൽ ഉടനീളമുള്ള പൊതുധാരണ. ഞങ്ങൾക്കു തെററിപ്പോയെന്നു താങ്കൾ ശഠിക്കുന്നു. എന്നാൽ പിന്നെ എന്തിനാണു ലിങ്കൺ അദ്ദേഹത്തിന്റെ പ്രസിദ്ധമായ ജെററിസ്ബർഗ്ഗ് പ്രസംഗത്തിൽ, "ഈ രാഷ്ട്രം ദൈവത്തിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യത്തിന്റെ ഒരു പുത്തൻപിറപ്പിന്നവകാശിയാകും," എന്നു ശപഥംചെയ്തതു്? "വെച്ചൊഴിയുവാൻ വയ്യാത്ത ചില മൗലികാവകാശങ്ങളാൽ സകല മനുഷ്യരും അവരുടെ സ്രഷ്ടാവിനാൽ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു" എന്നു സ്വാതന്ത്ര്യപ്രഖ്യാപനത്തിൽ എഴുതിപ്പിടിപ്പിക്കുവാൻമാത്രം ജെഫേർസൻ വകതിരിവില്ലാത്തവനായിത്തീർന്നതെന്തുകൊണ്ടാണു്? "സ്വയംസഹായിക്കുന്നവരെ ദൈവവും സഹായിക്കുന്നു," എന്നു രേഖപ്പെടുത്തിയ ഫ്രാങ്ക്ളിനു സ്ഥിരബുദ്ധിയുണ്ടായിരുന്നുവോ?

നിങ്ങളുടെ അവസാനത്തെ രണ്ടു പ്രസിഡണ്ടുമാരും ഈശ്വരനിഷേധകന്മാരെന്നു പറയപ്പെടുന്ന ആ രാഷ്ട്രപിതാക്കളെ അനുഗമിക്കാത്തതെന്തുകൊണ്ടാണെന്നു വ്യക്തമാക്കിത്തരാമോ?

1941 ജനുവരി 6-ാംനു- പ്രസിഡണ്ടു റൂസവെൽററ് കോൺഗ്രസ്സിലേക്കയച്ച ഒരു സന്ദേശത്തിൽ ഭൂമുഖത്തെവിടെയും ആൾക്കും യഥേഷ്ടം ദൈവത്തെ ആരാധിപ്പാനുള്ള സ്വാതന്ത്ര്യം അവകാശപ്പെടുകയുണ്ടായി. പ്രസിഡണ്ടു ട്രൂമനാകട്ടെ ഈശ്വരനെപ്പററി പലപ്പോഴും പരസ്യമായി പ്രസ്താവിക്കയും, അവിടത്തെ സഹായമഭ്യർത്ഥിക്കയും ചെയ്യുന്നു. താങ്കൾ പറയുന്നതു വാസ്തവമാണെങ്കിൽ ഇവരൊക്കയും പരമവിഡ്ഢികളായിരിക്കണമല്ലൊ.

അഹംഭാവത്തിൽനിന്നും അജ്ഞതയിൽനിന്നും നാമ്പെടുത്ത വർഗ്ഗീയവാദം, സൈനികകാധിപത്യം, മതസ്വാതന്ത്ര്യനിഷേധം—ഞങ്ങളുടെ അധഃപതനത്തിനു നിദാനഭൂതമായ ഈ തിന്മകളെ ഞങ്ങൾ വെറുക്കുന്നു. മുമ്പത്തെ ഭരണകൂടത്തിന്റെ വൈരികൾ എല്ലാകാലത്തും ഞങ്ങളുടെ അജ്ഞാതരെങ്കിലും യഥാർത്ഥസുഹൃത്തുക്കളായിരുന്നു എന്നാണു ഞങ്ങളിൽ പലരുടേയും അഭിപ്രായം. ജപ്പാൻ സേനയുടെ കൈകളിൽനിന്നു കത്തോലിക്കസഭയെപ്പോലെ ഇത്ര നിരന്തരമായും നിഷ്ഠുരമായും പീഡനമേല്ക്കേണ്ടിവന്ന വേറൊരു സ്ഥാപനവുമില്ല. എന്നിട്ടും അന്യാദൃശമായ ഏതോ ഒരാദർശത്താൽ ആനീതരായും, തങ്ങളുടെ പരമഗുരുവിന്റെ ആജ്ഞയെ അവഗണിക്കുന്നതിനെക്കാൾ മരണം കൈവരിക്കുവാൻ സന്നദ്ധരായും അവരുടെ സന്ദേശവാഹകർ നിർബന്ധബുദ്ധിയാലെന്നോണം ഞങ്ങളുടെ പ്രദേശങ്ങളിൽ വന്നുകൊണ്ടിരിക്കുന്നു. മഞ്ചൂറിയായിൽ ഞാൻ അവരെ കണ്ടിട്ടുണ്ടു്. ജപ്പാനിലെക്കാൾ കൂടുതൽ സ്വാതന്ത്ര്യമുണ്ടവർക്കവിടെ. ആൾക്കും വേണ്ടാതെ പെരുവഴിയിലുപേക്ഷിക്കപ്പെട്ട പൈതങ്ങളേയും, വൃദ്ധാതുരരേയും, രോഗികളേയും സ്നേഹപൂർവ്വം അവർ സംരക്ഷിച്ചുവരുന്നു. കൈയിലുള്ളതെല്ലാം കൊടുത്തു കളഞ്ഞുകൊണ്ടു പണമുണ്ടാക്കുവാനുള്ള പരിശ്രമം തീർച്ചയായും കൗതുകാവഹമായൊരു കൗശലംതന്നെ!"

മറിയത്തിന്റെ വിമലഹൃദയസഭക്കാരായ വൈദികന്മാർ തന്റെ നഗരത്തിൽ ഒരു സൗജന്യഡിസ്പെൻസറി സ്ഥാപിച്ചു് പ്രവർത്തനം നടത്തുന്നുണ്ടെന്നും, ഒരാസ്പത്രി പണിയുവാൻ അവർ പ്ലാനിട്ടുവരികയാണെന്നും മേയർ ഇവാമി ആ നിരീശ്വരനെ അറിയിച്ചു. ഹിമേജിയിലുള്ള മററു പല പരോപകാരപ്രസ്ഥാനങ്ങളേയും ഉദാരസംഭാവനകൾ നൽകി സഹായിച്ചുകൊണ്ടു തന്റെ സന്മനോഭാവം പ്രകടിപ്പിക്കുവാൻ അദ്ദേഹം അയാളെ സൗമനസ്യപൂർവ്വം ക്ഷണിക്കയും ചെയ്തു.

പ്രതീക്ഷിക്കാത്ത പ്രസ്തുത പ്രത്യുത്തരം പര്യവസാനിക്കുന്നതിങ്ങനെയാണു്: "ഏതായാലും ഇത്രമാത്രം അധിക്ഷേപിക്കപ്പെടുകയും എന്നാൽ എത്രയും സ്നേഹിക്കപ്പെടുകയും ചെയ്യുന്ന കത്തോലിക്കസഭയെപ്പോലുള്ള ഒരു മതം എന്റെ കൂടുതൽ ശ്രദ്ധാപൂർവ്വമായ പഠനത്തെ അർഹിക്കുന്നുണ്ടെന്നാണു എന്റെ ദൃഢമായ ബോദ്ധ്യം. താങ്കൾ പുറപ്പെടുവിച്ച വാദമുഖങ്ങളെക്കുറിച്ചു് എനിക്കു സ്വന്തമായൊരു തീരുമാനം കണ്ടെത്തണം. ആകയാൽ പ്രസ്തുത മതവിശ്വാസത്തെക്കുറിച്ചു എന്നെ പ്രബോധിപ്പിക്കുവാൻ ഞാനൊരു പുരോഹിതനെ ക്ഷണിച്ചിട്ടുണ്ടു്. ഏറെത്താമസിയാതെ തന്നെ എന്റെ അദ്ധ്യയനഫലം താങ്കളെ അറിയിക്കുവാനിടവരുമെന്നാണു എന്റെ പ്രതീക്ഷ."

# റോമാ വാർത്തകൾ

(സ്വന്തം ലേഖകൻ)

ജാനുവരി 1-ാംനു- പരിശുദ്ധ പിതാവു് ജർമ്മനി, ബ്രസീൽ, അർജൻറീന, അമേരിക്കൻ ഐക്യനാടുകൾ, ഐർലണ്ടു്, സ്വിററ്സർലണ്ടു്, ഇററലി എന്നീ ഏഴു രാജ്യങ്ങളിൽനിന്നുള്ള വിശുദ്ധവത്സരതീർത്ഥകരെ ഉദ്ദേശിച്ചു് ആഘോഷമായ ദിവ്യപൂജയർപ്പിക്കയുണ്ടായി. ദിവ്യപൂജ ആരംഭിക്കുന്നതിനു മുമ്പും പരിശുദ്ധ പിതാവു് തീർത്ഥകർക്കു നവവത്സരമംഗളങ്ങൾ ആശംസിച്ചു.

നവവത്സരദിനത്തിൽ പ്രോപ്പഗാന്താ കോളെജിലെ 12 വൈദികവിദ്യാർത്ഥികൾക്കു പുരോഹിതപട്ടം നല്കപ്പെട്ടു. അവരിൽ 2 പേർ ഇൻഡ്യാക്കാരും 2 പേർ സിലോൺകാരുമാണു്. ഇൻഡ്യാക്കാരിലൊരാൾ തൃശ്ശൂർരൂപതയിൽനിന്നും വിജയപുരം രൂപതയിൽ ചേർന്ന റവ. ഫാ. ആൻറണി വാഴപ്പിള്ളിയാണു്. ജാനുവരി 3-ാംനു- അദ്ദേഹം വത്തിക്കാൻറേഡിയോ മുഖേന സ്വകുടുംബാംഗങ്ങളെയും മററും ആശീർവ്വദിച്ചുകൊണ്ടുള്ള ഒരു സന്ദേശം മലയാളത്തിൽ പ്രക്ഷേപണംചെയ്യുകയുണ്ടായി. ഇൻഡ്യയിലും സിലോണിലും നിന്നുള്ള മററു നവവൈദികരും മേൽപ്രകാരം അവരവരുടെ മാതൃഭാഷയിൽ സന്ദേശങ്ങൾ പ്രക്ഷേപണംചെയ്തു.

ജാനുവരി 2-ാംനു- പരിശുദ്ധ പിതാവു് അർജൻറീനായിലെ മെത്രാന്മാർക്കു സന്ദർശനമനുവദിച്ചു. അന്നുതന്നെ അർജൻറീനായിൽ നിന്നു ആഗതരായിരുന്ന 450 തീർത്ഥകർ, റൊസാരിയോ മെത്രാപ്പോലീത്തായായ കാർഡിനൽ അൻേറാണിയോ ഗാഗിയാനോയുടെ നേതൃത്വത്തിൽ ജൂബിലിദണ്ഡവിമോചനം പ്രാപിക്കുന്നതിനായി വി. പത്രോസിന്റെ ദേവാലയം സന്ദർശിക്കുകയുണ്ടായി. പ്രസ്തുത തീർത്ഥയാത്രാസംഘം കഴിഞ്ഞ ഡിസംബർ 31-ാംനു- നേപ്പിൾസ് സന്ദർശിച്ചപ്പോൾ, ആ രാജ്യത്തിന്റെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ സാൻ ജന്നാരൊ എന്ന രക്തസാക്ഷിയുടെ രക്തം ദ്രാവകമായിത്തീർന്ന വസ്തുത പരസ്യപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത അത്ഭുതസംഭവം തീർത്ഥകരെല്ലാം ദർശിച്ചതായി റിപ്പോർട്ടു് ചെയ്യപ്പെട്ടിട്ടുണ്ടു്. വിശുദ്ധന്റെ തിരുശേഷിപ്പുകൾ സൂക്ഷിച്ചിരിക്കുന്നതു് നേപ്പിൾസ് ഭദ്രാസനദേവാലയത്തിലെ ഒരു കപ്പേളയിലാണു്.

ജാനുവരി 3-ാംനു- ഐറിഷ് വിദേശകാര്യമന്ത്രി, റോമിൽനിന്നു ഡബ്ളിനിലേക്കു മടങ്ങിപ്പോയിരിക്കുന്നു. അദ്ദേഹം 11 ദിവസം റോമിൽ വസിക്കുകയും അതിനിടയ്ക്കു് വിശുദ്ധവത്സരോൽഘാടനം പ്രമാണിച്ചു നടത്തപ്പെട്ട ചടങ്ങുകളിൽ സംബന്ധിക്കുകയും ജൂബിലിദണ്ഡവിമോചനം പ്രാപിക്കുന്നതിനായി ബസ്സിലിക്കാകൾ സന്ദർശിക്കുകയും ചെയ്യുകയുണ്ടായി.

പരിശുദ്ധ പിതാവു് പ്രക്ഷേപണം ചെയ്ത ക്രിസ്തുമസ് സന്ദേശത്തിനു് പിററ്സ്ബർഗിലെ 29 പ്രോട്ടസ്റ്റന്റു പുരോഹിതരടങ്ങിയ ഒരു കമ്മിററി മറുപടി നല്കിയിരിക്കുന്നു. പ്രോട്ടസ്റ്റന്റുകാർ റോമൻകത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതിനുള്ള സുവ്യക്തമായ ഒരാഹ്വാനമായിരുന്നു അതെന്നു് അവർ സന്തോഷസമേതം രേഖപ്പെടുത്തിയിരിക്കുന്നു. "വിശുദ്ധവത്സരം ഏകസത്യസഭയുമായി എല്ലാവരും പുനരൈക്യപ്പെടുന്നതിനുള്ള ഒരവസരമായി ഭവിക്കട്ടെ. വിശിഷ്യ ക്രിസ്തുവിൽ വിശ്വസിക്കുന്നവരെങ്കിലും വിവിധകാരണങ്ങളാൽ സഭയിൽനിന്നു വേർപെട്ടു നില്ക്കുന്നവർ സഭാമാതാവിന്റെ മടിയിലേക്കു പ്രത്യാഗമിക്കുന്നതിനു് ഇടവരട്ടെ" എന്നീ വാചകങ്ങൾ അവർ തങ്ങളുടെ പ്രസ്താവനയിൽ ഉദ്ധരിച്ചിട്ടുണ്ടു്. പ്രസ്തുത പ്രസ്താവന ഇപ്രകാരം തുടരുന്നു: "പുനരൈക്യത്തിനുള്ള റോമൻ കത്തോലിക്കരുടെ ആഹ്വാനത്തിൽ അന്തർലീനമായിരിക്കുന്ന വ്യവസ്ഥകൾ മതകാര്യങ്ങളിൽ വ്യക്തിപരമായ അഭിപ്രായങ്ങൾ പരിപൂർണ്ണമായി പരിത്യജിക്കണമെന്നും ആത്മാവിനെ, ജീവിതത്തിലും മരണത്തിലും, റോമയുടെ സമ്പൂർണ്ണമായ അധികാരത്തിനു് കീഴ്പ്പെടുത്തണമെന്നുമാണു്." "എല്ലാ ക്രിസ്ത്യാനികളും അഹങ്കാരവും ലൗകികപ്രതാപവും ആഡംബരഭ്രമവുമുപേക്ഷിച്ചു് എളിമയോടും ഭക്ത്യാദരവുകളോടുംകൂടി ഏകരക്ഷകനും നാഥനുമായ ക്രിസ്തുവിലുള്ള വിശ്വാസം വർദ്ധിപ്പിക്കുവാൻവേണ്ടി തുടന്നു പ്രാർത്ഥിക്കണ"മെന്നു ആ പ്രോട്ടസ്റ്റന്റു പുരോഹിതന്മാർ ഉൽബോധിപ്പിക്കുകയും ചെയ്തിരിക്കുന്നു.

## റോമിൽ പ്രദക്ഷിണം

ഇക്കഴിഞ്ഞ ഡിസംബർ 11-ാംനു- ദിവ്യജനനിയുടെ (Salus populi Romani) ഒരു ചിത്രവും വഹിച്ചുകൊണ്ടു് മേരിമേജർ ബസിലിക്കായിൽ നിന്നു വി. പത്രോസിന്റെ ബസിലിക്കായിലേക്കു് ആഘോഷപൂർവ്വമായ ഒരു പ്രദക്ഷിണം നടത്തപ്പെട്ടു. പുരുഷന്മാർമാത്രമേ അതിൽ സംബന്ധിക്കുവാൻ അനുവദിക്കപ്പെട്ടിരുന്നുള്ളു. വൈകുന്നേരം 4 മണിക്കാണു് അതാരംഭിച്ചതു്. വൈദികരും വൈദിക വിദ്യാർത്ഥികളും സൂർപ്ലെയിസ് ധരിച്ചു് രണ്ടു നിരയായി ജപമാല ചൊല്ലിയും മാതൃസ്തവങ്ങൾ പാടിയും നടത്തിയ ആ ഘോഷയാത്ര ഏററവും ഭക്തിസംവർദ്ധകമായിരുന്നു. ഏതാണ്ടു രണ്ടുമൈലോളം നീളമുണ്ടായിരുന്നു പ്രദക്ഷിണത്തിനു്. വഴിക്കു രണ്ടുവശവും, പ്രത്യേകിച്ചു കവലകളിൽ ജനങ്ങൾ തിങ്ങിക്കൂടി നിന്നിരുന്നു. പോലീസാണു് ആളുകളെ നിയന്ത്രിച്ചിരുന്നതു്. ബസ്സുകളും ട്രാമും ഓടിക്കുന്നതിനു് അനുവദിക്കപ്പെട്ടിരുന്നില്ല. അവസാനമുള്ളവർ പുറപ്പെട്ടു് അല്പം കഴിഞ്ഞപ്പോൾ ആദ്യം പുറപ്പെട്ടവർ വി. പത്രോസിന്റെ ബസിലിക്കായിൽ എത്തിക്കഴിഞ്ഞു. മാതാവിന്റെ ഛായാപടം ബസിലിക്കായിൽ എത്തിയപ്പോൾ പ. പിതാവു് അതേററുവാങ്ങുകയും മാതാവിനോടുള്ള പ്രാർത്ഥനകൾ ചൊല്ലുകയും ചെയ്തു. ഈ ചിത്രം വി. ലൂക്കാതന്നെ വരച്ചതാണെന്നാണു് ഐതിഹ്യം.

WANTED Phys cs Chemistry and maths· Graduates· Pay Rs. 100.- and ever rising To 250/- Apply Catholic Educational Institute, Vasco De Gama (Goa·)

## ജപമാലാപ്രക്ഷേപണം

ഇക്കഴിഞ്ഞ ഡിസംബർ 8-ാംനു- മാർപ്പാപ്പാ ചൊല്ലിയ ജപമാല പ്രക്ഷേപണംചെയ്യപ്പെടുകയുണ്ടായി. വത്തിക്കാൻ നഗരത്തിലെ 18 തൊഴിലാളികളും 16 ട്രാം കൺഡക്ടർമാരുമാണു് മറുപടി ചൊല്ലിയതു്. ജപമാല അരമണിക്കൂർകൊണ്ടാണു് അവസാനിച്ചതു്. അനന്തരം പ. പിതാവു് അവർക്കെല്ലാവർക്കും ഓരോ കൊന്ത സമ്മാനിക്കയും ചെയ്തു.

## പുരോഹിതന്റെ പരാതി

പാരീസിലെ ഒരു അലക്കുപുരയിൽ മററുതൊഴിലാളികളോടൊപ്പം ജോലിചെയ്തിരുന്ന ഫാദർ ബോയർ എന്ന വൈദികനെ, പ്രസ്തുതസ്ഥാപനത്തിന്റെ ഉടമസ്ഥൻ, ആ തൊഴിലാളി ഒരു പുരോഹിതനാണെന്നു മനസ്സിലായ ഉടനെ ഡിസ്മിസ് ചെയ്യുകയുണ്ടായി. വ്യവസായപ്രവർത്തകൻ തന്നോടു ചെയ്തിരുന്ന കരാർ ഇപ്രകാരം നീതിവിരുദ്ധമായി ലംഘിച്ചതിൽ, ആ വൈദീകതൊഴിലാളി നീതിന്യായക്കോടതിയിൽ പരാതിപ്പെട്ടു. അദ്ദേഹത്തിനു 5000 ഫ്രാങ്കു് നഷ്ടപരിഹാരം കൊടുക്കാൻ ആജ്ഞാപിച്ചുകൊണ്ടു് കോടതി വിധി പ്രസ്താവിച്ചിരിക്കുന്നു.

## വനിതാപ്രഫസ്സർ

കേംബ്രിഡ്ജ് സർവ്വകലാശാലയിലെ "ആർക്കെയോളജി" പ്രഫസ്സറായി നിയമിതയായിരിക്കുന്ന ഡോറോത്തി ഗാറോഡ്സിഡ്നി എന്ന വനിത കത്തോലിക്കാസഭയിലേക്കു മതപരിവർത്തനം ചെയ്ത ഒരാളാണു്. കർമ്മലമലയിലെ ഗുഹകളിൽ നടത്തിയ ഗവേഷണങ്ങളുടെ ഫലമായി ഉദ്ദേശം 30,000 കൊല്ലം പഴക്കംവരുമെന്നു വിശ്വസിക്കപ്പെടുന്ന അസ്ഥിപഞ്ജരങ്ങൾ പ്രസ്തുതമഹതി കണ്ടെടുക്കുകയുണ്ടായി. കേംബ്രിഡ്ജ് സർവ്വകലാശാലയിലെ പ്രഥമ വനിതാപ്രഫസ്സർ ഇവരാണെന്നുള്ള വസ്തുതയും പ്രസ്താവ്യമാണു്.



## ബോസ്കോ ബാലരംഗം

പ്രയത്നം പ്രാർത്ഥന പ്രസന്നത

**Bosco Children's Club (ബി. സി. സി.)**

# 16. കുടുംബക്ലേശങ്ങൾ

"നല്ലാക്കിണങ്ങും മുടിയായിട്ടും തൻ
മല്ലാക്ഷിയിൽ കണ്ടൊരുഗർഭചിഹ്നം
ചൊല്ലാന്ന് യൗസേപ്പിനു മാനസത്തിൽ
ചൊല്ലാവതല്ലാത്ത വിഷാദമേകി."

പ്രിയകുഞ്ഞുങ്ങളേ,

കുടുംബജീവിതത്തിന്റെ സർവ്വപ്രകാരേണയുള്ള ഒരു മാതൃകയായിട്ടാണ് നസ്രസ്സിലെ തിരുക്കുടുംബത്തെ ദൈവം നിശ്ചയിച്ചിരിക്കുന്നതു്. ഏതെല്ലാം തരത്തിലുള്ള ക്ലേശങ്ങളാണ് ഒരു കുടുംബത്തിൽ വന്നുകൂടുന്നതെന്നു ഊഹിക്കാൻപോലും സാദ്ധ്യമല്ല. നിനച്ചിരിയാത്ത നേരത്തും, അവിചാരിതമായ വിധത്തിലും, ചിന്തിക്കാൻപോലും ശക്യമല്ലാത്ത ആളുകളിൽനിന്നും, ക്ലേശങ്ങൾ വന്നണയുന്നു. എന്തിനു്? ആ കുടുംബത്തെ ശുദ്ധീകരിക്കുന്നതിനു്, കൂടുതൽ ദൈവത്തിലേക്കു അടുപ്പിക്കുന്നതിനു്, അന്യോന്യസൗഹാർദ്ദം വർദ്ധിപ്പിക്കുന്നതിനു്. ദൈവപരിപാലനയുടെ അഗ്രാഹ്യമായ പ്രവൃത്തനങ്ങളെന്നേ പറയാനുള്ളൂ. ആർക്കും അവയെ ചോദ്യം ചെയ്യുവാൻ അവകാശമില്ല. കണ്ണടച്ചു കീഴ്‌വഴങ്ങുക, ദൈവതൃക്കൈകളിലേക്കു പരിപൂർണ്ണമായി കൈയാളിക്കുക. അത്രമാത്രമേ മനുഷ്യനു കർത്തവ്യമായിട്ടുള്ളൂ. അങ്ങനെ ദൈവപരിപാലനയിൽ അഭയംതേടുന്നവർ ഒടുവിൽ വിജയപര്യവസാനത്തിൽ എത്തിച്ചേരും. നസ്രസ്സിലെ തിരുക്കുടുംബം ആദ്യവസാനം ഇതിനു സജീവദൃഷ്ടാന്തമായി നല്കപ്പെട്ടിരിക്കുന്നു. ഇതാ തത്സംബന്ധമായ പല രംഗങ്ങളിൽ ആദ്യത്തേതായ ഒന്നു്:—

പരിശുദ്ധ മറിയം എലീശ്വാമ്മയെ സന്ദർശിച്ചശേഷം മൂന്നുമാസം കഴിഞ്ഞു് നസ്രസ്സിലേക്കു പിന്തിരിയുന്നു. മാലാഖായുടെ സന്ദേശമോ, മനുഷ്യാവതാരവൃത്താന്തമോ ഒന്നും ഗ്രഹിച്ചിട്ടില്ലായിരുന്ന മാർ യൗസേപ്പു അമ്പരന്നുവശാകുന്നു. എന്തു്? തന്റെ ഭാര്യ ഗർഭിണിയായി കാണപ്പെടുന്നു. രണ്ടുപേരും നിത്യകന്യാത്വം നേർന്നിട്ടുള്ളവരാണ്. എന്നാൽ താനറിയാതെ ഇപ്പോൾ ഭാര്യ ഗർഭംധരിച്ചിരിക്കുന്നുവെന്നോർ മാർ യൗസേപ്പു ധർമ്മസങ്കടത്തിലായി. പരിശുദ്ധ കന്യകയെപ്പററി എങ്ങനെ സം ശ യി ക്കും; എ ങ്ങ നെ സംശയിക്കാതിരിക്കും? കുടുംബത്തിലെ അന്തരീക്ഷം ആകപ്പാടെ അന്ധകാരമയമായി. പരിശുദ്ധ കന്യക ഇതെല്ലാം കാണുന്നുണ്ടു്. അറിയുന്നുണ്ടു്. എന്നാൽ തൽസംബന്ധമായി ഒരക്ഷരം മിണ്ടുന്നില്ല. എന്തുകൊണ്ടെന്നാൽ ഈ ഉന്നത പരമരഹസ്യം വെളിപ്പെടുത്താൻ അവിടുത്തേക്കു അനുമതിയുണ്ടായിരുന്നില്ല. പൂർവ്വാധികം സ്നേഹബഹുമാനാദരപുരസ്സരം അവിടുന്നു ഭർത്താവിനെ ശുശ്രൂഷിക്കുന്നുണ്ടു്. എങ്കിലും നാൾക്കുനാൾ അദ്ദേഹം വിവശനായിത്തീരുകയാണുചെയ്യുന്നതു്. രണ്ടുമൂന്നു മാസങ്ങൾതന്നെ ഈ വിധത്തിൽ കഴിയേണ്ടതായിവന്നു. കാലം ചെല്ലുന്തോറും മാർ യൗസേപ്പിന്റെ സംശയം പ്രത്യക്ഷത്തിൽ തെളിഞ്ഞുവരുന്നതേയുള്ളൂ. പരിശുദ്ധ കന്യകതന്നെ പ്രസ്തുത കാലഘട്ടത്തെക്കുറിച്ചു് മേരി അഗ്രേദായോടു അരുളിച്ചെയ്തിരിക്കുന്നതു് ഇപ്രകാരമാണ്: "എന്റെ ദിവ്യകുമാരന്റെ പീഡാനുഭവകാലമൊഴിച്ചാൽ എന്റെ ജീവിതകാലത്തിലേ ഏററംവലിയവ്യഥ, അന്നു എന്റെ പരിശുദ്ധ മണവാളൻ അനുഭവിച്ചിരുന്ന മനോവ്യാകുലത ദർശിക്കുന്നതായിരുന്നു." മനുഷ്യവർഗ്ഗത്തിലേക്കും ദൈവത്തിനിഷ്ടപ്പെട്ട രണ്ടു മഹാത്മാക്കൾ യാതൊരു കാരണവും കൂടാതെ അനുഭവിക്കുന്ന ധർമ്മക്ലേശങ്ങൾ!

വ്യഭിചാരിണികളെ കല്ലെറിഞ്ഞുകൊല്ലണമെന്നായിരുന്നു മൂശയുടെ പ്രമാണം. കുടുംബത്തേക്കും തീരാകളങ്കം ഇതുമൂലം ഉളവാകുന്നതാണ്. ആകയാൽ രഹസ്യത്തിൽ തന്റെ ഭാര്യയെ പരിത്യജിച്ചു പൊയ്ക്കളവാൻതന്നെ മാർ യൗസേപ്പു തീർച്ചപ്പെടുത്തുന്നു. പ്രിയപുത്രനായ ഇസ്സഹാക്കിന്റെമേൽ വാളോങ്ങിനിന്ന അബ്രാഹത്തെ തടയുന്നതിനു ദൈവം തന്റെ ദൂതനെ അയക്കുകയാണല്ലോ ഉണ്ടായതു്. അപ്രകാരം തന്നെ ഇവിടെയും. സുവിശേഷകനായ മത്തായിയുടെ വചനങ്ങൾ കേൾക്കുക:—

"എന്നാൽ അവൻ ഇവ വിചാരിച്ചിരിക്കയിൽ, കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ അവനു കാണപ്പെട്ടു് അവനോടു പറഞ്ഞു: ദാവീദിന്റെ പുത്രനായ യൗസേപ്പേ! നിന്റെ ഭാര്യയായ മറിയത്തെ സ്വീകരിക്കുവാൻ നീ ശങ്കിക്കേണ്ട; എന്തുകൊണ്ടെന്നാൽ അവളിൽ ഉത്ഭവിച്ചിരിക്കുന്നതു് പരിശുദ്ധാത്മാവിൽനിന്നാകുന്നു. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവനു ഈശോ എന്നു പേർ വിളിക്കണം, എന്തുകൊണ്ടെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നും രക്ഷിക്കും. എന്നാൽ ഈ സംഭവിച്ചവയെല്ലാം, ഇതാ! ഒരു കന്യക ഗർഭം ധരിച്ചു് ഒരു പുത്രനെ പ്രസവിക്കും; നമ്മുടെ ദൈവം നമ്മോടുകൂടെ എന്നർത്ഥമായ അമ്മാനുവേൽ എന്നു് അവൾ അവനു പേർ വിളിക്കും, എന്നു പ്രവാചകൻമൂലം കർത്താവിനാൽ അരുളിച്ചെയ്യപ്പെട്ടതു് നിവൃത്തിയാകേണ്ടതിനായിരുന്നു." (മത്തായി 1, 20—23)

പ്രിയ കുഞ്ഞുങ്ങളേ, ദൈവത്തിൽ ശരണപ്പെടുന്ന നീതിമാന്മാർക്കു നേരിടുന്ന ക്ലേശങ്ങൾ എത്ര അത്ഭുതകരമായ വിധത്തിൽ ദൈവം പരിഹരിക്കുന്നുവെന്നു നോക്കുക. ദൈവജനനി ഈ സംഭവം സംബന്ധിച്ചു് വന്ദ്യയായ മേരി അഗ്രേദായ്ക്കു നൽകിയ ഒരു സാരോപദേശം പ്രത്യേകം ശ്രദ്ധേയമാണ്. "മകളേ, ദൈവം തന്റെ ദാസന്മാരും തിരഞ്ഞെടുക്കപ്പെട്ടവരുമായ ആളുകളെ ക്ലേശങ്ങൾക്കു വിധേയരാക്കുകയും, വീണ്ടും ആശ്വസിപ്പിക്കുകയും ചെയ്യുന്ന തന്റെ പരമജ്ഞാനത്തിന്റെ അത്ഭുതാവഹമായ വിധങ്ങളെപ്പററി നീ അവിടുത്തെ സ്തുതിക്കുക. ക്ലേശത്തിൽനിന്നും ആശ്വാസത്തിൽനിന്നും ഏററം വിവേകത്തോടും അനുഗ്രഹത്തോടുംകൂടെ യോഗ്യതയുടെയും മഹത്വത്തിന്റെയും വർദ്ധനവിനെ താൻ അവർക്കു സമ്പാദിച്ചുകൊടുക്കുകയാണു ചെയ്യുന്നതു്... തൈരുക്കങ്ങൾകൊണ്ടു നാം പുണ്യയോഗ്യത പ്രാപിക്കണമെന്നാണ് അത്യുന്നതൻ ആഗ്രഹിക്കുന്നതു്; ഹൃദയസമാധാനം നഷ്ടപ്പെടുത്തണമെന്നല്ല. വരപ്രസാദസഹായത്തോടെ നമുക്കു എന്തു ചെയ്‌വാൻ കഴിയുമെന്നു സ്വശക്തിയെ പരീക്ഷിച്ചുനോക്കുകയാണു ചെയ്യേണ്ടതു്; ധൈര്യംകെട്ടുപോകയല്ല വേണ്ടതു്."

ജീവിതാന്ത്യംവരെ നാം പ്രായോഗികമാക്കാനുള്ള ഒരു സ്വർഗ്ഗീയ തത്വോപദേശമാണിതെന്നു ഓർത്തുകൊള്ളുക. പ്രിയ അമ്മേ! ക്ലേശങ്ങൾ നേരിടുമ്പോൾ എത്ര എളുപ്പത്തിൽ ഞങ്ങൾ ധൈര്യം കൈവെടിഞ്ഞുപോകുന്നു. എത്രവേഗ്ഗം ഞങ്ങൾ ദൈവാനുഗ്രഹത്തിന്റെ കരമാണതെന്നു വിസ്മരിച്ചുപോകുന്നു. ഈശോ മറിയം യൗസേപ്പേ, ഞങ്ങളുടെ എല്ലാ ക്ലേശങ്ങളിലും ഞങ്ങളെ ആശ്വസിപ്പിച്ചുകൊള്ളണമേ.

### ഒന്നാമത്തെ വൃക്ഷം

ബോസ്കോ തോട്ടത്തിൽ നാം അഞ്ചു വൃക്ഷങ്ങളാണു നട്ടിരിക്കുന്നതു്. അതിൽ ഒന്നാമത്തേതാണ് മിഷൻവൃക്ഷം. അതു ജീവന്റെ വൃക്ഷംതന്നെ. ഈ മാസത്തിൽ അതിനെയാണ് വളമിട്ടു നനച്ചു വരുന്നതു്. അടുത്തമാസങ്ങളിൽ തുടന്നു മററു ഓരോന്നിനെയും പരിരക്ഷിച്ചു വളർത്തണം. ഈ മരങ്ങളഞ്ചും വളർന്നുവന്നാൽ കേരളത്തിനു എന്തു തണലായിരിക്കുമെന്നു പറയാനില്ല. നിങ്ങളുടെ കുഞ്ഞുകരങ്ങൾകൊണ്ടു അവയെല്ലാം വെള്ളം കോരി നനച്ചു വികസിപ്പിക്കണം. മിഷൻദിനം ഇതാ ആസന്നമായിരിക്കുന്നു. ക്യാപ്ററൻ ജനറലിന്റെ നേതൃത്വത്തിൽ അതു മുൻപറഞ്ഞിരുന്നതുപോലെയുള്ള പരിപാടികളോടുകൂടി ആഘോഷമായി കൊണ്ടാടണം. ഒരു മിഷൻ മനസ്ഥിതി നമ്മുടെ ജനങ്ങളുടെ ഇടയിൽ അങ്കുരിപ്പിക്കണം. കർത്താവിനുവേണ്ടി, ആത്മാക്കളുടെ രക്ഷയ്ക്കായി ഒരു കാശുകൊടുക്കുന്നതു് പരലോകബാങ്കിലേക്കുള്ള വലിയ നിക്ഷേപമാണെന്നു അവരെ മനസ്സിലാക്കണം. മിഷൻ പിരിവിലേക്കു നിങ്ങളുടെ സാമർത്ഥ്യത്തിനനുസരണമായ ചടങ്ങുകളൊക്കെ ഉപയോഗിക്കാവുന്നതാണ്. അതെല്ലാം ക്രമേണ പരിശീലിച്ചുവരുമ്പോൾ നമ്മുടെ മിഷൻവൃക്ഷം ധാരാളം ഫലം പുറപ്പെടുവിക്കാനിടയാകും.

### ഫാത്തിമായിലെ ഫ്റാൻസിസ്

ഫാത്തിമായിലെ മൂന്നു കുട്ടികളിൽ ഒരാളായിരുന്നല്ലോ ഫ്റാൻസീസ്. അവൻ സ്വർഗ്ഗത്തിൽ പോകുമോ? എന്നു ദർശനമദ്ധ്യേ ലൂസി ദൈവജനനിയോടു ചോദിക്കയുണ്ടായി. "പോകും—എന്നാൽ അതിനുമുമ്പായി അവൻ വളരെ ജപമാലകൾ ജപിക്കേണ്ടതായിട്ടുണ്ടു്" എന്നാണു മറുപടി കിട്ടിയതു്. അതിൽപ്പിന്നെ ഫ്റാൻസിസിന്റെ ജീവനായിരുന്നു ജപമാല. എട്ടും പത്തും കൊന്തകൾ പ്രതിദിനം എത്തിക്കുന്നതിനു അവൻ മുടക്കംവരുത്തിയിരുന്നില്ല. ഒരിക്കൽ കൂട്ടുകാർ വിളിച്ചു: "വരിക. കുറച്ചുകളിച്ചിട്ടു നമുക്കു ഒന്നിച്ചുപോയി ജപമാല എത്തിക്കാം." "എന്തു്? ഞാൻ വളരെ കൊന്ത എത്തിക്കേണ്ടതായിട്ടുണ്ടെന്നു മാതാവു പറഞ്ഞതു് നിങ്ങൾ ഓർക്കുന്നില്ലയോ?" എന്നു പറഞ്ഞുകൊണ്ടു ഫ്റാൻസീസ് അവന്റെ ജപമാലയുമായി പ്രാർത്ഥിക്കാൻ പോയി. 1918 ഡിസംബറിൽ ഫ്റാൻസീസിനു ഇൻഫ്ളുവെൻസാ പിടിപെട്ടു. പല മാസങ്ങൾ അവൻ രോഗിയായി കിടന്നു. അപ്പോഴൊക്കെയും ജപമാലയായിരുന്നു അവന്റെ ഏക ആശ്വാസം. വാക്കുകൾ ഉച്ചരിക്കാൻ പാടില്ലാതായപ്പോൾ മനസ്സുകൊണ്ടു അവൻ ജപമാല ഉരുവിട്ടുകൊണ്ടു കിടന്നു. 1919 ഏപ്രിൽ 4-ാംനു-വെള്ളിയാഴ്ച രാത്രി 10 മണിക്കു ഒരു സ്വർഗ്ഗീയ പുഞ്ചിരിയോടെ അവർ ദീർഘനിദ്രപ്രാപിക്കയും ചെയ്തു. അപ്പോൾ 10 വയസ്സും ഒമ്പതുമാസവും മാത്രം പ്രായമേ ഉണ്ടായിരുന്നുള്ളൂ.

ഫാത്തിമാനാഥ കേരളം വിട്ടുപോകാറായിരിക്കുന്നു. പ്രിയ കുഞ്ഞുങ്ങളേ, അതിത്തി കടക്കുന്നതുവരെ നിങ്ങൾ അമ്മയ്ക്കു അരുപിയാലെ അകമ്പടി സേവിക്കണം. ഒടുവിൽ അമ്മയുടെ സ്വർഗ്ഗീയ ആശീസ്സുവാങ്ങി പിരിയുകയുംവേണം. ജപമാലപ്രാർത്ഥന മുടങ്ങാതെ ഭക്തിപൂർവ്വം നടത്തിക്കൊള്ളാമെന്നുള്ള ഒരു പ്രതിജ്ഞയും അപ്പോൾ പ്രിയപ്പെട്ട മാതാവിനു സമർപ്പിക്കുക. നമ്മുടെ ബാലസംഘത്തെയും ഐക്യകേരളത്തെയും, ഇൻഡ്യൻ റിപ്പബ്ളിക്കിനെയും അമ്മയ്ക്കു അടിയറവയ്ക്കാൻ മറന്നുപോകരുതു് — ഫാത്തിമാനാഥ നമ്മെ അനുഗ്രഹിക്കും.

വി. ജോൺബോസ്കോ പറയുന്നു:

"ഇത്ര നന്നായിട്ടും ഇത്ര നിരന്തരമായിട്ടും എന്നെ നിങ്ങൾ സഹായിച്ചതുപോലെ എന്റെ മരണശേഷം എന്റെ പിൻഗാമികളെയും സഹായിപ്പിൻ! നിങ്ങളുടെ ഔദാര്യഫലമായി ഞാൻ ആരംഭിച്ച ഈ പ്രസ്ഥാനങ്ങൾക്കു ഇനി എന്നെക്കൊണ്ടാവശ്യമില്ല. എന്നാൽ നിങ്ങളെക്കൊണ്ടു എപ്പോഴും ആവശ്യമുണ്ടു്. അവയെല്ലാം നിങ്ങളേവരുടെയും കരങ്ങളിൽ ഞാൻ ഏല്പിച്ചിരിക്കുന്നു."

തന്റെ തിരുനാൾദിനത്തിൽ വിശുദ്ധൻ നിങ്ങളെയെല്ലാം അനുഗ്രഹിക്കട്ടെ. എന്നു സ്വന്തം വല്യച്ചൻ

---

## തെന്നംകുന്നുപള്ളിയിലെ ദർശനത്തിരുനാൾ

**ആരംഭം** 1950 ജാനുവരി 30 (മകരം 17)

**അവസാനം** 1950 ഫെബ്രുവരി 3 (മകരം 21)

ഫെബ്രുവരി 2 (മകരം 20) വ്യാഴാഴ്ച ഉച്ചകഴിഞ്ഞു തൊടുപുഴ ടൗണിൽക്കൂടിയുള്ള സുപ്രസിദ്ധമായ പട്ടണപ്രദക്ഷിണം.

വികാരി

---

## നിങ്ങൾക്കറിയാമോ?

1 വത്തിക്കാനിലെ ബ്രിട്ടീഷ് പ്രതിനിധി ആരാണ്?

2 അമേരിക്കൻ ഐക്യനാടുകളിൽനിന്നു വത്തിക്കാനിലേക്കയച്ചിരിക്കുന്ന പ്രതിനിധി ആരാണ്?

3 അമേരിക്കൻ ഐക്യനാടുകളിലെ ഒന്നാമത്തെ പ്രസിഡണ്ടു് ആരായിരുന്നു?

4 അമേരിക്കൻ പ്രസിഡണ്ടിന്റെ കാലാവധി എത്ര കൊല്ലത്തേക്കാണ്?

5 അമേരിക്കൻ ഐക്യനാടുകളിൽ അടിമവ്യാപാരം നിർത്തലാക്കിയതാരാണ്? (ഉത്തരങ്ങൾ 9-ാം പേജിൽ)

## അത്ഭുത രോഗശമനം

50 വയസ്സായ മിസിസ് മർഗ്ഗരീത്താ സാഡ്നർ എന്ന ജർമ്മൻവനിത 17 കൊല്ലക്കാലം ശയ്യാവലംബിനിയായിരുന്നു. അക്കാലമത്രയും അവർ "കത്തോലിക്കാപ്രേഷിതസഭ" എന്ന സംഘടനയുടെ സ്ഥാപകനായ ഫാദർ വിൻസെൻറ് പള്ളോററിയോടു് രോഗശമനത്തിനായി പ്രാർത്ഥിച്ചുവന്നു. 14 മാസങ്ങൾക്കുമുമ്പ് ഒരു രാത്രി "എഴുന്നേററു നടക്കുക" എന്നു് ആജ്ഞാപിക്കുന്ന ഒരു സ്വരം അവർ വീണ്ടും വീണ്ടും കേൾക്കയുണ്ടായി. അടുത്ത പ്രഭാതത്തിൽ ശയ്യയിൽനിന്നും എഴുന്നേററു് നിഷ്പ്രയാസം നടക്കുന്നതിനു് അവർക്കു സാധിച്ചു. കഴിഞ്ഞ ഞായറാഴ്ച ഫാ. പള്ളോററി സിദ്ധനെന്നു നാമകരണം ചെയ്യപ്പെട്ടു. അദ്ദേഹം മൃതിയടഞ്ഞിട്ടു് 100 കൊല്ലം തികഞ്ഞതു് അന്നാണ്. പ്രസ്തുത നാമകരണച്ചടങ്ങുകളിൽ, രോഗശമനം പ്രാപിച്ച മിസിസ് മർഗ്ഗരീത്തായും സംബന്ധിക്കയുണ്ടായി.

## രാജിവച്ചു

ക്രിസ്ത്യൻ ഡെമോക്രാററിക് പാർട്ടി ലീഡർ സിഞ്ഞോർ ദെ ഗസ്പാരിയുടെ നേതൃത്വത്തിലുള്ള ഇററാല്യൻ മന്ത്രിസഭ രാജിവച്ചിരിക്കുന്നു. പുതിയമന്ത്രിസഭ രൂപവത്കരിക്കുന്നതിനു് അദ്ദേഹംതന്നെയാണ് നിയുക്തനായിരിക്കുന്നതു്.

## ചോദ്യോത്തരപംക്തി

**ചോ:** "കൃപയാലത്രെ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നതു്." (Eph. 2:5); "കൃപയാൽ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നു" (Eph. 2:8); "കൃപയാലെങ്കിൽ പ്രവൃത്തിയാലല്ല; അല്ലെങ്കിൽ കൃപ കൃപയല്ല" (Rom. 11:6); "ഏതു മാർഗ്ഗത്താൽ? കർമ്മമാർഗ്ഗത്താലോ? അല്ല. വിശ്വാസമാർഗ്ഗത്താലത്രെ" (Rom. 3: 27); "വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു് നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ടു്. നാം നില്ക്കുന്ന ഈ കൃപയിലേക്കു നമുക്കു അവനുമൂലം വിശ്വാസത്താൽ പ്രവേശനം ലഭിച്ചിരിക്കുന്നു" (Rom. 5: 1,2, എന്നിങ്ങനെയും റോമാലേഖനത്തിന്റെ മററു ഭാഗങ്ങളിലും ധാരാളമായി രക്ഷ പ്രവൃത്തികളാലല്ല, വിശ്വാസംമൂലം കൃപയാലാണു് എന്നും ഖണ്ഡിതമായിപറഞ്ഞിരിക്കേ, റോമൻ കത്തോലിക്കർ രക്ഷയ്ക്കു കൂദാശകളുംകൂടെ (പ്രവൃത്തികളുംകൂടെ) ആവശ്യമാണെന്നു പറയുന്നതിന്റെ അർത്ഥം എന്തു്? അപ്പസ്തോലൻ കാര്യത്തിന്റെ ഗൗരവം ശരിയായിട്ടറിയാതെ ഇത്ര ഖണ്ഡിതമായി പറഞ്ഞതായിട്ടു വരുമോ?

**ഉ:** അപ്പസ്തോലൻ കാര്യത്തിന്റെ ഗൗരവം ശരിയായിട്ടറിഞ്ഞുതന്നെയാണു പറഞ്ഞിരിക്കുന്നതു്. പക്ഷെ അപ്പസ്തോലൻ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം ചിലർ ശരിയായി ഗ്രഹിച്ചിട്ടില്ലെന്നുമാത്രം.

നിത്യരക്ഷയ്ക്കു നിദാനമായ കൃപാവരം പ്രാപിക്കുന്നതിനു വിശ്വാസംമാത്രം മതിയെന്നും കൂദാശകൾ ആവശ്യമില്ലെന്നുമാണല്ലോ ചോദ്യകാരൻ വാദിക്കുന്നതു്. അതിനു് ആധാരമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നതു് "രക്ഷ പ്രവൃത്തികളാലല്ല" എന്ന വി. പൗലോസിന്റെ പ്രസ്താവമാണു്. പക്ഷെ, "കൃപയാലെങ്കിൽ പ്രവൃത്തിയാലല്ല" എന്നും മററുമുള്ള വി. അപ്പസ്തോലന്റെ പ്രസ്താവങ്ങളിലെ "പ്രവൃത്തികൾ" എന്ന പദത്തിന്റെ അർത്ഥം ചോദ്യകാരൻ തെററിദ്ധരിച്ചിരിക്കുന്നു.

### "പ്രവൃത്തികൾ" എന്നതിന്റെ അർത്ഥം

"പ്രവൃത്തികൾ" എന്ന ശബ്ദത്താൽ ഉദ്ദേശിക്കപ്പെടുന്നതു മൂശയുടെ നിയമം അനുശാസിക്കുന്ന കൃത്യങ്ങളാണു്. മററു വേദവാക്യങ്ങളിൽനിന്നു ഇതു സ്പഷ്ടമാകുന്നുമുണ്ടു്. ഗാലത്തായക്കാർക്കുള്ള ലേഖനം 2,16-ൽ വി. ശ്ലീഹാ എഴുതുന്നു: "ഈശോമിശിഹായിലുള്ള വിശ്വാസംമൂലമല്ലാതെ നിയമത്തിന്റെ പ്രവൃത്തികൾ (Works of the Law) മൂലം മനുഷ്യൻ നീതീകരിക്കപ്പെടുന്നില്ല എന്നു നാം അറിയുന്നതുകൊണ്ടു്, നിയമത്തിന്റെ പ്രവൃത്തികൾമൂലമല്ല, മിശിഹായിലുള്ള വിശ്വാസംമൂലം നീതീകരിക്കപ്പെടുവാൻവേണ്ടി ഈശോമിശിഹായിൽതന്നെ നാമും വിശ്വസിച്ചു. നിയമത്തിന്റെ പ്രവൃത്തികളാൽ യാതൊരു ജഡവും നീതീകരിക്കപ്പെടുന്നില്ല." വീണ്ടും, റോമാക്കാർക്കുള്ള ലേഖനം 3,20-ൽ ഇപ്രകാരം കാണുന്നു: "നിയമത്തിന്റെ പ്രവൃത്തികളാൽ യാതൊരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല." കൂടാതെയും, റോമ: 3, 28-ൽ: "ആകയാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നതു നിയമത്തിന്റെ പ്രവൃത്തികളാലല്ല, വിശ്വാസത്താലാകുന്നു എന്നു നാം കരുതുന്നു." ഇതിനുമുമ്പുള്ള വാക്യം (റോമ. 3,27) ചോദ്യകാരൻ ഉദ്ധരിച്ചിട്ടുണ്ടല്ലോ. അതു പ്രോട്ടസ്റ്റന്റ് വിവർത്തനത്തിൽ നിന്നുള്ള ഒരു ഉദ്ധരണിയാണെന്നു ഞങ്ങൾ ഊഹിക്കുന്നു. എങ്ങനെയായാലും, ആ വാക്യത്തിന്റെ വിവർത്തനത്തിൽ പ്രമാദം പററിയിട്ടുണ്ടു്. "ഏതു മാർഗ്ഗത്താൽ? കർമ്മമാർഗ്ഗത്താലോ? അല്ല. വിശ്വാസമാർഗ്ഗത്താലത്രെ' എന്നാണു് ചോദ്യകാരൻ ഉദ്ധരിച്ചിരിക്കുന്നതു്. "മാർഗ്ഗം" എന്ന പദത്തിനു പകരം "നിയമം" എന്നാണു തർജ്ജിമ ചെയ്യേണ്ടിയിരുന്നതു്. മൂലത്തിലെ "നോമോസ്" (Nomos) എന്ന ശബ്ദത്തിന്റെ അർത്ഥം അതാണു്. ആകയാൽ പ്രസ്തുത വാക്യത്തിന്റെ ശരിയായ തർജ്ജിമ ഇപ്രകാരമാണു്: "ഏതു നിയമത്താൽ? പ്രവൃത്തികളുടെയോ? അല്ല. മറിച്ചു്, വിശ്വാസത്തിന്റെ നിയമത്താൽ" (മാന്നാനം വിവർത്തനം). ചോദ്യകാരൻ ഉദ്ധരിച്ചിരിക്കുന്ന വിവർത്തനപ്രകാരം, രക്ഷപ്രാപിക്കുന്നതിനു യാതൊരുവക സൽക്കർമ്മവും ആവശ്യമില്ലെന്നു ഒരു സൂചന വായനക്കാരനു ലഭിക്കുന്നു. പക്ഷെ വി. പൗലോസു് പറയുവാൻ ഉദ്ദേശിക്കുന്നതു്, നീതീകരണത്തിനു് (അതായതു്, പാപവിമോചനത്തിനും വരപ്രസാദപ്രാപ്തിക്കും) മൂശയുടെ നിയമം (പ്രവൃത്തികളുടെ നിയമം) അനുശാസിക്കുന്ന പരിച്ഛേദനം മുതലായ കൃത്യങ്ങൾ അനുഷ്ഠിക്കേണ്ട ആവശ്യമില്ലെന്നും, പ്രത്യുത, ക്രിസ്തുവിലുള്ള സജീവവിശ്വാസമാണു് സർവ്വോപരി ആവശ്യമായിരിക്കുന്നതെന്നുമാണു്. അടുത്തുവരുന്ന വാക്യത്തിൽനിന്നു് അതു വിശദമാകും: "ആകയാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നതു നിയമത്തിന്റെ പ്രവൃത്തികളാലല്ല, വിശ്വാസത്താലാകുന്നു എന്നു നാം കരുതുന്നു". (റോമ. 3:28)

### പ്രത്യേക കാരണം

നീതീകരണം നിയമത്തിന്റെ പ്രവൃത്തികളാലല്ല, വിശ്വാസത്താലാകുന്നു എന്ന സിദ്ധാന്തത്തെപ്പററി റോമാക്കാർക്കുള്ള ലേഖനത്തിലും മററു ചില ലേ



ബല്ലാറി രൂപതയുടെ പ്രഥമ മെത്രാനായി നിയമിതനായിരിക്കുന്ന റൈററ് റവ. ഡോക്ടർ ജോൺ ഫോഗൻ ഒ. എഫ്. എം. ലണ്ടനിൽവച്ചു നടന്ന മെത്രാൻ പട്ടാഭിഷേകാനന്തരം തിരുമനസ്സുകൊണ്ടു് റോമിൽ പോയി പരിശുദ്ധ പിതാവിനെ മുഖംകാണിക്കുകയും ഇക്കഴിഞ്ഞ ഞായറാഴ്ച ബല്ലാറിയിൽ തിരിച്ചെത്തുകയും ചെയ്തിരിക്കുന്നു.

ഖനങ്ങളിലും പ്രതിപാദിക്കാൻ വി. പൗലോസ് നിർബന്ധിതനായതു് ഒരു പ്രത്യേകകാരണത്താലാണു്. യഹൂദർ രക്ഷപ്രാപിക്കുന്നതിനു് മൂശയുടെ നിയമം പാലിച്ചാൽ മതിയെന്നും, ആ നിയമം പാലിക്കാത്തവർ ആരും രക്ഷപ്രാപിക്കയില്ലെന്നും വാദിച്ചിരുന്നു. യഹൂദമതം പരിത്യജിച്ചു് ക്രിസ്തുമതം സ്വീകരിച്ചുവരുപോലും, മൂശയുടെ നിയമത്തിൽ പറഞ്ഞിരിക്കുന്ന ഛേദനാചാരം മുതലായവ സംബന്ധിച്ചു വിധികൾ അവശ്യം ആദരിക്കപ്പെടേണ്ടവയാണെന്നുള്ള തെററിദ്ധാരണയുമുണ്ടായിരുന്നു. ഇത്തരക്കാരെ ഉദ്ദേശിച്ചു് വി. പൗലോസ് നീതീകരണം പ്രദാനംചെയ്യുന്നതിനു് മൂശയുടെ നിയമത്തിനുള്ള അപ്രാപ്തിയേയും ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ശക്തിയേയും ചൂണ്ടിക്കാണിക്കുന്നു.

### വിശ്വാസംമാത്രം മതിയോ?

രക്ഷാമാർഗ്ഗത്തിൽ ആയിത്തീരുന്നതിനു വിശ്വാസം ആവശ്യമാണെന്നു വി. പൗലോസു് പഠിപ്പിക്കുന്നുണ്ടെങ്കിലും വിശ്വാസംമാത്രം മതിയെന്നു് വി. ശ്ലീഹാ പഠിപ്പിക്കുന്നുണ്ടോ എന്നാണു ഉപരി ചിന്തിക്കുവാനുള്ളതു്. വി. ശ്ലീഹാ പ്രസ്താവിക്കുന്നതു സജീവവിശ്വാസത്തെപ്പററിയാണെന്നുള്ളതു് ആർക്കും അറിയാവുന്നതാണു്. അതിന്റെ ജീവചൈതന്യം "ഉപവി"യാണു്. "ഉപവി (സ്നേഹം) വഴി പ്രവർത്തിക്കുന്ന വിശ്വാസം" എന്നു വി. ശ്ലീഹാ ഗാലത്തായക്കാർക്കുള്ള ലേഖനം 2,6-ൽ പ്രത്യേകം എടുത്തുപറയുന്നു. കൊറീന്ത്യാക്കാർക്കുള്ള 1-ാം ലേഖനം 13-ാം അദ്ധ്യായത്തിൽ ഉപവിയുടെ മാഹാത്മ്യത്തെപ്പററി പ്രതിപാദിക്കുകയിൽ അദ്ദേഹം എഴുതിയിരിക്കുന്നതു് "മലകളെ മാററുവാൻ തക്കവണ്ണം സകലവിശ്വാസവും എന്നിലുണ്ടായാലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാനൊന്നുമല്ല" (വാക്യം 2) എന്നാണു്. യഥാർത്ഥമായ ഉപവി പ്രമാണങ്ങൾ അനുസരിക്കുന്നതിനും സൽപ്രവൃത്തികൾ ചെയ്യുന്നതിനും പ്രചോദനം നൽകാതിരിക്കയില്ലല്ലോ. ഭയസമന്വിതം നിത്യരക്ഷപ്രാപിക്കുന്നതിനായി നിരന്തരം യത്നംചെയ്യണമെന്നും വി. ശ്ലീഹാ ഉപദേശിക്കുന്നു: "എന്റെ പ്രിയപ്പെട്ടവരേ, നിങ്ങൾ എപ്പോഴും അനുസരിച്ചിരുന്നതുപോലെതന്നെ ഞാൻ നിങ്ങളോടു് അടുത്തിരിക്കുമ്പോൾ മാത്രമല്ല പിന്നെയോ, നിങ്ങളിൽനിന്നു അകന്നിരിക്കുന്ന ഇപ്പോഴും അധികമായ ഭയത്തോടും വിറയലോടുംകൂടി നിങ്ങളുടെ രക്ഷയുടെ ജോലി നിർവ്വഹിക്കുവിൻ." (ഫിലിപ്പു് 2-12). താനനുഷ്ഠിച്ചിരുന്ന തപക്രിയകളെപ്പററി വിശുദ്ധ ശ്ലീഹ എഴുതിയിരിക്കുന്നതുശ്രവിച്ചാലും: "മററുള്ളവരോടു പ്രസംഗിച്ചവനായ ഞാൻ—അതേ ഞാൻതന്നെ—പരിത്യജിക്കപ്പെട്ടുപോകാതിരിക്കേണ്ടതിനു് എന്റെ ശരീരത്തെ അടക്കുകയും കീഴ്പ്പെടുത്തുകയുമത്രെ ചെയ്യുന്നതു്." (1 കൊറി. 9-27). രക്ഷപ്രാപിക്കുന്നതിനു് വിശ്വാസംമാത്രം മതിയെങ്കിൽ എന്തിനിതെല്ലാം?

### പശ്ചാത്താപവും പ്രായശ്ചിത്തവും


പാപമോചനം പ്രാപിച്ചു രക്ഷാമാർഗ്ഗത്തിൽ ആയിത്തീരുന്നതിനു് വിശ്വാസംമാത്രം മതിയാകുന്നതല്ലെന്നു് വേദപുസ്തകത്തിന്റെ ഇതരഭാഗങ്ങളും സാക്ഷിക്കുന്നുണ്ടു്. പശ്ചാത്താപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ആവശ്യകതയെപ്പററിയുള്ള ഭാഗങ്ങൾ താഴെ ചേർക്കുന്നു: "പശ്ചാത്തപിക്കയില്ലെങ്കിൽ നിങ്ങളെല്ലാവരും ഇങ്ങനെതന്നെ നശിച്ചുപോകുമെന്നു് ഞാൻ നിങ്ങളോടു പറയുന്നു." (ലൂക്ക 13-5). "ശെമവോൻ അവരോടു പറയുന്നു: പരിശുദ്ധാത്മാവിന്റെ ദാനം ലഭിക്കേണ്ടതിനായി നിങ്ങൾ പശ്ചാത്തപിക്കുകയും, പാപങ്ങളുടെ ശാന്തിക്കായി നിങ്ങളിൽ ഓരോരുത്തനും കർത്താവായ ഈശോയുടെ നാമത്തിൽ സ്നാനപ്പെടുകയും ചെയ്യുവിൻ" (നടപടി 2-38). "ആകയാൽ നിങ്ങളുടെ പാപങ്ങൾ മായിക്കപ്പെടേണ്ടതിനു് നിങ്ങൾ പശ്ചാത്തപിക്കുകയും, മാനസാന്തരപ്പെടുകയും ചെയ്യുവിൻ. അപ്പോൾ കർത്താവിന്റെ സന്നിധിയിൽനിന്നു് സമാധാനത്തിന്റെ കാലങ്ങൾ നിങ്ങൾക്കു വന്നുചേരും." (നടപടി 3-19).

### സൽപ്രവൃത്തികൾ ആവശ്യം

സൽപ്രവൃത്തികളുടെ ആവശ്യകതയെക്കുറിച്ചു് വി. യാക്കോബ്ശ്ലീഹ എഴുതിയിരിക്കുന്നു: "മനുഷ്യൻ വിശ്വാസംമാത്രം കൊണ്ടല്ല. പിന്നെയോ, പ്രവൃത്തികൾകൊണ്ടു് നീതീകരിക്കപ്പെടുന്നുവെന്നു നീ കാണുന്നുവല്ലോ...... ..... പ്രാണനില്ലാത്ത ശരീരം എങ്ങനെ ചത്തതായിരിക്കുന്നുവോ അങ്ങനെതന്നെ പ്രവൃത്തികൾ കൂടാതുള്ള വിശ്വാസവും ചത്തതാകുന്നു." (യാക്കോ. 2 24 - 26). വിശ്വാസംവഴിമാത്രം രക്ഷപ്രാപിക്കാമെന്നു ജല്പിച്ചിരുന്ന ലൂഥറിന്റെ വാദത്തിനു് മേലുദ്ധരിച്ച വാക്യങ്ങൾ എതിരാകയാൽ വി. യാക്കോബിന്റെ ലേഖനത്തിന്റെ ദൈവനിവേശിതത്വംതന്നെ നിഷേധിക്കാൻ അദ്ദേഹം മുതിർന്ന സംഗതി കുപ്രസിദ്ധമാണല്ലോ. വീണ്ടും, ലോകാവസാനത്തെക്കുറിച്ചുള്ള വിവരണത്തിലും (മത്തായി അദ്ധ്യായം 25). താലന്തുകളുടെ ഉപമയിലും (മത്തായി അദ്ധ്യായം 25, മററും സൽപ്രവൃത്തികളുടെ ആവശ്യകതയല്ലയോ ദിവ്യരക്ഷകൻ പ്രസ്പഷ്ടമാക്കുന്നതു്? രക്ഷപ്രാപിക്കുന്നതിനു പ്രമാണങ്ങൾ അനുസരിക്കണമെന്നും (മത്തായി 19, 17), ദൈവഹിതം അനുവർത്തിക്കുന്നവരല്ലാതെ "കർത്താവേ, കർത്താവേ" എന്നു പറകമാത്രം ചെയ്യുന്നവർ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ലെന്നും (മത്തായി 7, 21) ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നു.

വി. പൗലോസ്ശ്ലീഹാതന്നെ സൽപ്രവൃത്തികളുടെ ഫലസിദ്ധിയെ താഴെ ചേർക്കുന്ന വാക്യങ്ങളിൽ പരാമർശിക്കുന്നുണ്ടു്: "സൽപ്രവൃത്തികളുടെ സ്ഥിരതയോടുകൂടി മഹത്വവും ബഹുമാനവും ക്ഷയമില്ലായ്മയും അന്വേഷിക്കുന്നവർക്കു് അവൻ നിത്യജീവൻ കൊടുക്കുന്നു." (റോമ. 2: 7). "ദൈവത്തിൽ വിശ്വസിച്ചവർ സൽപ്രവൃത്തികൾ ചെയ്യുന്നതിനു താല്പര്യപ്പെടുവാൻ തക്കവണ്ണം ഇവയിൽ അവരെ സ്ഥിരപ്പെടുത്തണമെന്നും ഞാനാഗ്രഹിക്കുന്നു." (തീത്തൂസ് 3: 8)

മേലുദ്ധരിച്ച വാക്യങ്ങളിൽനിന്നും, രക്ഷപ്രാപിക്കുന്നതിനു വിശ്വാസം മാത്രം മതിയെന്നും സൽപ്രവൃത്തികൾ ആവശ്യമില്ലെന്നുമുള്ള ചോദ്യകാരന്റെ വാദം അടിസ്ഥാനരഹിതമാണെന്നു വരുന്നുണ്ടല്ലോ. അങ്ങനെയൊരു തത്വം വി പൗലോസു് പഠിപ്പിക്കുന്നില്ല. നീതീകരണത്തിനു നിയമത്തിന്റെ പ്രവൃത്തികൾ ആവശ്യമില്ലെന്നുമാത്രമേ വിശുദ്ധ ശ്ലീഹാ, ചോദ്യകാരൻ ഉദ്ധരിച്ചിരിക്കുന്ന വാക്യങ്ങളിൽ പഠിപ്പിക്കുന്നുള്ളൂ. ആകയാൽ വി. ശ്ലീഹായുടെ പ്രസ്തുത വാക്യത്തെ ആധാരമാക്കി "പ്രവൃത്തി"കളാകുന്ന കൂദാശകളും ആവശ്യമില്ലെന്നുള്ള ചോദ്യകാരന്റെ വാദം തീരെ അർത്ഥശൂന്യമാണെന്നു തെളിയുന്നുണ്ടു്. കൂദാശകളെപ്പററിയുള്ള വി. പൗലോസിന്റെ പ്രത്യക്ഷസാക്ഷ്യങ്ങൾ അടുത്തലക്കത്തിൽ ഉദ്ധരിക്കുന്നതാണു്.]




WEDDING SAREES

We are proud in announcing that our seasonal offer of sarees are the best in designs, of most favourable prices and pleasing colours defying competition and obtainable nowhere else. Your particular selection for satisfaction and economy is here.

Chakolas
SILK HOUSE - TRICHUR

CKS

## ഇംഗ്ലണ്ടിലേക്കു

ബാംഗളൂർ സൂനഹദോസ് അവസാനിച്ചശേഷം ജാനുവരി 19-ാംനു കുറ്റിനാൽ തിൽറോയി തിരുമനസ്സുകൊണ്ടു് ഗോവയിലേക്കു പുറപ്പെടുകയുണ്ടായി. ജാനുവരി 26-ാംനു തിരുമേനി ബോംബെയിലെത്തുന്നതും അന്നുതന്നെ ഇംഗ്ലണ്ടിലേക്കു കപ്പൽ കയറുന്നതുമാണു്. റോമിലെത്തി മാർപ്പാപ്പായെ സന്ദർശിച്ചശേഷം മെയ്മാസത്തിൽ തിരുമേനി ആസ്ട്രേലിയായിൽ തിരിച്ചെത്തുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

## പ്രഥമപ്രസിഡണ്ട്

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ പ്രഥമപ്രസിഡണ്ടായി ഡോക്ടർ രാജേന്ദ്രപ്രസാദിനെ നിർദ്ദേശിച്ചുകൊണ്ടു് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിലെ കോൺഗ്രസ് പാർട്ടി നോമിനേഷൻപേപ്പർ സമർപ്പിച്ചിരിക്കുന്നു.

സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ഡി. ഫ.

Vol. 23 || ERNAKULAM, JANUARY 25, 1950 || No. 22

# തിരുനാൾമംഗളം

തിരുവനന്തപുരം അതിരൂപതയുടെ ഭരണസാരഥ്യം പ്രശസ്തമായി വഹിച്ചുവരുന്ന മഹാവന്ദ്യ ദിവ്യശ്രീ മാർ ഈവാനിയോസ് എം. എ. ഡി. ഡി. തിരുമനസ്സിലെ നാമഹേതുകനായ വി. യോഹന്നാൻ ക്രിസോസ്തോമോസിൻെറ തിരുനാൾ അടുത്ത വെള്ളിയാഴ്ചയാണല്ലോ. ആനന്ദദായകമായ ഈ ശുഭാവസരത്തിൽ, തിരുമനസ്സിലെ അജഗണങ്ങളോടു ചേർന്നുകൊണ്ട് സത്യദീപവും പുത്രനിർവ്വിശേഷമായ ഭക്ത്യാദരങ്ങളോടെ വന്ദ്യതിരുമേനിക്കു സകലവിധ മംഗളങ്ങളുമാശംസിച്ചുകൊള്ളുന്നു. പുനരൈക്യപ്രസ്ഥാന പ്രണേതാവ്, വിദ്യാഭ്യാസപ്രവത്തകൻ, പണ്ഡിതാഗ്രേസരൻ എന്നീ വിവിധനിലകളിൽ തിരുമേനി കേരള ക്രൈസ്തവ ചരിത്രത്തിൽ സ്വനാമം പതിച്ചുകഴിഞ്ഞിരിക്കുന്നെന്നു നിസ്സംശയം പറയാം. പുനരൈക്യവിഷയകമായി തിരുമേനി നല്കിയ ധീരനേതൃത്വത്തിൻെറ പരിണതഫലമായി 3 മെത്രാന്മാരും 75 ലധികം സർവ്വകലാശാലാബിരുദധാരികളുമുൾപ്പെടെ 60,000-ത്തോളം പേർ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടിട്ടുണ്ടെന്നുള്ളതു ചാരിതാർത്ഥ്യജനകംതന്നെ. വിദ്യാഭ്യാസരംഗത്തു തിരുമേനി ചെയ്തുവന്ന മഹനീയ സേവനങ്ങൾക്കു മകുടം ചാർത്തുമാറു്, ഐക്യസംസ്ഥാനത്തിൻെറ തലസ്ഥാനനഗരിയിൽ ഏറ്റവും നവീനമായ സജ്ജീകരണങ്ങളോടുകൂടി ഒരു കോളെജും സ്ഥാപിതമായിരിക്കുന്നു. ബഹുകാര്യവ്യഗ്രതനിമിത്തം തിരുമേനിയുടെ ആരോഗ്യത്തിനു കോട്ടംതട്ടിയിരിക്കുന്നുവെന്ന വസ്തുതമാത്രമാണു് ഇത്തരുണത്തിൽ വ്യസനഹേതുകമായിരിക്കുന്നതു്. തിരുമേനി സമാരംഭിച്ചിരിക്കുന്ന പ്രസ്ഥാനങ്ങളെല്ലാം വിജയകോടിയിലെത്തിക്കുന്നതിനു വേണ്ട ആയുസ്സും ആരോഗ്യവും സർവ്വശക്തനായ ദൈവം അവിടുത്തേക്കു പ്രദാനം ചെയ്യുന്നതിനായി നമുക്കു് ഉള്ളഴിഞ്ഞു പ്രാർത്ഥിക്കാം.



# ഭാരതമാതാ വിജയിപ്പൂതാക!

ജാനുവരി 26-ാം തീയതിയായ നാളെ ഭാരതമാതാവും പരിപൂർണ്ണസ്വതന്ത്രയാണെന്നുള്ള ആഹ്ലാദകരമായ വസ്തുത ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടുമല്ലോ. പരമാധികാരത്തോടുകൂടിയ സ്വതന്ത്രറിപ്പബ്ലിക്കായി ഭാരതാംബ നാളെമുതൽ ലോകരാഷ്ട്രങ്ങളുടെ ഗണത്തിൽ ഉൾപ്പെടും. ഭാരതത്തിൻെറ ചരിത്രത്തിൽ ഈ സംഭവം അത്ഭുതപൂർവ്വകമാകുന്നു. തന്നിമിത്തം പ്രസ്തുതസുദിനം അവിസ്മരണീയമായിത്തീരുകയും ചെയ്യും. ഭാരതത്തിനു ലഭിക്കുന്ന ഈ മഹാസൗഭാഗ്യത്തിൽ അവളുടെ മററുസന്താനകോടികളോടൊപ്പം കത്തോലിക്കരും ആനന്ദതുന്ദിലരായിരിക്കുന്നു. കാരണം, സ്വദേശഭക്തി കത്തോലിക്കരുടെ ദൃഷ്ടിയിൽ മതപരമായ ഒരു കർത്തവ്യമാണു്. സ്വദേശത്തിൻെറ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുവാനും അതിൻെറ ഭൗതികവും ആദ്ധ്യാത്മികവുമായ ക്ഷേമാഭിവൃദ്ധിക്കുവേണ്ടി ത്യാഗപൂർവ്വകമായ സേവനങ്ങൾ ചെയ്യുവാനും മതബോധത്താൽത്തന്നെ കത്തോലിക്കർ പ്രേരിതരാണു്. തന്മൂലം ഭാരതമാതാവിനു സംലബ്ധമായിരിക്കുന്ന പരിപൂർണ്ണസ്വാതന്ത്ര്യത്തിൽ ആഹ്ലാദചിത്തരായി അവർ സർവശക്തനായ ദൈവത്തിനു ഹൃദയപൂർവ്വം കൃതജ്ഞത പ്രകാശിപ്പിക്കുകയും ഭാരതത്തിൻെറ സർവ്വപ്രകാരേണയുമുള്ള ഭാവിക്ഷേമത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നതാണു്. കഴിഞ്ഞദിവസങ്ങളിൽ ബാംഗളൂരിൽ സമ്മേളിച്ച അഖിലേന്ത്യാ കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാരുടെ കൗൺസിലിൽ മാർപ്പാപ്പായുടെ പ്രത്യേകപ്രതിനിധിയായി അദ്ധ്യക്ഷതവഹിച്ച അത്യുന്നത കർദ്ദിനാൾ ഗിൽറോയി തിരുമനസ്സുകൊണ്ടു് നാളെ ബോംബെയിൽവച്ചു് ഒരു പൊന്തിഫിക്കൽ ദിവ്യപൂജ ഭാരതത്തിൻെറ ഭാവിഭാഗധേയങ്ങൾക്കുവേണ്ടി അർപ്പിക്കുമെന്നുള്ളതുതന്നെ ഈ വസ്തുതയ്ക്കു് ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ടല്ലോ. ബോംബെയിലെ മേയർ ശ്രീ എസ്സ്. കെ. പട്ടീൽ കർദ്ദിനാളിൻെറ ബഹുമാനാർത്ഥം നല്കിയ സ്വീകരണത്തിൽവച്ചു തിരുമേനിതന്നെയാണു് തൻെറ ഈ നിശ്ചയം വെളിപ്പെടുത്തിയതു്.

### വൈദികാദ്ധ്യക്ഷന്മാർ ഭാരതത്തെ പ്രശംസിക്കുന്നു

പ്രസ്തുത സ്വീകരണാവസരത്തിൽ കർദ്ദിനാൾ തിരുമനസ്സുകൊണ്ടു ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി.

"ഇന്നത്തെ ഇൻഡ്യൻ നേതാക്കന്മാരുടെ സവിശേഷമായ ഗുണലക്ഷണം അവർ ആത്മാവിനെ ലക്ഷ്യംവയ്ക്കുന്നുണ്ടെന്നുള്ളതാണു്. മനുഷ്യൻ ഒരു ജന്തുജീവിമാത്രമല്ലെന്നും, അവനും ആദ്ധ്യാത്മികമായ ഒരു സത്തയുണ്ടെന്നും, ആദ്ധ്യാത്മികാംശത്തിനു ഭൗതികാംശത്തിൻെറമേൽ ആധിപത്യമുണ്ടെന്നും അവർ നല്ലപോലെ ഗ്രഹിച്ചിരിക്കുന്നു. ഇൻഡ്യൻ നേതാക്കന്മാർ ഈ അഭിപ്രായമുള്ളവരായിരിക്കുന്നിടത്തോളം കാലം ഇൻഡ്യ ആദ്ധ്യാത്മികമായിമാത്രമല്ല ഭൗതികമായിത്തന്നെയും അഭിവൃദ്ധിപ്രാപിച്ചേ മതിയാവൂ. എന്തുകൊണ്ടെന്നാൽ ആദ്യത്തേതിനെ തുടർന്നുണ്ടാകുന്ന ഫലമാണു രണ്ടാമത്തേതു്."

കർദ്ദിനാൾ തിരുമേനിക്കു് ഇൻഡ്യയിലെ വൈദികാദ്ധ്യക്ഷന്മാരുടേയും വൈദികരുടേയും കത്തോലിക്കരുടേയും നാമത്തിൽ ബാംഗളൂരിൽവച്ചു സമർപ്പിക്കപ്പെട്ട മംഗളപത്രത്തിനു നല്കിയ മറുപടിയിൽ പ്രസ്താവിച്ചതിങ്ങനെയാണു്:

"പുതിയ ഇൻഡ്യയിലെ മെത്രാന്മാർക്കു് ഒരു മഹത്തായ ഉത്തരവാദിത്വം വഹിക്കേണ്ടതായിട്ടുണ്ടു്. അവർ തങ്ങളുടെ സ്വാധീനശക്തിമുഴുവനും ഭൗതികവും ആദ്ധ്യാത്മികവുമായ ജീവിതരംഗങ്ങളിൽ വിനിയോഗിക്കുമെന്നും, അതുവഴിയായി ഇൻഡ്യയുടെ മാഹാത്മ്യത്തിനു മേന്മകൂട്ടുമെന്നും ഞാൻ പ്രത്യാശിക്കുന്നു."

മംഗളപത്രം വായിച്ചു സമർപ്പിച്ച ബാംഗളൂർ മെത്രാൻ പി. തോമസ് തിരുമനസ്സുകൊണ്ടു് ഇൻഡ്യയെ പരാമർശിച്ചു പ്രസ്താവിച്ചതിങ്ങനെയാണു്:

"ഇൻഡ്യയിലെ കത്തോലിക്കർ സ്വദേശികളിൽ സകലവിഭാഗക്കാരുമായി സമാധാനത്തിലും സൗഹാർദ്ദതയിലുമാണു് ജീവിച്ചുപോന്നിട്ടുള്ളതു്; പുതിയ ഭരണഘടനയിൻകീഴിൽ രാഷ്ട്രീയമായ യാതൊരു പ്രത്യേകാവകാശങ്ങളും അവർ ആവശ്യപ്പെട്ടിട്ടില്ല. ജാനുവരി 26-ാംതീയതി ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടുവാനിരിക്കുന്ന ഞങ്ങളുടെ രാജ്യത്തിൻെറ ഭരണഘടന മതേതരവും പ്രജായത്തപരവുമായ സ്വഭാവത്തോടുകൂടിയതാണു്. മനസ്സാക്ഷിയുടെ സ്വാതന്ത്ര്യത്തിനും, സകലമതങ്ങളുടെയും സ്വാതന്ത്ര്യത്തിനും; ന്യൂനപക്ഷങ്ങളുടേയും മതവിഭാഗങ്ങളുടേയും വിദ്യാഭ്യാസപരിശ്രമങ്ങൾക്കുള്ള സ്വാതന്ത്ര്യത്തിനും അതിൽ ഉറപ്പുനല്കിയിട്ടുണ്ടു്. പുതിയ ഭരണത്തിൻകീഴിൽ അഭിവൃദ്ധിയുടെ ഒരു യുഗം ഞങ്ങളുടെ രാജ്യത്തിൽ ഉദയംചെയ്യട്ടെയെന്നും, നവജന്മമെടുത്തിരിക്കുന്ന ഈ രാഷ്ട്രത്തിലെ സകലവർഗ്ഗക്കാരുടേയും മതക്കാരുടേയുമിടയിൽ സമാധാനവും സൗഹാർദ്ദതയും സംതൃപ്തിയും കളിയാടട്ടെയെന്നും ഞങ്ങൾ പ്രാർത്ഥിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നു."

കഴിഞ്ഞ ഡിസംബർ 27-ാം തീയതി മദിരാശിയിൽ കൂടിയ തെന്നിൻഡ്യൻ ക്രിസ്ത്യൻ കോൺഫറൻസു് ഉൽഘാടനംചെയ്തുകൊണ്ടു് മദ്രാസു് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ചെയ്ത പ്രസംഗത്തിലും ഇതേ ആശയങ്ങൾതന്നെ പ്രകാശിപ്പിച്ചിരുന്നു.

"ക്രിസ്തുമതത്തിനു സ്വന്തമായ ഒരു തത്വസംഹിതയുണ്ടു്; ലോകത്തിനു നൽകുവാൻ അതിനൊരു സന്ദേശവുമുണ്ടു്. ക്രിസ്ത്യാനികൾ സമാധാനപ്രിയരായ ജനങ്ങളാണു്. ഇൻഡ്യക്കു സ്വാതന്ത്ര്യം കൈവരുന്നതോടുകൂടി അനേകം പ്രശ്നങ്ങൾ ഉദയംചെയ്തിട്ടുണ്ടു്. ഇൻഡ്യൻ ക്രിസ്ത്യൻ സമുദായത്തിൻെറ പ്രശ്നങ്ങൾ പഴയ വ്യവസ്ഥിതിയിൽ ഉണ്ടായിരുന്നതുപോലെയല്ലാ പുതിയ വ്യവസ്ഥിതിയിൽ ഉണ്ടായിരിക്കുന്നതു്. പുതിയ വ്യവസ്ഥിതിയിൽ സകല പൗരന്മാർക്കും ജാതിമതസ്ഥിതിവ്യത്യാസങ്ങൾ കൂടാതെ മൗലികമായ സ്വാതന്ത്ര്യവും സന്ദർഭത്തിൻേറയും അവകാശങ്ങളുടേയും സമത്വവും ഉണ്ടായിരിക്കുന്നതാണെന്നു് ഉറപ്പുനൽകിയിട്ടുണ്ടു്. 1950 ജാനുവരി 26-ാം തീയതി ഉൽഘാടനം ചെയ്യപ്പെടുവാനിരിക്കുന്ന പരമാധികാരത്തോടുകൂടിയ ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ പുതിയ ഭരണഘടനയിൽ ഈ ഉറപ്പുകൾ ഔപചാരികമായി ഉൾക്കൊള്ളിച്ചിട്ടുമുണ്ടു്. തന്മൂലം ഇന്നത്തെ ഇൻഡ്യയിൽ ഇൻഡ്യൻക്രിസ്ത്യാനികൾക്കു അവരുടെ സ്വന്തവും പ്രത്യേകവുമായ കർത്തവ്യം നിർവ്വഹിക്കേണ്ടതുണ്ടു്. ആകയാൽ തങ്ങളുടെ മാതൃഭൂമിക്കു സേവനം ചെയ്യുവാനുള്ള പ്രത്യേകാവകാശവും സന്ദർഭവും അവർ ആവശ്യപ്പെടുന്നു. തന്നിമിത്തം സ്വരാജ്യത്തിൽ സ്വജനങ്ങളുടെയിടയിൽ യഥാർത്ഥക്രിസ്തീയ അർഘണനകളെ വികസിപ്പിക്കുവാനുള്ള മാർഗ്ഗങ്ങളും പ്രോത്സാഹനവും അവർക്കു നൽകപ്പെടട്ടെ."

### പുതിയ ഭാരതത്തിൽ കത്തോലിക്കരുടെ സേവനം

പുതിയ ഭാരതത്തിൽ കത്തോലിക്കർക്കു സേവനം ചെയ്യുവാനുള്ള കഴിവിൻെറ കാരണം ഇൻഡ്യയുടെ ദലഗാദു് അപ്പസ്തോലിക്കാ കിയർക്കൽസു് തിരുമനസ്സുകൊണ്ടു് ചൂണ്ടിക്കാണിച്ചിട്ടുള്ളതാണു്. തന്നെ ഇൻറർനുൺഷിയോയായി തിരുസിംഹാസനത്തിൽനിന്നു നിയമിക്കപ്പെട്ടതിൻെറ അധികാരപത്രം ഗവർണർ ജനറൽ ശ്രീ രാജഗോപാലാചാരിയുടെ സമക്ഷം സമർപ്പിച്ച അവസരത്തിൽ തിരുമേനി ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി.

"ഇൻഡ്യക്കും തിരുസിംഹാസനത്തിനും പൊതുവായിരിക്കുന്ന തത്വങ്ങളിൽ, സാമുദായികജീവിതത്തെ ഉദ്ധരിക്കുവാനും സാമാന്യജനങ്ങൾക്കു നീതി നൽകുവാനും ഇൻഡ്യ സ്വീകരിച്ചിരിക്കുന്ന പരിപാടി, മഹാത്മാഗാന്ധിയുടെ മഹത്തായ സന്മാർഗ്ഗികാദർശം, ദേശീയവും അന്തർദേശീയവുമായ ഇടപാടുകളിൽ സന്മാർഗ്ഗികനിയമത്തിനുള്ള പരമപ്രാധാന്യം, പൊതുജീവിതത്തിൽ വ്യക്തിപരമായ സത്യസന്ധതയുടെ പ്രാമുഖ്യം എന്നിവ ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. നീതിയുടേയും സമാധാനത്തിൻേറയും മൗലികങ്ങളായ ഈ ആവശ്യങ്ങളെ തിരുസിംഹാസനവും അതിലും പ്രത്യേകിച്ച് ഇപ്പോൾ വാണുകൊണ്ടിരിക്കുന്ന മാർപ്പാപ്പായും നിഷ്കൃഷ്ടമായും കൂടെക്കൂടെയും ഊന്നിപ്പറഞ്ഞിട്ടുള്ളതാണു്."

സാമുദായികസോപാനത്തിൻെറ താഴത്തെപ്പടികളിൽ ജീവിക്കുന്ന തൊഴിലാളികളും സാമാന്യജനങ്ങളും നീതിയുടേയും സ്നേഹത്തിൻേറയും ന്യായങ്ങളാൽ അർഹിക്കുന്ന സാമ്പത്തികമായ സുഖസൗകര്യങ്ങൾ ലഭിക്കാതെ മററു രാജ്യങ്ങളിലെന്നപോലെ ഇൻഡ്യയിലും കഷ്ടപ്പെടുകയാണല്ലോ. ഇതിൻെറ ഫലമായി തൊഴിലാളി മുതലാളി സംഘട്ടനങ്ങളും വ്യവസായവാണിജ്യാദികളെ സ്തംഭിപ്പിക്കുന്ന പണിമുടക്കുകളും മററു കുഴപ്പങ്ങളും അനുദിനമെന്നോണം ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. നീതിയേയും സ്നേഹത്തേയും ആധാരമാക്കി ആധുനിക മാർപ്പാപ്പാമാർ അവരുടെ വിശ്വലേഖനങ്ങളിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ഈ കുഴപ്പങ്ങൾക്കെല്ലാം പരിഹാരമുണ്ടാക്കുവാൻ തികച്ചും പര്യാപ്തങ്ങളാകുന്നു. ദേശീയമായതോതിൽ ആ നിർദ്ദേശങ്ങളെ പ്രയോഗത്തിൽ വരുത്തുവാൻ ആവശ്യകങ്ങളായ പരിശ്രമങ്ങൾ ചെയ്യുന്നതിനു കത്തോലിക്കർക്കു കടമയുണ്ടു്. ആ കടമ നിർവഹിക്കുന്നതു പുതിയ ഭാരതത്തിൻെറ ക്ഷേമാഭിവൃദ്ധിക്കുവേണ്ടി അവർക്കു ചെയ്യാവുന്ന വലിയൊരു സേവനമാണു്. ദേശീയവും അന്തർദേശീയവുമായ കുഴപ്പങ്ങൾക്കെല്ലാം കാരണം സന്മാർഗ്ഗികനിയമം തത്വത്തിലും പ്രയോഗത്തിലും രാഷ്ട്രങ്ങളും സമുദായങ്ങളും വേണ്ടവിധം സ്വീകരിക്കാത്തതാണല്ലോ. സന്മാർഗ്ഗികനിയമത്തെ മൗലികമായ തത്വങ്ങൾക്കു ഭംഗം വരുത്താതെയും മാറിമാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്കു യോജിച്ചവിധത്തിലും വ്യാഖ്യാനിച്ചുകൊടുക്കുവാൻ കത്തോലിക്കാ തിരുസ്സഭയ്ക്കു ദൈവദത്തമായ കഴിവുണ്ടു്. ഈ വ്യാഖ്യാനങ്ങൾ മാർപ്പാപ്പാമാരുടെ വിശ്വലേഖനങ്ങളിൽ അടങ്ങിയിട്ടുണ്ടു്. അവയെ ഭരണാധികാരികളുടേയും ഭരണീയരുടേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും അവരെക്കൊണ്ടു് അവയെ സ്വീകരിപ്പിക്കുന്നതിനും കത്തോലിക്കർ പരിശ്രമിക്കുന്നപക്ഷം അതും പുതിയ ഭാരതത്തിനുവേണ്ടി അവർക്കു ചെയ്യാവുന്ന വലിയൊരു സേവന



കർദ്ദിനാൾ ഗിൽറോയി തിരുമന
ഇന്ത്യ

മായിരിക്കും. പബ്ലിക്ക ജീവിതത്തിൽ അനേകം അഴിമതികൾ നടക്കുന്നുണ്ടെന്നുള്ള മുറവിളി നാലുപാടും കേൾക്കപ്പെടുന്നു. ഈ അഴിമതികളെ ദൂരീകരിക്കുവാൻ ഔദ്യോഗികമായിത്തന്നെ സ്വീകരിക്കപ്പെടുന്ന നടപടികളൊന്നും സഫലമാകുന്നില്ലെന്നും നമുക്കറിയാം. ഈ വിഷയത്തിലും കത്തോലിക്കരാണ് മുൻനിന്നു പ്രവർത്തിക്കുകയും മാതൃക കാണിച്ചുകൊടുക്കുകയും ചെയ്യേണ്ടതു്. ഓരോ കത്തോലിക്കനും മനസാ, വാചാ, കർമ്മണാ സത്യസന്ധനായിരിക്കണമെന്നുള്ള തിരുസ്സഭാമാതാവിന്റെ ഉപദേശം ശിരസാവഹിച്ചു പ്രവർത്തിക്കുന്നതായാൽ അതും പുതിയ ഭാരതത്തിനുവേണ്ടി അവർക്കു ചെയ്യാവുന്ന ഏററവും വലിയ സേവനമാണു്. ഈ സേവനങ്ങളെല്ലാം പുതിയ ഭാരതത്തിനുവേണ്ടി ചെയ്യാമെന്നുള്ള ദൃഢമായ ഒരു പ്രതിജ്ഞ ഈ ശുഭാവസരത്തിൽ കത്തോലിക്കരെല്ലാം എടുക്കേണ്ടതാണെന്നു് ഞങ്ങൾ സവിനയം ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ഭാരതത്തിനു ഡൊമിനിയൻ പദവി സംലബ്ധമായതു് ദേവമാതാവിന്റെ സ്വർഗ്ഗാരോഹണത്തിരുനാളായ ആഗസ്റ്റ് 15-ാംനു- യായിരുന്നല്ലോ. സ്വർഗ്ഗത്തിലിരിക്കുന്ന മാതാവു് ഫാത്തിമായിൽ നൽകിയ രക്ഷാകരസന്ദേശത്തെ അവിടത്തെ തിരുസ്വരൂപത്തിന്റെ പര്യടനം വഴിയായി ഭാരതീയർക്കു നൽകിക്കൊണ്ടിരിക്കുന്ന ഏററവും അനുഗ്രഹദായകമായ സന്ദർഭത്തിലാണു് ഭാരതം പരമാധികാരത്തോടുകൂടിയ റിപ്പബ്ലിക്കിന്റെ നിലയിലേക്കുയരുന്നതു്. ഈ സ്വാതന്ത്ര്യപ്രാപ്തിക്കു് ഭാരതത്തെ ദൈവതിരുമുമ്പിൽ ഒരുക്കുവാനോ യെന്നു തോന്നുമാറു് ഭാരതത്തിന്റെ സേവനത്തിനായി ആയുഷ്കാലം മുഴുവനും പ്രതിഷ്ഠിച്ചിരിക്കുന്ന കത്തോലിക്കാവൈദികാദ്ധ്യക്ഷന്മാരെല്ലാവരും മാർപ്പാപ്പായുടെ പ്രത്യേകപ്രതിനിധിയായ ഒരു കർദ്ദിനാളിന്റെ അദ്ധ്യക്ഷതയിൽ ഒരു വാരത്തോളം കാലം സമ്മേളിച്ചു് പ്രാർത്ഥിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. ഈ സാഹചര്യങ്ങളോടുകൂടി സമാഗതമാകുന്ന സ്വാതന്ത്ര്യപ്രഖ്യാപനദിനം ഭാരതീയ കത്തോലിക്കരുടെ ദൃഷ്ടിയിൽ ഏററവും സന്തോഷാവഹമെന്നു മാത്രമല്ല ദൈവാനുഗ്രഹസംദായകവും ആയിരിക്കുന്നുണ്ടെന്നുള്ളതിൽ എന്താണാശ്ചര്യം? കർദ്ദിനാൾ ഗിൽറോയി തിരുമനസ്സുകൊണ്ടു് ബാംഗളൂരിൽവച്ചു് ഉച്ചരിച്ച വാക്കുകളെ ഓരോ ഭാരതീയകത്തോലിക്കനും തൽസ്ഥിതിയായി സ്വീകരിക്കുന്നതാണു്. "ഇന്ത്യയിലെ ജനങ്ങൾ ജാനുവരി 26-ാംനു- ആഹ്ലാദിക്കുവാൻ പോവുകയാണു്, കാരണം, ഇന്ത്യ അന്നു് ഒരു റിപ്പബ്ലിക്കായിത്തീരും. ഈ അവസരത്തിൽ ഇന്ത്യയിൽ സന്നിഹിതനായിരിക്കുന്നതിൽ എനിക്കു പ്രത്യേകമായ സന്തോഷമുണ്ടു്. ഇന്ത്യയിലെ ജനങ്ങളോടുകൂടി ആഹ്ലാദിക്കുവാൻ എനിക്കു ഭാഗ്യമുണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുകയും ചെയ്യുന്നു. ആഹ്ലാദിക്കുന്നതുകൊണ്ടുമാത്രം ഞാൻ തൃപ്തിയടയുന്നതുമല്ല. ഇന്ത്യയുടെ മേലും ഇൻഡ്യൻ ജനങ്ങളുടെ മേലും ഇന്നും എന്നും തന്റെ സമൃദ്ധങ്ങളായ അനുഗ്രഹങ്ങൾ വർഷിക്കേണമെയെന്നു് സർവ്വശക്തനായ ദൈവത്തോടു് ആ സുദിനത്തിൽ ഞാൻ ഹൃദയപൂർവ്വം പ്രാർത്ഥിക്കുകയും ചെയ്യും."

ഭാരതമാതാവു വിജയിപ്പൂതാക!

## അടുത്തയാഴ്ചയിൽ

ജാനുവരി

29 ഞാ: ദനഹ 4-ാം ഞായർ

30 തി: മർത്തീനാ

31 ചൊ: പത്രോസ് നൊളാസ്ക്കോ

ഫെബ്രുവരി

1 ബു: അഗനാത്തീസ്

2 വ്യാ: മാതാവിന്റെ ശുദ്ധീകരണം

3 വെ: ബ്ളാസിയോസ്

4 ശ: അന്ത്രയോസ് കുർസീനോസ്

——

നിരൂപണം

## അമ്മ

റവ. ഫാദർ ജോസഫ് മാവുങ്കൽ അവർകളുടെ പത്രാധിപത്യത്തിൽ ആലുവാ, മാർ തോമ്മാശ്ലീഹാ പ്രസ്സിൽനിന്നു ഈ ജാനുവരി മുതൽ പ്രസിദ്ധീകരിച്ചുതുടങ്ങിയിരിക്കുന്ന ഒരു ത്രൈമാസികമാണു് "അമ്മ." പിള്ളത്തൊട്ടിലിലെ പ്രേഷിതവേലയ്ക്കു മാതാക്കളെ പ്രാപ്തരാക്കുക, മാതൃത്വത്തോടുള്ള ബഹുമാനം സർവ്വഥാ പുലർത്തുക, ഇടവകകളിൽ മാതൃസംഘം സ്ഥാപിക്കുന്നതിനു പിന്തുണ നല്കുക, യഥാവിധി പിതൃഭക്തിയുംഉദ്ദീപിപ്പിക്കുക, ഭവനങ്ങൾമതപാഠനക്കളരികളായി രൂപാന്തരപ്പെടുന്നതിനുവേണ്ട പ്രായോഗികനിർദ്ദേശങ്ങൾ നല്കുക എന്നിവയത്രെ ഈ പ്രസിദ്ധീകരണത്തിന്റെ ലക്ഷ്യം. പ്രഥമലക്കത്തിൽ എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ആശീർവ്വാദലേഖനത്തിനു പുറമെ, മാതൃമാഹാത്മ്യത്തെ പരസ്കരിച്ചുള്ള പരിശുദ്ധ പിതാക്കന്മാരുടേയും വൈദികമേലദ്ധ്യക്ഷന്മാരുടേയും പ്രസ്താവങ്ങൾ, ഗദ്യപദ്യലേഖനങ്ങൾ, ചെറുകഥ, "അമ്മയുടെ വേദോപദേശക്ലാസ്സ്" എന്നിങ്ങനെ വിജ്ഞാനപ്രദങ്ങളും ഭക്തിസംവർദ്ധകങ്ങളുമായ പലതുമുണ്ടു്. മാതാവു സമുദായത്തിന്റെ ആണിക്കല്ലാണു്; പൗരസഞ്ചയത്തിന്റെഎന്നല്ല,ലോകത്തിന്റെതന്നെ സുസ്ഥിതിമാതാക്കളെയാണു ആശ്രയിച്ചിരിക്കുന്നതു്. ഏതന്ന്യായത്താൽ "അമ്മ"യുടെ പ്രസിദ്ധീകരണം കാലോചിതമായിട്ടുണ്ടെന്നും അതു സർവ്വപ്രകാരേണയും പ്രോത്സാഹനമർഹിക്കുന്നുണ്ടെന്നുമുള്ളതിനു ദ്വിപക്ഷമില്ല. ഉൽകൃഷ്ടലക്ഷ്യങ്ങളോടുകൂടി രംഗപ്രവേശംചെയ്തിരിക്കുന്ന "അമ്മ"യ്ക്കു എല്ലാ കുടുംബങ്ങളിലും പ്രവേശനം ലഭിക്കട്ടെയെന്നും, അങ്ങനെ സ്വപ്രേഷിതവൃത്തി സുതാര്യർഹമായി നിർവ്വഹിക്കട്ടെയെന്നുമാശംസിച്ചുകൊള്ളുന്നു.

[വരിസംഖ്യ ആണ്ടിൽ, 1 രൂപാ. തപാലിൽ 1-4-0. ഒററപ്രതിക്കു 4 ണ. റവ. ഫാദർ ജോസഫ് മാവുങ്കൽ, ആലങ്ങാടു", കോട്ടപ്പുറം (A. O. & P. O.) എന്ന വിലാസത്തിൽ എഴുതുക.]

## ഫാത്തിമാനാഥ

By റവ. ഡോക്ടർ ജോസഫ് ഏററുമാനൂക്കാരൻ. പേജ് 60. വില 6ണ. സെൻറ്ജോസഫ്സ്പ്രസ്സ്, തിരുവല്ല.

## ഫാത്തിമാ റാണി

By കെ. എ. പോൾ. വില 4 ണ. സാഹിത്യനിലയം പ്രസ്, കലൂർ, എറണാകുളം.

## ഫാത്തിമാ ഗീതാഞ്ജലി

By ജെ. പി. ആനന്ദഭവൻ പുത്തൻതോപ്പ്, കണിയാപുരം A. O. വില 3 ണ.

## ഫാത്തിമാസന്ദേശം

Published by the Carmelite Sisters, N. Parur.

മേൽപ്പറഞ്ഞ പുസ്തകങ്ങളുടെ ഓരോ പ്രതിഅയച്ചുതന്നതു കൈപ്പററി നന്ദി പറയുന്നു. ഇവയെല്ലാം ഫാത്തിമാനാഥയുടെ നേർക്കുള്ള ഭക്തി ഉദ്ദീപിപ്പിക്കുന്നതിനു് ഓരോരോ പ്രകാരത്തിൽ സഹായകമാണെന്നു അഭിപ്രായപ്പെടുന്നതിൽ അതിയായ സന്തോഷമുണ്ടു്. ഗ്രന്ഥങ്ങൾക്കു പ്രചുരപ്രചാരവും തൽകർത്താക്കൾക്കു സകല വിജയങ്ങളുമാശംസിച്ചുകൊള്ളുന്നു.

## കലണ്ടറുകൾ

ലിററിൽ ഫ്ളവർ പ്രസ് മഞ്ഞുമ്മൽ, കെ. വി. പോൾ, സോഡാ ഫാക്ടറി എറണാകുളം എന്നിവർ അയച്ചുതന്ന മനോഹരമായ കലണ്ടറുകൾ നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു.

പത്രാധിപർ




കേസിലെ വാദരീതികൾ കണ്ടു പരിഭ്രാന്തനായ ജയിൽപ്പുള്ളി വിളിച്ചു പറഞ്ഞു: "ഏമാനേ! നീതി! നീതി! എന്റെ ഏമാനേ! എന്നോടു നീതി ചെയ്യണേ!" അയാളുടെ അട്ടഹാസം കേട്ടു് കോപിഷ്ഠനായ ജഡ്ജി: "ഇതൊരു കോടതിയാണെന്നു പ്രതി മനസ്സിലാക്കണം."

* * *

അപ്പുറത്തെ ലഹളകേട്ടു് ഗൃഹനായകൻ വിളിച്ചുചോദിച്ചു: "മീൻ കൊണ്ടുവന്ന അവൾ പോയില്ലേ? ആരാണു അവിടെക്കിടന്നു ചിലയ്ക്കുന്നതു്?"

വേലക്കാരി: "കൊച്ചമ്മ."

* * *

നിത്യം കമ്മ്യൂണിസ്റ്റു് മീററിംഗിൽ സംബന്ധിക്കുന്നതിനായിപോയിരുന്ന ഒരു തൊഴിലാളി ഒരു ദിവസം പെട്ടെന്നു ആ പതിവു നിർത്തി. യജമാനൻ കാരണംചോദിച്ചപ്പോൾ അയാൾ പറഞ്ഞു: "ഇന്നലത്തെ മീററിംഗിൽ സമർത്ഥിച്ചതു തിരുവിതാംകൂർ ആളെണ്ണി പങ്കുവച്ചാൽ ഓരോരുത്തർക്കും 13 സെൻറ് സ്ഥലംകിട്ടുമെന്നാണു്."

"അതിനെന്താ?"

"എന്റെ പേരിൽ 20 സെൻറ് സ്ഥലമുണ്ടു്."

* * *

ചിത്രശാലയിൽ ചെന്ന സന്ദർശകൻ: "ഈ പടങ്ങൾ എന്തിനു വച്ചിരിക്കുന്നതാണു്?"

ഷോപ്പുടമസ്ഥൻ: "വില്ക്കാൻ."

സന്ദർശകൻ: "ഇവ തനിക്കു വില്ക്കാൻ സാധിക്കുമെങ്കിൽ താൻ അതിവസമർത്ഥനായിരിക്കണം. ആകയാൽ തനിക്കു് എന്റെ പീടികയിൽ ഒരു ജോലി തരാം."



...ിലെ അദ്ധ്യക്ഷതയിൽ, ബാംഗളൂരിൽ ജനുവരി 6 മുതൽ 18 വരെ തീയതികളിൽ സമ്മേളിച്ച സൂനഹദോസിൽ സംബന്ധിച്ചിരുന്ന ഇൻറർനൺഷിയോ,
...യിലെ മെത്രാപ്പോലീത്താമാർ, മെത്രാന്മാർ, രൂപതാപ്രതിനിധികൾ, സഭാശ്രേഷ്ഠന്മാർ, വേദപണ്ഡിതന്മാർ മുതലായവർ.

ബാങ്ക് ഓഫ് കോമേഴ്സ് (ക്ലിപ്തം)
ഹെഡ് ഓഫീസ്: പാലാ
(തിരുവിതാംകൂറിൽ രജിസ്റ്റർ ചെയ്തതു്)
ബ്രാഞ്ചുകൾ: പൂവരണി, പാലാ, പൊൻകുന്നം, കൊഴുവനാൽ, മേലുകാവുമററം, ഉപ്പുതറ.
സ്ഥിരം ഡിപ്പോസിററ്, സേവിംഗ്സ്, കറൻറ്, ഷോർട്ട് നോട്ടീസ്, ചിററിൽ ഡിപ്പോസിററ് ക്യാഷ് സർട്ടിഫിക്കേററ് മുതലായ എല്ലാ ഡിപ്പോസിററുകളെപ്പററിയും വേണ്ടതുപോലെ അറിഞ്ഞു് നിങ്ങൾക്കു് ഏററവും സൗകര്യമുള്ളതും ആദായം കൂടുതലുള്ളതും ഏതെന്നു് നിശ്ചയിച്ചു പ്രവർത്തിക്കുക.

ചെറുകഥ

# ക്ഷമാപണം

(പി. ജെ. മാത്യു, കടക്കച്ചിറ)

കുഞ്ഞൗസേപ്പ് ഒരു ശുദ്ധഹൃദയനാണെങ്കിലും മുൻകോപിയാണ്. ഹൃദയത്തിൽനിന്നും അച്ചതല്ലിക്കയറിവരുന്ന വികാരങ്ങളെ നിയന്ത്രിക്കുവാൻ അയാൾ കേവലം അശക്തനാണ്. തന്റെ നാവിൽ ഉദിക്കുന്ന ചില നല്ലപദങ്ങളെ തന്റെ ജ്യേഷ്ഠൻകേൾക്കെ തട്ടിമൂളിക്കുവാൻ അയാൾ ഒരിക്കലും മടിക്കാറില്ല.

നയജ്ഞനും തന്ത്രജ്ഞനും ആയ ഒരു പതിഞ്ഞ സ്വഭാവക്കാരനാണ് കുഞ്ഞൗസേപ്പിന്റെ ജ്യേഷ്ഠൻ വക്കി. എന്തോ, അവരുടെ സ്വഭാവങ്ങൾതമ്മിൽ ഉത്തരദക്ഷിണധ്രുവങ്ങൾപോലെ അകൽച്ചയാണ്. യോജിപ്പ് എന്നതു് അവരുടെ ജീവിതത്തിൽ ഉണ്ടായിട്ടില്ല.

അന്നു് പക്ഷികൾ ചേക്കേറാറായ സമയമാണ്. കുഞ്ഞൗസേപ്പും വക്കീയും തമ്മിൽ ഒരു ദ്വന്ദ്വയുദ്ധത്തിനു് പശ്ചാത്തലം ഒരുക്കുകയാണോ എന്നു തോന്നുമാറ് ഉജ്ജ്വലതമായ പ്രഭാഷണങ്ങൾ കല്ലുവച്ചരീതിയിൽ പരസ്പരം പ്രയോഗിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിർത്തിയിൽ നില്ക്കുന്ന ഒരു മുണ്ടപ്പനയാണ് അതിനു കാരണക്കാരൻ. പലപ്പോഴും ഈ അധരവ്യായാമം നടക്കാറുണ്ടായിരുന്നെങ്കിലും സമാധാനപ്രിയനായ അയൽക്കാരൻ തോമ്മാച്ചേട്ടന്റെ മദ്ധ്യസ്ഥതയിൽ പതിവുപോലെ അന്നത്തെ കലഹവും അവസാനിച്ചു.

നിത്യപ്രാർത്ഥനകൾക്കും അത്താഴത്തിനും ശേഷം കുഞ്ഞൗസേപ്പു നിദ്രയ്ക്കായി സ്ഥാനം പ്രാപിച്ചു. ചിന്താഗ്രസ്തനായിരുന്ന അയാൾ ഉരുണ്ടും തിരിഞ്ഞും രാത്രിയുടെ യാമങ്ങളെ ഒരോന്നോരോന്നായി തള്ളിവിട്ടു. ഉഷസ്സു വന്നു് ഭൂമിയുടെനേർക്കു് എത്തിനോക്കിയപ്പോൾ അയാൾ ഒന്നു മയങ്ങി. പുലർകാലപ്രാർത്ഥനകൾക്കായി കുഞ്ഞൗസേപ്പിന്റെ ഭാര്യ കുഞ്ഞേലി അയാളെ വിളിച്ചതു് ആ നിദ്രാവശൻ അറിഞ്ഞതേയില്ല.

മുററമടിക്കാൻ ചൂലുമായി ഇറയത്തേക്കിറങ്ങിയ കുഞ്ഞേലി കരിമ്പടംപുതച്ചു് കയറിവരുന്ന തോമ്മാച്ചേട്ടനെയാണു കണികണ്ടതു്.

"കുഞ്ഞൗസേപ്പ് എഴുന്നേററില്ലേ-?" തോമ്മാച്ചേട്ടൻ ചോദിച്ചു.

"ഇല്ല." കുഞ്ഞേലി മറുപടിപറഞ്ഞു.

തിണ്ണയിൽ കയറി, തലയിലിരുന്ന പാളത്തൊപ്പി എടുത്തു് തോമ്മാച്ചേട്ടൻ നാലുംകൂട്ടി അസ്സലായി ഒന്നു മുറുക്കി. എന്നിട്ടും കുഞ്ഞൗസേപ്പ് ഉണർന്നില്ല. "കുഞ്ഞൗസേപ്പേ, കുഞ്ഞൗസേപ്പേ!" തോമ്മാച്ചേട്ടൻ കലുക്കിവിളിച്ചു.

കണ്ണുതിരുമ്മി ഉണർന്ന കുഞ്ഞൗസേപ്പു ചോദിച്ചു: "തോമ്മാച്ചേട്ടനെന്താ കാലത്തെ ഇങ്ങോട്ട്.........?" വായിൽക്കിടന്ന മുറുക്കാൻപിണ്ടം തുപ്പിക്കളഞ്ഞു് സ്വരം ശരിപ്പെടുത്തിയശേഷം ആലോചനാപൂർവ്വം തോമ്മാച്ചേട്ടൻ പ്രശ്നം ചെയ്തു.

"നിങ്ങൾ ചേട്ടനും അനിയനുംതമ്മിൽ ഇങ്ങനെ വഴക്കുകൂടുന്നതു ശരിയാണോ?"

"അതെന്താ തോമ്മാച്ചേട്ടാ, അയാളെന്നെ ഒപ്പിക്കാൻവന്നാൽ ഞാൻ ചുമ്മാ ഇരിക്കണോ?" കുഞ്ഞൗസേപ്പ് തോമ്മാച്ചേട്ടനോടു തിരിച്ചുചോദിച്ചു.

"അതുവേണ്ടാ, എങ്കിലും അലോഹ്യം കൂടാതിരിക്കുന്നതല്ലേ നല്ലതു്?" ആ സമാധാനചിത്തൻ സുബുദ്ധി ഉപദേശിച്ചുകൊടുത്തു.

"അതെ, അതിനെന്നാ ചെയ്യണം?" അക്ഷമനായി കുഞ്ഞൗസേപ്പ് ചോദിച്ചു.

"നമുക്കു മലബാറിനു പോയാലെന്താ? ഞാൻ ഈയിടെ ഒന്നു നോക്കി കണ്ടു വന്നിരിക്കുകയാണ്. ആകപ്പാടെ തരക്കേടില്ല എന്നു തോന്നുന്നു." ആ ഗ്രാമീണനിരീക്ഷകൻ സുചിന്തിതമായ തന്റെ അഭിപ്രായം കുഞ്ഞൗസേപ്പിന്റെ മുമ്പിൽ ഇറക്കിവച്ചു.

"ഞാനും അതുതന്നെ ആലോചിച്ചുകൊണ്ടിരിക്കുകയാണ്." സ്ഥലംവിടാനുള്ള അയാളുടെ ആഗ്രഹം ആ വാക്കുകൾ വ്യക്തമാക്കി.

"അടുത്ത ആഴ്ചയിൽ ഒന്നുകൂടി പോകാൻ ഞാനുറച്ചിരിക്കുകയാണ്. നീഎന്തുപറയുന്നു?"

"ഞാനും പോരാം." അയാൾ തീർത്തു പറഞ്ഞു.

കാലചക്രത്തിന്റെ ഭ്രമണത്തിൽ വർഷം ഒന്നു കടന്നുപോയി. കുഞ്ഞൗസേപ്പ് തന്റെ പറമ്പും പുരയും വിററ് മലബാറിൽ പ്രകൃതിസൗന്ദര്യം നിറഞ്ഞ ഇരുപതേക്കർ സ്ഥലം വാങ്ങിച്ചു.

മുൾപ്പടർപ്പുകളാൽ മൂടപ്പെട്ട മലങ്കാടുകളും കണ്ണുകാണുകയില്ലാത്ത ഇതരകാനനങ്ങളും തകർത്ത് ഒന്നാന്തരം ഒരു വിളഭൂമിയാക്കി ആ കാടുകൾ കുഞ്ഞൗസേപ്പ് രൂപാന്തരപ്പെടുത്തി. ആ കർഷകന്റെ കലാവൈഭവത്തെ വിളംബരം ചെയ്തുകൊണ്ട് ഒരു കൊച്ചുമാട്ടം അവിടെ ഉയർന്നുവന്നു. വിശാലമനസ്കനായ തോമ്മാച്ചേട്ടന്റെ സഹകരണം കുഞ്ഞൗസേപ്പിനു വളരെ ആശ്വാസകരം തന്നെയായിരുന്നു.

ഭാര്യയോടും കുഞ്ഞുങ്ങളോടുംകൂടി കുഞ്ഞൗസേപ്പ് ജന്മദേശത്തോട് യാത്ര പറഞ്ഞു മലബാറിൽ താമസമാക്കി. കുഞ്ഞൗസേപ്പിന്റെ പ്രവർത്തനങ്ങളെ സസൂക്ഷ്മം വീക്ഷിച്ചിരുന്ന വക്കി പറഞ്ഞു: "അവൻ പോയി ഉലഞ്ഞുച്ചു വരുമെന്നു്." അതെ, അല്പം അസൂയാകലുഷിതമെങ്കിലും പ്രഥമദൃഷ്ടിയിൽ ആർക്കും തോന്നാവുന്ന ഒരഭിപ്രായമാണതു്.

കാച്ചുകാലമായി, മലബാർ ഒന്നു സന്ദർശിച്ചാൽ കൊള്ളാമെന്നു് വക്കിക്കു് ഒരാഗ്രഹം തുടങ്ങീട്ടു്. കുഞ്ഞൗസേപ്പിന്റെയും തോമ്മാച്ചേട്ടന്റെയും മററും സുസ്ഥിതിയെപ്പററി പറഞ്ഞുകേട്ടതാണ് ആ സന്ദർശനത്തിനു അയാളെ കൂടുതൽ പ്രേരിപ്പിച്ചതു്.

നാട്ടുകാരെയും വീട്ടുകാരെയും കണ്ടുകേട്ടു പോകുവാൻ വന്ന തോമ്മാച്ചേട്ടനോടുകൂടി വക്കി മലബാറിലേക്കു് യാത്രതിരിച്ചു. വാഹനങ്ങൾ അവരെ കുഞ്ഞൗസേപ്പിന്റെ താമസസ്ഥലത്തിനു രണ്ടുമൈൽ അടുത്തുവരെ എത്തിച്ചു. വഴിക്കു കണ്ട കർഷകത്തോട്ടങ്ങളും, വലിയ വലിയ എസ്റ്റേററുകളും വക്കിയെ ഹഠാദാകർഷിച്ചു. കലകലയായി വളഞ്ഞു് തൂങ്ങിക്കിടക്കുന്ന ഓറഞ്ചുകൾ, പനപോലെ വളരുന്ന ഏത്തവാഴക്കൂട്ടങ്ങൾ, തഴച്ചുപുളച്ചു വളരുന്ന നെൽച്ചെടികൾ ഇവയെല്ലാം വക്കിക്കു നൂതനകാഴ്ചകളായിരുന്നു. അങ്ങനെ നടന്നു് അവർ കുഞ്ഞൗസേപ്പിന്റെ വീടിനു് അടുത്തെത്തി. മനക്കടി അങ്ങോട്ടു കയറുവാൻ വക്കിയെ അനുവദിച്ചില്ല. അതുകൊണ്ടു് തോമ്മാച്ചേട്ടനോടുകൂടി അയാളുടെ വാസസ്ഥലത്തേക്കു പോയി.

ജ്യേഷ്ഠൻ വന്നിട്ടുണ്ടെന്നറിഞ്ഞു കുഞ്ഞൗസേപ്പ് ചെറുക്കനെ പറഞ്ഞയച്ചു ജ്യേഷ്ഠനെ വിളിച്ചുകൊണ്ടുവരുവാൻ. ഒരു തലവേദന അഭിനയിച്ചു്, വക്കി ചെറുക്കനെ തിരിച്ചയച്ചു.

"അതൊന്നും പറഞ്ഞാൽ പോരാ, ഞാൻ പറഞ്ഞെന്നു പറ ഇങ്ങോട്ടു വരാൻ." കുഞ്ഞൗസേപ്പ് രണ്ടു പിള്ളേരെ ഒന്നിച്ചയച്ചു.

"കാലത്തെ ഞാൻ വന്നേക്കാം." വക്കി രണ്ടാമതും ആ കുഞ്ഞുങ്ങളെ മടക്കിവിട്ടു. മരക്കൊമ്പിലിരുന്ന ഒരു കുരങ്ങു് വക്കിയെ നോക്കി കൊഞ്ഞനം കാണിച്ചു. ഒരു മലയണ്ണാൻ ചര്-ചര് ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് ലാംഗൂലമിളക്കി മരക്കൊമ്പിൽക്കൂടി പാഞ്ഞു.

രണ്ടുപ്രാവശ്യം ആളയച്ചിട്ടും തന്റെ വീട്ടിലേക്കു് വരാൻ മടിക്കുന്ന ജ്യേഷ്ഠനെപ്പററി കുഞ്ഞൗസേപ്പിനു് എന്തെല്ലാമോ തോന്നി. കോപവും താപവും നിരാശവും മാറിമാറി അയാളുടെ മുഖത്തു പ്രതിബിംബിച്ചു.

"എന്നാൽ ഞാൻതന്നെ ഒന്നു ചെല്ലട്ടെ." കുഞ്ഞൗസേപ്പ് വീട്ടുകാരിയോടായി പറഞ്ഞിട്ടു് ശീഘ്രം നടന്നു. ഒരു കൊച്ചുകാററു് മർമ്മരഗീതം പാടിക്കൊണ്ടു് അതിലെ കടന്നുപോയി.

ദൂരെവെച്ചുതന്നെ കുഞ്ഞൗസേപ്പിന്റെ ഭാവവ്യത്യാസം കണ്ട വക്കി അഭിനയത്തിൽ ഒന്നുകൂടി മുറുകെ പിടിച്ചു.

"എന്താ അങ്ങോട്ടു് ഒന്നു വരാൻ പറഞ്ഞിട്ടു്?" അയാളുടെ സ്വരത്തിലും ഭാവത്തിലും വികാരങ്ങളുടെ വേലിയേററം ദൃശ്യമായിരുന്നു.

"മഹാവല്ലാത്ത ഒരു തലവേദനകാരണം ക്ഷീണിച്ചുകിടന്നുപോയി." വക്കി ഒരു ചെറിയ കള്ളം പറഞ്ഞു.

"ഞാനും ഇവിടെ ജീവിക്കുന്നവനാണു്." നിരവധി ആശയങ്ങൾ തിരുകിവച്ചിരുന്ന കുഞ്ഞൗസേപ്പിന്റെ ആ വാക്കുകളിൽ സാഹോദര്യത്തിന്റെ മായാത്ത ബന്ധം വക്കി വ്യക്തമായി കണ്ടു. അനുജന്റെ ആത്മസംസ്കാരവും വ്യക്തിമാഹാത്മ്യവും മലബാറിൽ വച്ചു് അയാൾക്കു ബോദ്ധ്യപ്പെട്ടു.

"ഞാനിതാ വരുന്നു." വക്കി അനുജനോടായി പറഞ്ഞു.

"തോമ്മാച്ചേട്ടാ ഞാനിങ്ങോട്ടൊന്നിറങ്ങിട്ടുവരട്ടെ." തോമ്മാച്ചേട്ടൻ സമ്മതം മൂളി.

"എന്നാൽ പോകാം." വക്കി മുമ്പേ നടന്നു.

"ചേട്ടാ! ചേട്ടൻ എന്നെ ഒരു അന്യനെപ്പോലെ വിചാരിച്ചല്ലൊ?" കുഞ്ഞൗസേപ്പിന്റെ ഹൃദയത്തിൽ ചിറകെട്ടിനിർത്തിയിരുന്ന ദുഃഖം കണ്ണീർക്കണങ്ങളായി പകർന്നു. സാഹോദര്യത്തിന്റെ വിലതീരാത്ത ബന്ധം സ്പഷ്ടമായി കണ്ട ആ ജ്യേഷ്ഠൻ അനുജനോടു് ക്ഷമാപണം ചെയ്തു. അതെ! ഒരേ രക്തത്തിൽനിന്നും ഉടലെടുത്ത രണ്ടു രൂപങ്ങളാണു് അവർ. പരിഭവങ്ങൾക്കതീതരായി ഒരു താദാത്മ്യോൽക്കർഷത്തിൽ അവർ അമർന്നു.

കുഞ്ഞൗസേപ്പ് തന്റെ കൃഷിസ്ഥലങ്ങൾ അഭിമാനത്തോടെ ചുററിനടന്നു് തന്റെ ജ്യേഷ്ഠനെ കാണിച്ചു. വേലക്കള്ളനെന്നു് താൻ മുൻപു പഴിച്ചിരുന്ന കുഞ്ഞൗസേപ്പിന്റെ കൃഷിനൈപുണ്യത്തെ വക്കി മനസാ വാഴ്ത്തി. ഇലവും തെത്താപാലപ്പുള്ള കല്പകച്ചെടികളും, തഴക്കപോലെ വിരിഞ്ഞുനില്ക്കുന്ന ചേനകളും, കൊച്ചുരവാൾപോലെ വളഞ്ഞു്, വിളഞ്ഞുകിടക്കുന്ന നെൽക്കതിരുകളും, ആ കർഷകഹൃദയത്തെ പുളകം കൊള്ളിച്ചു. ഒരു കനാൻദേശത്തിന്റെ പ്രതീതി വക്കിയുടെ മനസ്സിൽ തങ്ങിനിന്നു. മുളകൊണ്ടുണ്ടാക്കിയ ആ കൊച്ചുകുടിൽ അനേകായിരം ചെലവാക്കി തീർക്കുന്ന വലിയ മണിമേടകളെക്കാൾ, വക്കിക്കു് ആകർഷകമായിത്തോന്നി.

"എന്നാൽ ഇങ്ങോട്ടെങ്ങാനും പോരെ, ചേട്ടാ!" വക്കിയുടെ ചിന്താഗതി മനസ്സിലാക്കിയ കുഞ്ഞൗസേപ്പ് പറഞ്ഞു

"അതാ ഭേദം—" വക്കി നിർത്തിനിർത്തി പ്രത്യുത്തരിച്ചു.

കഥാപ്രസംഗം
കേരളക്കരയിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ചു കഥകൾ നടത്തി അനേകം മഹാന്മാരിൽനിന്നും വിലയേറിയ സമ്മാനങ്ങളും പ്രശംസാപത്രങ്ങളും കരസ്ഥമാക്കിയ കേരളത്തിലെ ഏക ബാലകാഥികൻ.
മാസ്റ്റർ ടോം ജോസ്
ജൂബിലിവത്സരത്തിലെ പുതിയ കഥ
"രോഗിണി" (ബൈബിൾകഥ)
കൂടുതൽ വിവരങ്ങൾക്കു്
വർഗീസ് ജോസഫ് ഉഴുത്തുവാൽ
A. C. & P. C. അന്തീനാടു്

## കോ-തി-വാർത്തകൾ

ഐക്യസംസ്ഥാന ഹൈക്കോടതി ചീഫ് ജസ്റ്റിസായിരുന്ന ശ്രീ പുതുപ്പള്ളി എസ് കൃഷ്ണപിള്ളയ്ക്കു പകരം മദ്രാസ് ഹൈക്കോടതി ജഡ്ജിയായിരുന്നു റിട്ടയർചെയ്തശേഷം ഐക്യസംസ്ഥാനത്തെ പബ്ളിക് സർവ്വീസ് കമ്മീഷന്റെ ചെയർമനായി ജോലിനോക്കിയിരുന്ന ശ്രീ സി. കുഞ്ഞിരാമൻ ബാർ-അററ്-ലാ നിയമിതനായിരിക്കുന്നു.

—ഐക്യസംസ്ഥാന ഹൈക്കോടതി പ്യൂണി ജഡ്ജിയായിരുന്ന മി. കെ. ശങ്കരനെ പുതിയ ചീഫ് ജസ്റ്റിസായി നിയമിതനായിരിക്കുന്ന മി. സി. കുഞ്ഞിരാമനു പകരം പബ്ളിക് സർവ്വീസ് കമ്മീഷൻ ചെയർമനായി നിയമിച്ചിരിക്കുന്നു.

—ഇൻഡ്യൻ റിപ്പബ്ളിക് ഉൽഘാടനം സംബന്ധിച്ചു് ജനുവരി 26-ം 27-ം തീയതികൾ ഐക്യസംസ്ഥാനമൊട്ടുക്കു് പൊതുഒഴിവുദിനങ്ങളായി ഗവമ്മെൻറു് പ്രഖ്യാപനം ചെയ്തിരിക്കുന്നു.

—എൻ. എസ്. എസ്. കാരുടെ വകയായി തിരുവനന്തപുരത്തുള്ള മഹാത്മാഗാന്ധി കോളെജിലെ സ്റ്റുഡൻറ്സ് യൂണിയനംഗങ്ങൾ ജനുവരി 19-ാംനു പഠിപ്പുമുടക്കും ചില അക്രമപ്രകടനങ്ങളും നടത്തിയതായി ഒരു ഗവമ്മെൻറു് പ്രസ്സ്നോട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. അന്നു് പ്രസ്തുത വിദ്യാർത്ഥികൾ ഏതാനും കമ്മ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിൽ ഒരു ഘോഷയാത്ര നടത്തുകയും മാർഗ്ഗമദ്ധ്യേ അവരെ അഭിമുഖീകരിച്ച ഒരു ചെറുസംഘം പോലീസിനെ ആക്രമിക്കുകയും അവരിൽ മൂന്നുപേരെ ഗുരുതരമായി കുത്തിമുറിവേല്പിക്കുകയും ചെയ്തുവെന്നതായി പ്രസ്സ്നോട്ടിൽ തുടർന്നു പ്രസ്താവിച്ചിരിക്കുന്നു.

—ഒളിവിൽ നടന്നിരുന്ന ഒരു കമ്മ്യൂണിസ്റ്റു് പ്രവർത്തകനായ സഖാവു് വേലായുധൻതമ്പിയെ മാവേലിക്കരെവച്ചു അറസ്റ്റു് ചെയ്തിരിക്കുന്നു. അറസ്റ്റുചെയ്യാൻചെന്ന ഒരു പോലീസ്കാരനെ മി. തമ്പി കുത്തി കൊലപ്പെടുത്തിയതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു.

—ജനുവരി 26-ാംനു മുതൽ ഐക്യസംസ്ഥാനത്തെ അററാർണി ജനറലുദ്യോഗം നിർത്തലാക്കുകയും പകരം ഒരു അഡ്വക്കേറ്റു ജനറലിന്റെ തസ്തിക ഏർപ്പെടുത്തുകയും ചെയ്യുന്നതാണു്.

—മകരം 6-ാംനു കൂടിയ ഐക്യസംസ്ഥാനനിയമസഭയിൽവച്ചു്, ഇൻഡ്യൻ കോൺസ്ററാംബ്ലി പാസാക്കിയ ഭരണഘടന ഇവിടത്തെയും ഭരണഘടനയായി അംഗീകരിക്കണമെന്ന പ്രമേയം പാസാക്കിയിരിക്കുന്നു.

—ഇൻഡ്യാഗവമ്മെൻറിന്റെ നാട്ടുരാജ്യവകുപ്പു ജോയിൻറു് സിക്രട്ടറിയായിരുന്ന മി. ബുച്ചു്, മി. പനമ്പിള്ളി ഗോവിന്ദമേനോൻ, മി. വി. ഒ. മക്കാപ്പ് എന്നിവർ അംഗങ്ങളായിരുന്ന തിരുവിതാംകൂർ കൊച്ചി സംയോജനക്കമ്മിററിയുടെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

## ചരമം

കോടിക്കുളം കാപ്പിൽ ചെറിയതു് ഈപ്പൻ അവർകളുടെ ഭാര്യ ശ്രീമതി ഏലി ജനുവരി 18-ാംനു നിര്യാതയായിരിക്കുന്നു.

വിമർശനവീഥി

# മതസംഘടനകൾവേണ്ടേന്നോ

ഈ ജാനുവരി ആദ്യവാരത്തിൽ സാർവ്വദേശീയമായ ഒരു സർവ്വമതസമ്മേളനം ന്യൂഡൽഹിയിൽ നടത്തപ്പെടുകയുണ്ടായി. വിവിധ രാജ്യക്കാരും മതക്കാരുമായ നൂറിൽപ്പരം പ്രതിനിധികൾ അതിൽ സംബന്ധിച്ചു. വിവിധ മതക്കാരുടേയും വർഗ്ഗക്കാരുടേയും ഇടയിൽ മതപരമായ ഐക്യംവഴിയായി വർഗ്ഗീയവും രാഷ്ട്രീയവുമായ സാഹോദര്യബോധം പരിപോഷിപ്പിക്കുകയെന്നതാണു് ഈ മഹാസമ്മേളനത്തിന്റെ ഉദ്ദേശം. സമ്മേളനത്തിന്റെ പ്രഥമയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചതു് ഇൻഡ്യാഗവമ്മെൻറിലെ ആരോഗ്യവകുപ്പുമന്ത്രി രാജകുമാരി അമൃത് കൗർ എന്ന മഹതിയായിരുന്നു. അവരുടെ പ്രസംഗത്തിൽ സകലമതങ്ങളും സമസൃഷ്ടങ്ങളുടെ നേർക്കുള്ള സ്നേഹത്തെയാണു് പഠിപ്പിക്കുന്നതെന്നു് ഊന്നിപ്പറഞ്ഞു. യുദ്ധങ്ങൾ നടത്തുക, ജനങ്ങളെ പീഡിപ്പിക്കുക, വിദ്വേഷം ഉളവാക്കുക, മനുഷ്യനെ മനുഷ്യനിൽനിന്നു വേർതിരിച്ചുനിറുത്തുക ഇതെല്ലാം യഥാർത്ഥമതത്തിന്റെ അഭാവത്തിന്റെ ഫലമാണെന്നു പ്രാസംഗിക പ്രസ്താവിച്ചു. ലോകത്തിൽനിന്നു യുദ്ധഭീതിയെ നിർമ്മാർജ്ജനം ചെയ്യേണ്ടതാണെന്നും, മതത്തിന്റെ യഥാർത്ഥമായ ചൈതന്യം സ്വീകരിച്ചുകൊണ്ടു് മനുഷ്യനും മനുഷ്യനുംതമ്മിൽ പൂർവ്വാധികം ധാരണയും സന്മനസ്സും ഉളവാക്കേണ്ടതാണെന്നും പ്രാസംഗിക ഉദ്ബോധിപ്പിച്ചു. ഈ ആശയങ്ങളെല്ലാം സർവ്വാദരണീയങ്ങൾതന്നെ.

എന്നാൽ ആദരണീയങ്ങളല്ലാത്ത വേറേചില ആശയങ്ങൾ പ്രസ്തുതപ്രസംഗത്തിൽ കാണുന്നുണ്ടു്. "മതത്തിനല്ല, പ്രത്യുത സംഘടിതമതത്തിനാണു് തോൽവി പററിയിരിക്കുന്നതു്. മുസ്ലീംപള്ളികളിലും, ക്രൈസ്തവദേവാലയങ്ങളിലും, ക്ഷേത്രങ്ങളിലും, ഒരേദൈവത്തെത്തന്നെയാണു് മനുഷ്യൻ ആരാധിക്കുന്നതു്. നാം ആരാധിക്കുന്നവിധത്തിലല്ല, പ്രത്യുത നാം നയിക്കുന്ന ജീവിതത്തിലാണു് നാം ശ്രദ്ധപതിപ്പിക്കേണ്ടതു്. സാക്ഷാൽ കാര്യമായിട്ടുള്ളതു് നമ്മുടെ അയൽക്കാരനോടും കുടുംബത്തിനോടും പ്രവിശ്യയോടും രാജ്യത്തോടും ലോകത്തോടുമുള്ള നമ്മുടെ പെരുമാററമാകുന്നു."

### സംഘടന ആവശ്യം

ഈ പ്രസ്താവങ്ങളിൽ ഒന്നാമതായി "സംഘടിതമതത്തെ" പ്രാസംഗിക അപലപിക്കുന്നു. മതത്തിനു തോൽവി പററിയതു മതം സംഘടിതരൂപം സ്വീകരിച്ചിരിക്കുന്നതുകൊണ്ടാണെന്നു് പ്രാസംഗിക വിചാരിക്കുന്നു. ഇതിൽ ആശയക്കുഴപ്പമുണ്ടു്. സംഘടിതരൂപം മറേറതൊരു കാര്യത്തിലുമെന്നപോലെ മതത്തിന്റെ കാര്യത്തിലും അപജയത്തിനല്ല, പ്രത്യുത വിജയത്തിനാണു് നിദാനമാകുന്നതു്. രാഷ്ട്രീയകാര്യങ്ങളിൽ മനുഷ്യർക്കു ഭിന്നങ്ങളായ വിശ്വാസങ്ങളുണ്ടല്ലോ. ഭിന്നങ്ങളായ രാഷ്ട്രീയവിശ്വാസങ്ങളുള്ളവർ ഓരോരുത്തരും ആ വിശ്വാസം താന്താങ്ങളുടെ രഹസ്യകാര്യമായി വച്ചിരിക്കാതെ പൊതുക്കാര്യമായി സ്വീകരിക്കുകയും, ആ വിശ്വാസത്തെ ആധാരമാക്കി സംഘടിക്കുകയും ചെയ്തുവരുന്നു. രാഷ്ട്രീയവിശ്വാസത്തെ ആധാരമാക്കിയുള്ള സംഘടനകളാണു് രാഷ്ട്രീയപാർട്ടികൾ. പാർട്ടികളായി രാഷ്ട്രീയവിശ്വാസികൾ സംഘടിക്കുകയും സംഘടനാരൂപത്തിൽ പ്രവൃത്തികൾ നടത്തുകയും ചെയ്യുന്നതുകൊണ്ടു് അവരുടെ രാഷ്ട്രീയ വിശ്വാസത്തിനു കോട്ടംതട്ടുന്നതായിട്ടല്ല, പ്രത്യുത ശക്തി വർദ്ധിക്കുന്നതായിട്ടാണു് നാം കാണുന്നതു്. സംഘടനമൂലമുണ്ടാകുന്ന ഒത്തൊരുമിച്ചുള്ള പരിശ്രമങ്ങളാൽ പാർട്ടിയിലെ ഓരോ അംഗത്തിന്റേയും രാഷ്ട്രീയവിശ്വാസം ബലവത്തരമായിത്തീരുകയും, പ്രസ്തുത വിശ്വാസത്തെ പ്രവൃത്തിയിൽ വരുത്തുവാൻ ഓരോ അംഗത്തിനും കൂടുതൽ പ്രാപ്തിയുണ്ടാകുകയും ചെയ്യുന്നു. ഇതുപോലെതന്നെയാണു് മതവിശ്വാസത്തിന്റെ കാര്യവും. ഒരു പ്രത്യേക മതവിശ്വാസം സ്വീകരിക്കുന്നവർ ഒറെറാററയായി നില്ക്കുകയും സ്വകാര്യമായി പ്രവർത്തിക്കുകയും ചെയ്യുന്നതിനെക്കാൾ അവർ എല്ലാവരും സംഘടിച്ചു നില്ക്കുകയും പൊതുവായി പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണു് അവർ ഓരോരുത്തരുടേയും മതവിശ്വാസത്തിനു ദാർഢ്യം ഉണ്ടാകുകയും അതു പ്രവൃത്തിയിൽ വരുത്തുവാൻ അവർക്കു കൂടുതൽ പ്രാപ്തിയുണ്ടാകുകയും ചെയ്യുന്നതു്. ഭിന്നങ്ങളായ രാഷ്ട്രീയവിശ്വാസമുള്ളവർ ഭിന്നങ്ങളായ രാഷ്ട്രീയ പാർട്ടികളായി സംഘടിക്കുന്നതുകൊണ്ടു് രാഷ്ട്രീയ വിശ്വാസത്തിനു ഭംഗം വരണമെന്നില്ല; രാഷ്ട്രീയ പാർട്ടികൾ തമ്മിൽ കലഹം ഉണ്ടാകണമെന്നും ഇല്ല. വല്ലപ്പോഴും കലഹമുണ്ടാകുന്നുണ്ടെങ്കിൽ അതിനു കാരണം സംഘടനയല്ല, പ്രത്യുത സംഘടനയിലുൾപ്പെട്ടിരിക്കുന്ന അംഗങ്ങൾ ഓരോരുത്തരുടേയോ പൊതുവിൽ സംഘടനയുടേയോ അസഹിഷ്ണുതാസമ്പ്രദായമാണു്. തന്റെ രാഷ്ട്രീയവിശ്വാസം പാലിക്കുവാനും പോഷിപ്പിക്കുവാനും പ്രവൃത്തിയിൽ വരുത്തുവാനും തനിക്കവകാശമുള്ളതുപോലെ മററുള്ളവർക്കും അവകാശമുണ്ടെന്നു ഓരോ ആൾക്കും ഓരോ പാർട്ടിക്കും ബോദ്ധ്യമുണ്ടായിരിക്കുകയും തദനുസരണം അവർ പ്രവർത്തിക്കുകയും വേണം. "ജീവിക്കുക, ജീവിക്കാനനുവദിക്കുക" യെന്ന പ്രമാണം രാഷ്ട്രീയ പാർട്ടികളും അവയിലെ അംഗങ്ങളും തത്വത്തിലും പ്രയോഗത്തിലും സ്വീകരിക്കുന്നതായാൽ പാർട്ടികൾക്കു ഏററവും സമാധാനത്തോടും സൗഹാർദ്ദതയോടുംകൂടി കഴിഞ്ഞുകൂടുവാൻ സാധിക്കും. പാർട്ടിസമ്പ്രദായം രഹസ്യവും പരസ്യവുമായ രാഷ്ട്രീയജീവിതത്തിനു ഏററവും സഹായകമായിരിക്കുകയും ചെയ്യും. ഇംഗ്ലണ്ടിലേയും, അമേരിക്കയിലേയും മററു പ്രജായത്തരാജ്യങ്ങളിലേയും അനുഭവം ഈ വസ്തുതയ്ക്കു സാക്ഷ്യം വഹിക്കുന്നുമുണ്ടു്. ഇംഗ്ലണ്ടിൽ യാഥാസ്ഥിതികർ, ഉൽപതിഷ്ണുക്കൾ, തൊഴിലാളി എന്ന മൂന്നു പാർട്ടികളുണ്ടല്ലോ. ഇവർ പരസ്പരം സമാധാനത്തിലും സൗഹാർദ്ദതയിലും കഴിഞ്ഞുകൂടുന്നുണ്ടു. അവിടെ പാർട്ടിസമ്പ്രദായം രാഷ്ട്രീയജീവിതത്തെ ക്ഷേമകരമാക്കിത്തീർത്തുകൊണ്ടിരിക്കുകയാണു്. ഇങ്ങനെതന്നെ അമേരിക്കയിലും. അവിടെ ഡെമോക്രാററുകൾ, റിപ്പബ്ലിക്കർ എന്ന രണ്ടു പാർട്ടികളുണ്ടു്. ഇവർ തമ്മിലും സമാധാനവും സൗഹാർദ്ദതയും കളിയാടിക്കൊണ്ടിരിക്കുന്നു. തന്മൂലം അവിടത്തെ രാഷ്ട്രീയജീവിതം അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നു.

സ്വേച്ഛാധിപത്യരാജ്യങ്ങളിൽ, ഉദാഹരണമായി റഷ്യയിലും, റഷ്യയുടെ പിടിയിലമർന്നിരിക്കുന്ന തെക്കുകിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും, മുസോലിനിയുടെ ഇററലിയിലും. ഹിററ്ലറുടെ ജർമ്മനിയിലും അനുഭവം മറിച്ചാണു്. അവിടെ ഒരേ ഒരു പാർട്ടിക്കേ സ്ഥാനമുള്ളൂ. മററു പാർട്ടികളെല്ലാം മർദ്ദിക്കപ്പെടുകയും നാമാവശേഷമാക്കപ്പെടുകയും ചെയ്യുന്നു. തന്മൂലം അവിടങ്ങളിൽ രാഷ്ട്രീയജീവിതത്തിനു അധഃപതനമാണുള്ളതു്. ഇതിന്റെ കാരണം മുൻപറഞ്ഞ തത്വം അവർ സ്വീകരിക്കാത്തതാണു്. രാഷ്ട്രീയവിശ്വാസത്തിൽ അവർ അസഹിഷ്ണുക്കളാണു്. അവരുടെ രാഷ്ട്രീയവിശ്വാസത്തോടു യോജിക്കാത്തവർക്കു ജീവിക്കുവാനുള്ള സ്വാതന്ത്ര്യംപോലും അവർ അനുവദിക്കുന്നില്ല.

### മതസംഘടന ആവശ്യം

മതക്കാർ തമ്മിൽ കലഹിക്കുന്നതു മതങ്ങൾ സംഘടിതങ്ങളായിരിക്കുന്നതുകൊണ്ടല്ല, പ്രത്യുത മതാനുസാരികളായ വ്യക്തികളും മതസംഘടനകളും അസഹിഷ്ണുത വിചാരത്തിലും പ്രവൃത്തിയിലും സ്വീകരിക്കുന്നതുകൊണ്ടാണു്. വ്യത്യസ്തങ്ങളായ വിശ്വാസങ്ങൾ സ്വീകരിക്കുന്ന രണ്ടു മതങ്ങൾ തമ്മിൽ, അല്ലെങ്കിൽ രണ്ടു മതാനുസാരികൾ തമ്മിൽ എന്തിനുകലഹിക്കുന്നു? അവനവന്റെ മനസ്സാക്ഷിയുടെ ശാസനയനുസരിച്ചു് ക്രമസമാധാനങ്ങൾക്കു ഭംഗം വരാത്ത വിധത്തിൽ ഏതു വിശ്വാസവും സ്വീകരിക്കുവാനും അനുഷ്ഠിക്കുവാനും സകലമനുഷ്യർക്കും അവകാശമുണ്ടല്ലോ. ഈ അവകാശം അവരവർക്കുള്ളതുപോലെ മററുള്ളവർക്കുമുണ്ടെന്നു സകലമതസംഘടനകളും അവയുടെ സകല അംഗങ്ങളും തത്വത്തിൽ സമ്മതിക്കുകയും തദനുസരണം പ്രവർത്തിക്കുകയും ചെയ്താൽ വ്യത്യസ്തങ്ങളായ വിശ്വാസങ്ങളോടുകൂടിയ സകലമതങ്ങൾക്കും സമാധാനത്തിലും സൗഹാർദ്ദതയിലും കഴിഞ്ഞുകൂടുവാൻ സാധിക്കും. ഈ തത്വം പ്രാസംഗിക സമ്മതിക്കുന്നുമുണ്ടു്. സകലമതങ്ങളും സ്നേഹമാണു പഠിപ്പിക്കുന്നതെന്നു് അവർ ഖണ്ഡിതമായും ശരിയായും പറയുന്നതിന്റെ അർത്ഥം ഇതാണല്ലോ. സ്നേഹം പഠിപ്പിക്കുന്ന മതങ്ങൾ തമ്മിൽ ദ്വേഷത്തിലും കലഹത്തിലും കഴിഞ്ഞുകൂടുന്നെങ്കിൽ അതിനു കാരണം ആ മതങ്ങളുടെ വ്യത്യസ്തങ്ങളായ വിശ്വാസങ്ങളല്ലെന്നും, പ്രത്യുത ആ മതങ്ങൾ പഠിപ്പിക്കുന്ന സ്നേഹസിദ്ധാന്തം മതാനുസാരികൾ, അല്ലെങ്കിൽ മതസംഘടനകൾ പ്രവൃത്തിയിൽ വരുത്താത്തതാണെന്നും സ്പഷ്ടമല്ലയോ? തന്മൂലം മതങ്ങൾ തമ്മിൽ സ്നേഹത്തിലും സൗഹാർദ്ദതയിലും കഴിഞ്ഞുകൂടുവാനുള്ള വ്യവസ്ഥയായി മതാനുസാരികൾ ഒറെറാററയായി നില്ക്കണമെന്നും അവർ സംഘടിക്കരുതെന്നും നിർദ്ദേശിക്കുന്നതിൽ യാതൊരു യുക്തിയോ യാഥാർത്ഥ്യമോ ഇല്ല.

മാത്രമല്ല, ഏതു മതത്തിന്റേയും അനുയായികൾക്കു അവരവരുടെ മതവിശ്വാസമനുസരിച്ചു ജീവിക്കുവാൻ മതസംഘടന അവശ്യം ആവശ്യവുമാണു്. മററു തുറയിലുമുള്ള ജീവിതത്തിന്റെ കാര്യത്തിലെന്നപോലെ മതജീവിതത്തിനും അനുകൂലങ്ങളായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനു സംഘടന ഒഴിച്ചുകൂടാത്തതാണു്. മുസ്ലീമങ്ങളുടേയോ ക്രിസ്ത്യാനികളുടേയോ കാര്യമെടുക്കുക. പള്ളികളും ദേവാലയങ്ങളും മതജീവിതത്തിന്റെ പാലനത്തിനും അഭിവൃദ്ധിക്കും സഹായകങ്ങളോ ആവശ്യകങ്ങളോ ആണെന്നാണല്ലോ അവർ വിശ്വസിക്കുന്നതു്. ആ ഓരോ മതക്കാരും സംഘടിക്കാതെ ഒറെറാററയായി നില്ക്കുന്നപക്ഷം പള്ളികളും ദേവാലയങ്ങളും പണിയുവാനും സംരക്ഷിക്കുവാനും അവർക്കെങ്ങനെ സാധിക്കും? അവരുടെ മതതത്വങ്ങൾ ബാലികാബാലന്മാരെ പഠിപ്പിക്കുകയും അതുവഴിയായി അവരെ ശരിയായ മതാനുസാരികളായി വളർത്തുകയും ചെയ്യുന്നതിനു മതവിദ്യാലയങ്ങൾ ആവശ്യകങ്ങളല്ലയോ? സംഘടിക്കാതെ ഒറെറാററയായി നിന്നാൽ പ്രസ്തുതസ്ഥാപനങ്ങൾ ഏർപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും അവർക്കെങ്ങനെ സാധിക്കും? ആകയാൽ "സംഘടിതമതം" ആവശ്യമില്ലെന്നു പറയുന്നതിലും യാതൊരു യുക്തിയോ യാഥാർത്ഥ്യമോ ഇല്ലതന്നെ. മതങ്ങൾ തമ്മിൽ സ്നേഹത്തിലും സൗഹാർദ്ദതയിലും കഴിഞ്ഞുകൂടുവാൻ മാർഗ്ഗമന്വേഷിക്കുന്നവർ സംഘടിതമതത്തെ അപലപിക്കുകയോ നശിപ്പിക്കുവാൻ ശ്രമിക്കുകയോ അല്ലാ വേണ്ടതു്; പ്രത്യുത മതസംഘടനകളേയും അവയിലെ അംഗങ്ങളേയും സ്നേഹത്താൽ പ്രേരിതരാക്കുകയും ആ പ്രേരണയാൽ മററുമതസംഘടനകളോടു സഹിഷ്ണുതയിലും സൗഹാർദ്ദതയിലും കഴിഞ്ഞുകൂടുവാൻ അവരെ ഉപദേശിക്കുകയും അതിനുള്ള സാഹചര്യങ്ങളും സാദ്ധ്യതകളും സൃഷ്ടിച്ചുകൊടുക്കുകയുമാണു വേണ്ടതു്.

1950-ലെ ഫാത്തിമാകലണ്ടർ 0—4—0 Net

| | |
|---|---|
| ഫാത്തിമാമൃതം പാട്ടു. | 0—2—0 |
| Do നൊവേന | 0—1—0 |

Do പടങ്ങൾ വിവിധതരത്തിൽ. പലതരം കൊന്തകൾ, കാശുരൂപങ്ങൾ, ഫാത്തിമാക്കൊടികൾ, ബാഡ്ജുകൾ.

മാനേജർ, ചെറുപുഷ്പം പ്രസ്സ്, മഞ്ഞുമ്മൽ

## നിങ്ങൾക്കറിയാമോ?

(4-ാം പേജു് തുടർച്ച)

(ഉത്തരങ്ങൾ)

1 വിക്ടർ പെരോൺ.
2 മൈറൺ ടെയ്ലർ.
3 ജോർജ്ജ് വാഷിംഗ്ടൺ.
4 4 കൊല്ലം.
5 എബ്രഹാം ലിങ്കൺ.

## Communism, Enemy of the People

**A Russian Refugee's Statement**

Mr. Alexei B. Libecov is an exile who managed to escape from Russia during the last few years. He had once been a loyal and enthusiastic supporter of Communism. Unable to bear the tyranny of the Communist rulers and starvation and suffering, he fled to America.

To an American friend who asked Mr. Alexei B. Liberov his impressions of Communism in Russia this erstwhile Russian Communist said:

"To the American Communists, who, by the way, are the object of continuous ridicule on the part of Communist officials in Russia, I would like to make the following statements:

1. Communism has existed in Russia for nearly twenty years.
2. Communism has robbed the Russian workers and peasants and enslaved them.
3. Communism has refused to pay Russian workers a living wage.
4. Communism is interested in machines and not in men.
5. Communism has debased Russian youth.
6. Communism has destroyed all individual freedom.
7. Communism has forbidden all popular criticism.
8. Communism has destroyed freedom of speech.
9. Communism has destroyed freedom of the press.
10. Communism has destroyed freedom of assemblage.
11. Communism has destroyed freedom of petition.
12. Communism has destroyed the Labour Union.
13. Communism has forbidden all strikes.
14. Communism is the enemy of the working man.
15. Communism has increased the hours of labour.
16. Communism has reduced weekly wages.
17. Communism is the enemy of women.
18. Communism has forced women to work in factories.
19. Communism has forced children to operate machines.
20. The poorest people in the world are the Russians, made so by Communism.
21. The most miserable people in the world are the Russians.
22. The most enslaved people in the world are the Russians made so by Communism.
23. No foreigner who has recently worked in Russia has remained a Communist.
24. No Russian worker or peasant who has escaped from Russia has remained a Communist.
25. I was a Communist—I am a Communist no longer."

## ഐറിഷ് പ്രധാനമന്ത്രി

അയർലണ്ടിലെ പ്രധാനമന്ത്രിയായ കൊസ്റ്റെല്ലോ സ്വപത്നിയും പുത്രരുമൊരുമിച്ചു് റോമിലേക്കു തീർത്ഥയാത്രകഴിക്കുന്നതിനായി ജാനുവരി 11-ാംനു ഡബ്ളിനിലേക്കു പുറപ്പെട്ടിരിക്കുന്നു.

പ്രഭാഷണം

# മഹനീയകൃത്യം

“ജ്ഞാനത്തിനായി അവൾ തന്റെ വായ് തുറന്നു; ആർദ്രതയുടെ നിയമം അവളുടെ നാവിലുണ്ട്.” (സുഭാ. XXXI-26).

ജപ്പാനിലെ മതപീഡനചരിത്രത്തിലെ ഹൃദയാവർജ്ജകമായ ഒരു രംഗം. അനുഗൃഹീതനായ ഫാദർ സ്പിനോളയും എലിസബെത്ത് എന്ന മഹതിയും അവളുടെ അരുമസന്താനമായിരുന്ന ഇഗ്നേഷ്യസും വേറെ 28 ക്രിസ്ത്യാനികളും ജ്വലിക്കുന്ന അഗ്നികുണ്ഡത്തിനു സമീപം നിറുത്തപ്പെട്ടിരിക്കുന്നു. അപ്പോൾ എലിസബെത്ത് തന്റെ കുഞ്ഞിനെ എടുത്തുകൊണ്ട് വൈദികനോടു പറയുന്നു: “പിതാവേ, ഇഗ്നേഷ്യസിനെ ആശീർവദിക്കുക. എന്നോടുകൂടി മരിക്കുവാൻ അവൻ സന്നദ്ധനായിരിക്കുന്നു. എനിക്കേറ്റം പ്രിയമുള്ള രണ്ടു വസ്തുക്കളെ—എന്റെ ഈ ഓമനയേയും എന്റെ ജീവനേയും—ഇതാ ഞാൻ ദൈവത്തിനു സമർപ്പിക്കുന്നു.” അനന്തരം കുട്ടിയുടെ നേരെ തിരിഞ്ഞുകൊണ്ട് ആ ധന്യ പറഞ്ഞു: “കുഞ്ഞേ, നിന്നിൽനിന്നു ഇപ്പോൾ എടുക്കുവാൻപോകുന്ന ജീവനെക്കാൾ അനേകമടങ്ങ് വിലയുള്ള ക്രിസ്തീയചൈതന്യത്തെ നിനക്കു പ്രദാനംചെയ്ത ആ നല്ല വൈദികൻ ഇതാ നിൽക്കുന്നു; ഓമനേ, നിനക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും നിന്നെ ആശീർവദിക്കുന്നതിനും അദ്ദേഹത്തോടപേക്ഷിക്കുക.” ആ കുഞ്ഞുവേദസാക്ഷി മുട്ടുകുത്തി അമ്മ ആവശ്യപ്പെട്ടവിധം ചെയ്തു. അത് അവിടെയുണ്ടായിരുന്ന സകലരുടേയും ഹൃദയങ്ങളെ സ്പർശിച്ചു...ഭയങ്കരങ്ങളായ മതമർദ്ദനങ്ങൾക്കുശേഷവും ജപ്പാനിലെ ക്രിസ്ത്യാനികളുടെ വിശ്വാസം സജീവമായി നിലനിന്നതിൽ അത്ഭുതമില്ല! ക്രിസ്തീയമാതാക്കൾ എല്ലാ കാലങ്ങളിലും പ്രവർത്തിച്ചിട്ടുള്ളത് ഇപ്രകാരമാണ്. അതേ, അവർ അത്രെ സ്ഥൂലലോകത്തിന്റെ വശീകരണീയതങ്ങളേയും മറ്റനർഘമണികളേയും ക്രിസ്തുവിലുള്ള സ്നേഹവും വിശ്വാസവും നിമിത്തം തൃണവൽഗണിക്കുന്നതിനു ചങ്കുറപ്പുള്ള സന്താനങ്ങളെ തിരുസ്സഭക്ക് എന്നും നൽകിക്കൊണ്ടിരിക്കുന്നു.

തന്റെ പുത്രനായ ജോൺ ബോസ്കോ വൈദികവിദ്യാർത്ഥിയായി ഉടുപ്പിട്ടപ്പോൾ മമ്മ മാർഗരറ്റ് നൽകിയ ഹൃദയസ്പൃക്കായ ഉപദേശം ഇപ്രകാരമാണ്: “പ്രിയ ജോണീ, നീ ഇതാ വൈദികവസ്ത്രം സ്വീകരിച്ചിരിക്കുന്നു. ഈ സംഗതി എന്റെ ഹൃദയത്തെ സന്തോഷത്താലും സമാശ്വാസത്താലും പൂരിപ്പിക്കുന്നു എന്നു നിനക്കു ഊഹിക്കാമല്ലോ. നിന്റെ ഈ പുതിയ ജീവിതാവസ്ഥയ്ക്കു ഭൂഷണമായിരിക്കേണ്ടത് ഈ വസ്ത്രമല്ല, പ്രത്യുത, സുകൃതാനുഷ്ഠാനമാണെന്നു സദാ സ്മരിച്ചുകൊള്ളണം. നിന്റെ ദൈവവിളിയെപ്പറ്റി നിനക്കു എന്തെങ്കിലും സംശയം ജനിക്കുന്നുവെങ്കിൽ ഉടൻതന്നെ ഈ വസ്ത്രം ഊരിക്കളയണമെന്നാണ് എന്റെ അപേക്ഷ. എന്തുകൊണ്ടെന്നാൽ എന്റെ പുത്രൻ, സ്വകൃത്യങ്ങളിൽ വിമുഖനായ ഒരു പുരോഹിതനാകുന്നതിനെക്കാൾ വിനീതനായ ഒരു കർഷകനാകുന്നതാണ് എനിക്കു കൂടുതൽ ഇഷ്ടം. നീ ജനിച്ച അവസരത്തിൽ ഞാൻ നിന്നെ പരിശുദ്ധ കന്യകയ്ക്കു പ്രതിഷ്ഠിച്ചു...... ഇപ്പോൾ നിന്നോടു ഞാൻ അപേക്ഷിക്കുന്നത് നീ മുഴുവനായും പരിശുദ്ധ മാതാവിന്റേതായിത്തീരണമെന്നാണ്...” ഗുരുനാഥന്മാരുടെ ഉപദേശങ്ങളെക്കാളധികം ജോൺബോസ്കോയുടെ ഹൃദയത്തിൽ ആഴമായി പതിഞ്ഞത് കേവലം ഒരു ഗ്രാമീണസ്ത്രീയായിരുന്ന മാർഗരറ്റിന്റെ വാക്കുകളാണ്. എഴുപതു വയസ്സായപ്പോഴും അമ്മയുടെ ഉപദേശങ്ങൾ അദ്ദേഹം അനുസ്മരിച്ചിരുന്നു. സുകൃതിനിയായ ഒരു ക്രിസ്തീയമാതാവിന്റെ പ്രേരണാശക്തിമൂലം ഉളവാകാവുന്ന വിശിഷ്ടാനുഗ്രഹങ്ങൾ ഏവയെന്നു വി. ജോൺബോസ്കോയുടെ പ്രേഷിതവൃത്തികളും അവയുടെ അനന്തരഫലങ്ങളും ലോകത്തോടു ഉച്ചൈസ്തരം വിളിച്ചുപറയിക്കുന്നു.

ഒരു വ്യക്തിയുടെ ജീവിതവും സ്വഭാവവും കരുപ്പിടിക്കുന്നതിൽ മാതാവിനുള്ള മഹനീയസ്ഥാനത്തെപ്പറ്റി ഫ്രഡറിക്ക് ഷാനൺ മനോഹരമായ ഭാഷയിൽ പ്രസ്താവിക്കുന്നതു കേട്ടാലും: “അവർ (മാതാക്കൾ) മാർബിൾകൊണ്ടു പ്രതിമകൾ നിർമ്മിക്കുന്നില്ല; വിവിധവർണ്ണങ്ങൾ ചേർത്തു ശോഭനങ്ങളായ ചിത്രങ്ങൾ ആലേഖനം ചെയ്യുന്നില്ല; പാണ്ഡിത്യം വഴിഞ്ഞൊഴുകുന്ന ഗ്രന്ഥങ്ങൾ രചിക്കുന്നില്ല; കർണ്ണപീയൂഷങ്ങളായ ഗാനങ്ങൾ ആലപിക്കുന്നില്ല; പ്രസംഗവേദികളിൽ കയറി പ്രൗഢങ്ങളായ പ്രഭാഷണങ്ങൾ ചെയ്യുന്നില്ല. എങ്കിലും അവർ ഇവയെല്ലാം ഉൽകൃഷ്ടതരമായരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്തുകൊണ്ടെന്നാൽ അവർ അദൃഷ്ടവും അവ്യക്തവുമായ കാര്യങ്ങളിൽ ദൈവത്തിന്റെ ശിഷ്യകളാണ്. അവർ ശില്പവിദഗ്ദ്ധകൾ തന്നെ: മാംസരക്തങ്ങളാകുന്ന മാർബിൾശിലകൾകൊണ്ടു സജീവമായ മനുഷ്യശരീരങ്ങളെ അവർ നിർമ്മിക്കുന്നു. അവർ ചിത്രകാരികളാണ്: നീതിനിഷ്ഠയുടെ വിചിത്രവർണ്ണങ്ങളെ അനശ്വരമായ ആത്മാക്കളിൽ അവർ ചിത്രണംചെയ്യുന്നു. അവർ ഗ്രന്ഥകർത്രികളാണ്: ദൈവഭയമാകുന്ന സാഹിത്യത്തെ തങ്ങളുടെ സന്താനങ്ങളുടെ ഹൃദയവേദികളിൽ അവർ മുദ്രണം ചെയ്യുന്നു. അവർ ഗായികമാർ തന്നെ: ചാരിത്ര്യത്തിന്റെ നിർമ്മലഗാനത്തെ തങ്ങളുടെ പുത്രിമാരുടെ വിമലാത്മാവിൽ അവർ ആലപിക്കുന്നു. അവർ വാഗ്മികളത്രേ: ദൈവത്തിന്റെ അദൃശ്യഗുണങ്ങളെപ്പറ്റി അവരുടെ ജീവിതം വാഗ്വിലാസത്തോടുകൂടി പ്രസംഗിക്കുന്നു. മരണാനന്തരവും നിത്യത്വത്തിന്റെ ഉന്നതസ്ഥാനങ്ങളിൽനിന്നുകൊണ്ട് ഈ പ്രസംഗം അവർ തുടർന്നുകൊണ്ടുപോകുകയും ചെയ്യുന്നു.”

മാതാവിനെ സന്താനങ്ങളുടെ പ്രഥമാദ്ധ്യാപികയായി ദൈവം നിയമിച്ചു. മക്കളുടെ ശിക്ഷണത്തിൽ അവളെപ്പോലെ സമർത്ഥയായ ഒരു അദ്ധ്യാപിക വേറെയില്ല. എത്ര ഔൽസുക്യത്തോടുകൂടി ഒരു പിഞ്ചുകുഞ്ഞ് അമ്മയുടെ മടിയിലിരുന്നു സ്തന്യപാനം ചെയ്യുന്നുവോ, അത്ര ഔൽസുക്യത്തോടെതന്നെ അതു മാതാവിന്റെ സമീപത്തിരുന്നു ആദ്യപാഠങ്ങൾ അഭ്യസിക്കുന്നു. ഏറ്റം മൃദുലമായ മെഴുകിനു സമാനമാണ് ശിശുമാനസം. അതു ആശയങ്ങൾ ഗ്രഹിക്കുന്നതിൽ അതിസമർത്ഥവുമാണ്. അവ അതിൽ ഗാഢമായിപതിയുകയും ചിരകാലം നിലനിൽക്കുകയും ചെയ്യുന്നു. മനശ്ശാസ്ത്രവിദഗ്ദ്ധന്മാർ ഈ സിദ്ധാന്തത്തെ സ്ഥിരീകരിക്കുന്നു. പണ്ടേതന്നെ വി. ലിഖിതത്തിൽ, “ഒരു ശിശുവിനെ അതു ചരിക്കേണ്ട മാർഗ്ഗത്തിലൂടെ നയിക്കുക. എങ്കിൽ വാർദ്ധക്യമായാലും അവൻ അതിൽനിന്നു വ്യതിചലിക്കുകയില്ല” എന്നു പ്രസ്താവിച്ചിട്ടുണ്ട്. സ്വമാതാക്കളുടെ മുലപ്പാൽ കുടിച്ചു വളരുന്ന ശിശുക്കൾ പ്രായേണ അന്യസ്ത്രീകളാലോ, ഇതരമാർഗ്ഗങ്ങളാലോ പോഷിപ്പിക്കപ്പെടുന്നവരെക്കാൾ ശക്തരായിത്തീരുന്നു. ഇപ്രകാരംതന്നെ സ്വന്തം മാതാവിനാൽ മതബോധനവും സന്മാർഗ്ഗപരിശീലനവും നൽകപ്പെടുന്ന ശിശുക്കൾ അന്യരാൽ പഠിപ്പിക്കപ്പെടുന്നവരെക്കാൾ വിശ്വാസദാർഢ്യം ഉള്ളവരായിത്തീരും. യാതൊരു അദ്ധ്യാപകനും മാതാവിനോടു കിടനിൽക്കുകയില്ല. കിന്റർഗാർട്ടൻ, മോണ്ടിസ്സോറി, വാർദ്ധാ തുടങ്ങിയ പദ്ധതികൾ എത്രതന്നെ ആസൂത്രണം ചെയ്താലും വേദാദ്ധ്യയനശാലകളും മതപഠനാലയങ്ങളും വൈദികരോ കന്യാസ്ത്രീകളോതന്നെ എത്ര നിഷ്കർഷയോടെ നടത്തിയാലും ശിശുശിക്ഷണത്തിൽ മാതാവിനുള്ള സ്ഥാനം ഇവയ്ക്കു നൽകുക സാദ്ധ്യമല്ല. മാതാവു ആരംഭിച്ചിട്ടുള്ള അഭ്യസനത്തെ പൂർണ്ണമാക്കുകമാത്രമാണ് ഇതരസ്ഥാപനങ്ങൾ നിർവ്വഹിക്കുന്നത്. തന്മൂലം ഒരു ശിശുവിന്റെ അദ്ധ്യാപനത്തിന്റെ അടിത്തറ പടുക്കേണ്ടതു മാതൃശിക്ഷണത്തിലാണ്.

ഈ ശിക്ഷണത്തിനു എന്തെങ്കിലും ന്യൂനത സംഭവിച്ചാൽ അതു ഭാവിയിലെ സകല യത്നങ്ങളേയും ശിഥിലമാക്കും. ശിശുവിനെ മാറോടണച്ചുകൊണ്ടിരിക്കുന്ന മാതാവിന്റെ ചിത്രം വികാരോത്തേജകംതന്നെ. എന്നാൽ തന്റെ ഓമനക്കുഞ്ഞിന്റെ നെറ്റിയിൽ കുരിശടയാളം വരപ്പിക്കയും അതിനു “നന്മനിറഞ്ഞമറിയം” ചൊല്ലിക്കൊടുക്കുകയും ചെയ്യുന്ന ഒരു യുവമാതാവിന്റെ ചിത്രം എത്രയോ കൂടുതൽ വികാരോദ്ദീപകവും അർത്ഥസംപുഷ്ടവുമാണ്! ഇവിടെയാണു മാതാവിന്റെ മഹാനേട്ടങ്ങൾ ആരംഭിക്കുന്നത്. മനുഷ്യൻ നഗരങ്ങൾ നിർമ്മിക്കയും യുദ്ധങ്ങൾ ജയിക്കയും രാജ്യങ്ങൾ കീഴടക്കുകയും ചെയ്യുന്നു; കലകളുടേയും ശാസ്ത്രങ്ങളുടേയും ചെപ്പടിവിദ്യകളിൽ മനുഷ്യരുടെ മനം മയക്കുകയും ചെയ്യുന്നു. എന്നാൽ ഇവയെല്ലാം കടന്നുപോകുന്നു; സ്വഭാവവൈശിഷ്ട്യം മാത്രം നിലനിൽക്കുന്നു. അതിന്റെ പ്രധാന കാരണഭൂത മാതാവുമാണ്.

കേരളത്തിലെ കത്തോലിക്കാമാതാക്കൾ അവരുടെ ഈ മഹനീയകൃത്യം എങ്ങനെ നിർവ്വഹിക്കുന്നു? കുട്ടികൾക്കു ചോറും പലഹാരങ്ങളും വേണ്ടതിലധികം കുത്തിച്ചെലുത്തിക്കൊടുക്കുവാൻ ത്വരപ്പെടുന്ന നമ്മുടെ മാതാക്കൾ—പരിഷ്കൃതരീതിയിലുള്ള ഉടുപ്പുകൾക്കും ആഭരണങ്ങൾക്കുംവേണ്ടി ശകാരവും, കിളിക്കൊഞ്ചലും, കണ്ണീരും, രഹസ്യക്രയവിക്രയങ്ങളും നടത്തുവാൻ ക്ലേശിക്കുന്ന മാതാക്കൾ—സ്വസന്താനങ്ങൾക്ക് മതപരവും സാന്മാർഗ്ഗികവുമായ പരിശീലനം നൽകുവാൻ കുറച്ചെങ്കിലും ബുദ്ധിമുട്ടുന്നുണ്ടോ? ആഴ്ചയിൽ ഒന്നോ രണ്ടോ മണിക്കൂറുകൾ വേദോപദേശക്ലാസ്സിൽ ഇരുത്തിയതുകൊണ്ടോ, ദിവസേന പത്തുമണിമുതൽ നാലുമണിവരെ സ്കൂളിൽ അയച്ചതുകൊണ്ടോ ശല്യവും ചുമതലയും ഒഴിഞ്ഞെന്നു വിചാരിക്കരുത്. പ്രധാനവിദ്യാലയം കുടുംബവും പ്രധാനാദ്ധ്യാപിക മാതാവുമാണെന്നുള്ളത് ഒരിക്കലും അവർ മറക്കരുത്. എന്നാൽ ഈദൃശകൃത്യങ്ങളെല്ലാം ഫലപ്രദമായി നിർവ്വഹിക്കുവാൻ അവർക്കുതന്നെ സുകൃതസമ്പത്തും മതപരമായ ജ്ഞാനവും അത്യന്താപേക്ഷിതമാണ്. അവരുടെ ദൗത്യം അത്യുൽകൃഷ്ടമായതുതന്നെ. എന്നാൽ അതിനു അവർ തയ്യാറാകേണ്ടിയിരിക്കുന്നു. മതപരമായ കാര്യങ്ങളെക്കുറിച്ച് യാതൊരു “ഗന്ധ”വുമില്ലാത്ത ഒരു മാതാവ് ഏതുതരത്തിലുള്ള പരിശീലനമാണു മക്കൾക്കു നൽകുക? വിവാഹവേദിയിലേക്ക് ഓടിക്കയറുന്ന വധു ഇതിനെപ്പറ്റി അവഗാഢം ചിന്തിക്കട്ടെ. വി. ലൂയിസ് രാജാവിന്റേയും, വി. ജോൺബോസ്കോയുടേയും അമ്മമാരെപ്പോലെ നമ്മുടെ സ്ത്രീജനങ്ങളും സ്വസന്താനങ്ങൾക്കു മതപരവും സന്മാർഗ്ഗപരവുമായ പരിശീലനം നൽകട്ടെ. അപ്പോൾ രക്തസാക്ഷികളും വിശുദ്ധന്മാരും നമ്മുടെ നാട്ടിലും ആവിർഭവിക്കും; അന്ധകാരശക്തികൾ തോറ്റോടും. ലോകം നന്നാകണമെങ്കിൽ പഞ്ചവത്സരപദ്ധതികളെക്കാളധികം മാതൃശിക്ഷണപദ്ധതിയാണ് കൂടുതൽ ഫലപ്രദമാവുക.

(ജെ. ചെമ്മണൂർ)

---

## പര്യവസാനിച്ചു

### ബാംഗളൂർ സൂനഹദോസ്

ജാനുവരി 6-ാംനു മുതൽ ബാംഗളൂർ നടന്നുകൊണ്ടിരുന്ന വൈദികമേലദ്ധ്യക്ഷന്മാരുടെ സൂനഹദോസ് ജാനുവരി 18-ാംനു ബുധനാഴ്ച കാലത്തു പര്യവസാനിച്ചിരിക്കുന്നു. സൂനഹദോസിൽ ചെയ്യപ്പെട്ട തീരുമാനങ്ങൾക്ക് മെത്രാപ്പോലീത്താമാരും മെത്രാന്മാരും ഒപ്പുവച്ചു. മാർപ്പാപ്പായുടെ പ്രതിനിധിയാണ് ആദ്യമായി ഒപ്പുവച്ചതു്. സൂനഹദോസിന്റെ വിജയത്തിൽ കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനായി അവസാനദിവസം സെന്റ് ഫ്രാൻസിസ് സേവ്യർ കത്തീഡ്റലിൽവച്ച് കർദ്ദിനാൾ തിരുമേനി പൊന്തിഫിക്കൽ കുർബാനയർപ്പിച്ചു. തദവസരത്തിൽ 15,000-ത്തിൽപ്പരം ആളുകൾ സന്നിഹിതരായിരുന്നു. സൂനഹദോസ് തീരുമാനങ്ങൾ പരിശുദ്ധ പിതാവിന്റെ അംഗീകാരം സിദ്ധിച്ചശേഷംമാത്രമേ പ്രസിദ്ധപ്പെടുത്തുകയുള്ളു.

## ഫാത്തിമായിലെ കുട്ടികൾ

(11-ാം പേജ് തുടർച്ച)

ങ്ങി: “ഔറേമിലെ മേയറോടു ഞാൻ വളരെ അതൃപ്തയായിരിക്കുന്നു. നിങ്ങളെ ഫാത്തിമായിൽനിന്നു കൊണ്ടുപോയി അങ്ങനെ ക്രൂരമായി ശിക്ഷിക്കുവാൻ അയാൾക്കു യാതൊരധികാരവുമില്ലായിരുന്നു.” സ്ത്രീ തുടർന്നു: “ഞാൻ കഴിഞ്ഞ ജൂലായ്മാസത്തിൽ വന്നപ്പോൾ, ഞാനാരാണെന്ന് ഒക്ടോബറിൽ വെളിപ്പെടുത്താമെന്നും, ഒരു വലിയ അത്ഭുതം പ്രവർത്തിക്കാമെന്നും വാഗ്ദാനം ചെയ്തിരുന്നല്ലോ. എന്നാൽ മേയറുടെ വിക്രിയകൾമൂലം, ഞാൻ നിശ്ചയിച്ചിരുന്നതുപോലെ ആ അത്ഭുതം അത്ര വലിയതോതിലായിരിക്കയില്ല.”

ലൂസി സ്ത്രീയോടു രണ്ടു ചോദ്യങ്ങൾ ചോദിച്ചു: കോവയിലെ ഓക്കുവൃക്ഷത്തിനരികെ തീർത്ഥകർ കാണിക്കയിട്ട പണംകൊണ്ട് എന്തു ചെയ്യണമെന്നും, ജസിന്തയുടെ മൂത്തസഹോദരനായ മാനുവൽ മാർട്ടോ പട്ടാളത്തിൽനിന്നു് എന്നു തിരിച്ചുവരുമെന്നും.

“പ്രദക്ഷിണത്തിനുള്ള രണ്ടു ചെറിയ ചപ്രം വാങ്ങാൻ ആ പണം ഉപയോഗിക്കുക. രണ്ടു ചെറിയ പെൺകുട്ടികളുടെ സഹായത്തോടുകൂടി ലൂസിയും ജസിന്തയും ചേർന്നു അതിലൊന്നെടുക്കുക. ഫ്രാൻസിസും അവന്റെ മൂന്നു കൂട്ടുകാരുംകൂടി മറേറതും എടുക്കട്ടെ. ചപ്രങ്ങൾ പള്ളിയിലേക്കു കൊണ്ടുപോകുമ്പോൾ നിങ്ങൾ നല്ല വെള്ളവസ്ത്രങ്ങൾ ധരിച്ചിരിക്കണം.”

സ്ത്രീ പറഞ്ഞതു മുഴുവൻ നന്നായി മനസ്സിലാക്കിയിട്ടെന്നവണ്ണം ലൂസി തലകുലുക്കി.

ഫാത്തിമായെപ്പോലെയുള്ള പോർട്ടുഗീസ് ഗ്രാമങ്ങളിൽ ആണ്ടിൽ പല തവണ മതപരമായ ഘോഷയാത്രകൾ നടത്തപ്പെട്ടിരുന്നു. ഘോഷയാത്രകളിൽ ആറും എട്ടും പേർ ചേർന്ന് പുണ്യവാന്മാരുടെ പൂർണ്ണകായപ്രതിമകൾ വച്ചിട്ടുള്ള ചപ്രങ്ങൾ തോളിൽ ചുമന്നുകൊണ്ടു പോവുക പതിവായിരുന്നു. അവരുടെ മുമ്പിലായി കുട്ടികൾ ചെറിയ പ്രതിമകൾ വച്ചിട്ടുള്ള ചെറിയ ചപ്രങ്ങൾ വഹിച്ചുകൊണ്ടുപോകും.

“ഞങ്ങളുടെ ചപ്രത്തിൽ എന്താണ് വയ്ക്കേണ്ടതു്?” ലൂസി ചോദിച്ചു.

സ്ത്രീ ലൂസിയെ സ്നേഹപൂർവ്വം കടാക്ഷിച്ചു.

“ജനങ്ങൾ ഓക്കുവൃക്ഷത്തിനരികെ നിക്ഷേപിക്കുന്ന ഉപഹാരങ്ങൾ ചപ്രങ്ങളിൽ വയ്ക്കുക. ജപമാലരാജ്ഞിയോടുള്ള ഭക്തി വർദ്ധിപ്പിക്കുന്നതിനും മാതാവിന്റെ സ്തുതിക്കായി ഒരു കപ്പേള പണിയുന്നതിനുമായി ആ കാഴ്ചദ്രവ്യങ്ങൾ വിനിയോഗിക്കുക.”

“പിന്നെ, മാനുവൽ മാർട്ടോയുടെ കാര്യം—? അങ്ങ് വേഗത്തിൽ അയാളെ വീട്ടിലേക്കു കൊണ്ടുവരുമോ?”

സ്ത്രീ തലകുലുക്കി: “ഉവ്വ്; പട്ടാളക്കാരെല്ലാം വീടുകളിലേക്കു വേഗം അയക്കപ്പെടും.”

ഭക്തിപൂർവ്വം കൊന്തയെത്തിക്കണമെന്നും പാപികൾക്കുവേണ്ടി ത്യാഗങ്ങളനുഷ്ഠിക്കണമെന്നും മുൻസന്ദർശനങ്ങളിലെപ്പോലെ ഓർമ്മിപ്പിച്ചശേഷം സ്ത്രീ മരത്തിന്റെ മുകളിൽനിന്നു് കിഴക്കുദിക്കിലേക്കു മറയുവാൻ തുടങ്ങി. നിമിഷത്തിനുള്ളിൽ വായുവിൽ അപ്രത്യക്ഷയായി.

അല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം ജസിന്ത പറഞ്ഞു: “ഹാ! അവർ എത്ര മനോഹാരിണിയാണ്! സ്ത്രീ വരുമ്പോളൊക്കെയും എനിക്ക് അത്യധികമായ ആനന്ദം തോന്നുന്നു—അവർ മറഞ്ഞുപോയിട്ടുപോലും—വായുവിൽക്കൂടി സഞ്ചരിക്കാമെന്നുതന്നെയും എനിക്കു തോന്നിപ്പോകുന്നു.

“എനിക്കും അങ്ങനെ തോന്നുന്നുണ്ട്—” ലൂസി പറഞ്ഞു. “ജസിന്തേ, ആ മരത്തിൽനോക്കൂ; സ്ത്രീ നിന്ന ആ മരത്തിൽ. ഞാൻ അതിൽനിന്നു് ഒരു കൊമ്പ് ഒടിച്ചെടുത്ത് വീട്ടിൽകൊണ്ടുപോകാൻ വിചാരിക്കയാണ്, അമ്മയ്ക്കു കൊടുക്കാൻ. അതു കാണുമ്പോൾ, നമുക്കു തോന്നുന്നതുപോലെയുള്ള സന്തോഷം അമ്മയ്ക്കും ഉണ്ടായേക്കാം.”

# ഫാത്തിമായിലെ കുട്ടികൾ *

അദ്ധ്യായം 8

## നാലാമത്തെ ദർശനം

ലൂസി ഹൃദയസ്പർശകമായ ഈ പ്രാർത്ഥന ചൊല്ലിക്കൊണ്ടിരുന്നപ്പോൾ വാതിൽ തുടന്നു മേയർ മുറിയിൽ പ്രത്യക്ഷപ്പെട്ടു.

"ഇനി നിന്റെ മുറയാണു്." ക്രൂരമായി പരിഹസിച്ചുകൊണ്ടു മേയർ പറഞ്ഞു.

മേയർ അടുക്കളയിലേക്കു വലിച്ചിഴച്ചുകൊണ്ടുപോയപ്പോൾ ലൂസി ആലിലപോലെ വിറച്ചെങ്കിലും അവൾ ഒട്ടുംതന്നെ കരഞ്ഞില്ല. അവളുടെ പ്രിയപ്പെട്ട സഹോദരങ്ങൾ സ്വർഗ്ഗീയാംബികയോടു് ഏതെങ്കിലും അപരാധം ചെയ്യുന്നതിനു് എതിരായി സ്വജീവൻ ബലികഴിച്ചതുപോലെ ജീവാർപ്പണം ചെയ്യണമെന്നുള്ള ഏകചിന്തയേ ലൂസിക്കുണ്ടായിരുന്നുള്ളു.

മേയർ അടുക്കളവാതിൽ തുറന്നു. അവിടത്തെ ഭയാനകമായ കാഴ്ച കാണുവാൻ ലൂസി വേണ്ടത്ര ധൈര്യം സംഭരിച്ചുനിന്നു എന്നാൽ അവൾ അകത്തേക്കു നോക്കിയപ്പോൾ കണ്ടകാഴ്ചയോ!—



അതാ, അവിടെയിരിക്കുന്നു ഫ്രാൻസിസും ജസിന്തയും, മേയറുടെ ഭാര്യയോടൊന്നിച്ചു, വാടിവിളറിയ മുഖങ്ങളോടുകൂടി.

"ലൂസി, ഇവിടെയെങ്ങും ഒരു തിളച്ചയെണ്ണയും ഇല്ല. അദ്ദേഹം നമ്മളെ പേടിപ്പിക്കാൻവേണ്ടിമാത്രം ചെയ്തതാണു്." ഫ്രാൻസീസു് ശീഘ്രത്തിൽ മുമ്പോട്ടു നീങ്ങിനിന്നുകൊണ്ടു പറഞ്ഞു.

സഹോദരന്റെ അടുത്തു പുറകിലായി നിന്നിരുന്ന ജസിന്ത പറയുകയാണു്:- "സ്വർഗ്ഗീയ വേണ്ടി മരിക്കുവാൻ നാം ഒരിക്കലും ആഗ്രഹിക്കയില്ലെന്നാണു് അദ്ദേഹം വിചാരിച്ചതു്. പക്ഷേ, നമ്മൾ അതിനും തയാറായിരുന്നു. ലൂസിയും തയാറായിരുന്നില്ലേ?"

സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ടു ലൂസി പറഞ്ഞു:- "ഞാൻ അത്യധികം ഭയപ്പെട്ടുവെങ്കിലും സ്ത്രീയെ അനുസരിക്കാതിരിക്കുന്നതിനെക്കാൾ ആയിരം വട്ടം മരിക്കുവാൻ ഞാൻ സന്നദ്ധയായിരുന്നു."

ഈ വാക്കുകൾ മേയറെ കോപാന്ധനാക്കിയെങ്കിലും അയാൾ തോല്പിക്കപ്പെട്ടു എന്നയാൾക്കു തോന്നി.

"എന്റെ ഒരാഴ്ചത്തെ സമയം മുഴുവൻ നിങ്ങൾ പാഴാക്കിക്കളഞ്ഞു. നിങ്ങളുടെ ഈ വിഡ്ഢിത്തം നിറഞ്ഞ കഥകൾകൊണ്ടു് മേലാലൊരിക്കലും എന്നെ അലട്ടരുതു്. വേഗം നിങ്ങളുടെ വീടുകളിലേക്കു പൊയ്ക്കൊള്ളു." മേയർ അട്ടഹസിച്ചു.

കുട്ടികൾ അഞ്ചുദിവസത്തെ ജയിൽവാസത്തിനുശേഷം ആഗസ്റ്റ് 18-ാം തീയതി മേയറുടെ കാറിൽ ഔറേമിൽനിന്നു ഫാത്തിമായിലേക്കു പുറപ്പെട്ടു.

"നാം ഔറേമിലായിരുന്നപ്പോൾ സ്ത്രീ കോവയിൽ വന്നിരുന്നോ എന്നു ഞാൻ സംശയിക്കുന്നു: ലൂസിക്കു് എന്തു തോന്നുന്നു?"

"എനിക്കറിഞ്ഞുകൂടാ." ലൂസി പ്രതിവചിച്ചു.

"വീട്ടിൽ ചെന്നിട്ടു നമുക്കു തിരക്കിയറിയാം. 13-ാം തീയതി കുറെപ്പേർ തീർച്ചയായും കോവയിൽ ഉണ്ടായിരിക്കും." ഫ്രാൻസിസ് പറഞ്ഞു.

ഏതാനും മിനിട്ടുകൾക്കുശേഷം മേയർ കുട്ടികളെ ഫാത്തിമായിലെ വികാരിയച്ചന്റെ പടിക്കൽ കൊണ്ടുചെന്നിറക്കി.

"ഇനി നിങ്ങൾ തനിച്ചു പോകുവിൻ. ആക്കം ഇതുപോലുള്ള ഉപദ്രവങ്ങൾ മേലാൽ ഉണ്ടാക്കരുതു്." അയാൾ നിർദ്ദേശിച്ചു.

മേയറുടെ കാർ ഔറേമിലേക്കു തിരിച്ചു. ഹൃദയത്തിൽനിന്നു് ഒരു ഭാരം നീങ്ങിപ്പോയതുപോലെ അവർക്കു തോന്നി.

"അയാൾ പൊയ്ക്കഴിഞ്ഞു. ഇനി നമ്മെ ഉപദ്രവിക്കയില്ല." ലൂസി സന്തോഷപൂർവ്വം ഉച്ചരിച്ചു.

"നമുക്കിനി വീട്ടിലേക്കു പോകാം. ഓടിപ്പോകണം." ജസിന്ത തുള്ളിച്ചാടിക്കൊണ്ടു പറഞ്ഞു.

കുട്ടികൾ വീട്ടിലെത്തി. 13-ാം തീയതി കോവയിൽ സംഭവിച്ചതിനെപ്പററി പലരും നാവിളക്കാതെ പറഞ്ഞുതുടങ്ങി. ആ ദിവസം പതിനായിരത്തിലധികം ജനങ്ങൾ കോവാ ദി ഈറിയായിൽ കൂടി. ഉച്ചയാകുന്നതുവരെ കൊന്തയെത്തിച്ചും സ്തോത്രഗീതങ്ങൾ പാടിയും ക്ഷമാപൂർവ്വം അവർ കാത്തിരുന്നു. ഒടുവിൽ അവരുടെ ക്ഷമ കെട്ടു. കുട്ടികളെവിടെയെന്നെല്ലാം അവർ ഇടവിടാതെ ചോദിച്ചുകൊണ്ടിരുന്നു. അപ്പോഴേക്കു് കുട്ടികളെ പിടിച്ചുകൊണ്ടുപോയകഥ ഒരു ബോംബുപൊട്ടിയതുപോലെ അവിടെ പരന്നു.

"ചിലർ ഇതുകേട്ടപ്പോൾ ഉടൻതന്നെ ഔറേമിലെത്തി മേയറോടു കാര്യം ചോദിക്കുവാൻ സന്നദ്ധരായി." മാനുവൽ മാർട്ടോ പറഞ്ഞു.

"വികാരിയച്ചനും കുട്ടികളെ പിടിച്ചുകൊണ്ടുപോയതിൽ ബന്ധമുണ്ടെന്നു വളരെപ്പേർ വിചാരിച്ചു. കോവയിൽനിന്നു് ഒരു ജനക്കൂട്ടംതന്നെ അദ്ദേഹത്തിന്റെ അടുക്കലേക്കു പോയി. നിങ്ങളെ അദ്ദേഹത്തിന്റെ സമീപത്തുവച്ചെങ്ങാനും കണ്ടിരുന്നെങ്കിൽ, കോപാവിഷ്ടരായ അവർ അദ്ദേഹത്തെ എന്തു ചെയ്യുകളയുമായിരുന്നു എന്നു ദൈവത്തിനുമാത്രമേ അറിഞ്ഞുകൂടു." ലൂസിയുടെ പിതാവു പ്രസ്താവിച്ചു.

"അമ്മയെന്താണു് വിചാരിച്ചതു്?" ലൂസി അമ്മയുടെ നേരെതിരിഞ്ഞു.

മരിയ റോസ സാന്തോസ് ഒരു മങ്ങിയ പുഞ്ചിരിതൂകി. അവർ ലൂസിയെ സ്നേഹിച്ചിരുന്നെങ്കിലും ഒരു പരുഷസ്വഭാവക്കാരിയായിരുന്നു. കോവയിലെ ദർശനങ്ങൾ അവർ അപ്പോഴും ശങ്കയോടെയാണു് വീക്ഷിച്ചിരുന്നതും.

"ഞാനോ? ബുദ്ധിയുള്ള ഒരാൾ വിചാരിക്കാവുന്നതുപോലെ ഞാൻ വിചാരിച്ചു. ഈ കുട്ടികൾ നുണയാണു പറയുന്നതെങ്കിൽ അവക്കതിനുള്ള ശിക്ഷയാണിതു്; അവർ നേരാണു് പറയുന്നതെങ്കിൽ മാതാവു് അവരെ കാത്തുരക്ഷിക്കും; എന്നാണു് ഞാൻ വിചാരിച്ചതു്."

കഴിഞ്ഞ 13-ാം തീയതി നടന്നതെന്തെല്ലാമെന്നു് അവർക്കു ക്രമേണ മനസ്സിലായിത്തുടങ്ങി. അവരെ അന്വേഷിച്ചു് ആരും ഔറേമിൽ ചെല്ലാതിരുന്നതിന്റെ കാരണവും ബോദ്ധ്യമായി.

"ഞങ്ങൾക്കു കാണാൻ സാധിച്ചില്ലെങ്കിലും നിങ്ങളുടെ സ്ത്രീ വന്നെന്നു ഞാൻ ഊഹിക്കുന്നു." ജസിന്തയുടെ അമ്മ ആദരപൂർവ്വം പറഞ്ഞു. "എന്റെ കുഞ്ഞുങ്ങളേ, അവിടെ കണ്ട അത്ഭുതം ജീവനുള്ളകാലം ഞാൻ മറക്കുകയില്ല."

കുട്ടികൾ ആകാംക്ഷാപൂർവ്വം ഒളിമ്പിയാ മാർട്ടോയുടെ മുഖത്തു നോക്കി

"എന്താണമ്മേ, സംഭവിച്ചതു്? ദയവായി ഞങ്ങളോടു പറയണേ!" ഫ്രാൻസിസ് യാചിച്ചു.

ഒളിമ്പിയാ മാർട്ടോ മന്ദഹസിച്ചു:- "പറയാം. കോവയിലെ ജനക്കൂട്ടം പരസ്പരം സംസാരിച്ചും, എന്താണു് സംഭവിക്കാൻപോകുന്നതെന്നു് അത്ഭുതപ്പെട്ടും കാത്തിരുന്നപ്പോൾ പെട്ടെന്നു് ഒരു ഇടിമുഴക്കമുണ്ടായി. ആകാശം നന്നേ തെളിഞ്ഞിരുന്നതുകൊണ്ടു് ഇടിനാദം കേട്ടപ്പോൾ എല്ലാവരും വിസ്മയിച്ചു. തുടർന്നു് അതിദീപ്തമായ ഒരു മിന്നൽപ്രവാഹവും! അനന്തരം സൂര്യപ്രകാശം മങ്ങുകയും ഒരു വെൺമേഘം വന്നു് ഓക്കുവൃക്ഷത്തെ മൂടുകയും ചെയ്തു. അതെങ്ങനെ അവിടെ വന്നെന്നു് എനിക്കു് ഒട്ടും മനസ്സിലാകുന്നില്ല.

"ആർക്കുംതന്നെ മനസ്സിലാകുന്നില്ല;" മാനുവൽ മാർട്ടോ തുടർന്നു: "പ്രകാശമേറിയതും, ആ ഓക്കുവൃക്ഷത്തെ മറയ്ക്കുവാൻ മാത്രം വലിപ്പമുള്ളതുമായ അത്തരമൊരു മേഘം ഫാത്തിമായിൽ ഇതേവരെ ആരും കണ്ടിട്ടില്ല."

"13-ാം തീയതി കോവയിൽവന്ന ഭൂരിപക്ഷം ആളുകളും എന്തെങ്കിലും അസാധാരണമായി കാണാമെന്നു പ്രതീക്ഷിച്ചാണു് അവിടെ എത്തിയതു്. നിങ്ങളെ കാണാതായപ്പോൾ അവർ കഠിനമായി നിരാശപ്പെട്ടു. സ്ത്രീയേയും സ്ത്രീയെ സംബന്ധിച്ചുള്ള എല്ലാവരെയും അവർ പരിഹസിക്കാൻ തുടങ്ങി. നിങ്ങളേയും അവർ ആക്ഷേപിച്ചു. ഔറേമിലെ മേയർ നിങ്ങളെ കൊണ്ടുപോയതു നന്നായെന്നും അവർ പറഞ്ഞു." ലൂസിയുടെ പിതാവു പ്രസ്താവിച്ചു.

"പക്ഷേ, ഇടിയും മിന്നലുമുണ്ടായപ്പോൾ സ്ഥിതിഗതികൾ ആകെപ്പാടെ വ്യത്യാസപ്പെടുകയാണുണ്ടായതു്. മേഘം ഓക്കുവൃക്ഷത്തെ ആവരണംചെയ്തപ്പോൾ അതൊരു സ്വർഗ്ഗീയചിഹ്നമാണെന്നു് എല്ലാവരും സംതൃപ്തിപ്പെട്ടു. അതോടെ പരാതിയും പരിഹാസവും അടങ്ങിനിലച്ചു. പരമാർത്ഥം പറഞ്ഞാൽ ആഗസ്റ്റ് 13-ാം തീയതി മുൻദിവസങ്ങളെക്കാൾ കൂടുതൽ ആത്മാർത്ഥമായ പ്രാർത്ഥന കോവയിൽ നടന്നു." മാനുവൽ മാർട്ടോ പറഞ്ഞു.

ഒരു നിമിഷനേരത്തേക്കു ലൂസി മൗനമായിനിന്നു. അതിനുശേഷം അവിടെക്കൂടിയിരുന്ന മുതിർന്നവരുടെ നേരെ ദൃഷ്ടികളയച്ചുകൊണ്ടു ലൂസി ചോദിച്ചു:—"ഇപ്പോൾ എല്ലാവരും സ്ത്രീയിൽ വിശ്വസിക്കുന്നുണ്ടോ? യഥാർത്ഥമായ ഭക്തിയോടെ അവർ എന്നും കൊന്തയെത്തിക്കുന്നുണ്ടോ?"

ലൂസിയുടെ പിതാവു പ്രതിവചിച്ചു: "ഭൂരിപക്ഷം ആളുകളും വിശ്വസിക്കുന്നുണ്ടു് കുഞ്ഞേ. സ്ത്രീയുടെ സെപ്റ്റംബർ മാസത്തെ സന്ദർശനത്തിനു് ഇതിലേറെ തീർത്ഥകന്മാർ കൂടുമെന്നു ഞാൻ വിചാരിക്കുന്നു. കഷ്ടം! വാഗ്ദാനം ചെയ്തിരുന്നതുപോലെ സ്ത്രീക്കു് ആഗസ്റ്റിൽ നിങ്ങളെ സന്ദർശിക്കാൻ കഴിഞ്ഞില്ലല്ലോ."

"സ്ത്രീ ഞങ്ങൾക്കു് ആറു സന്ദർശനം അനുവദിച്ചിരുന്നു. ഇനി അതു് അഞ്ചായി കുറയുമല്ലോ." ജസിന്ത പറഞ്ഞു.

"ഞങ്ങൾ ജയിലിലായിരുന്നതുമൂലം ആഗസ്റ്റുമാസത്തെ ദർശനം ഞങ്ങൾക്കു നഷ്ടപ്പെട്ടു." ഫ്രാൻസിസ് സങ്കടത്തോടെ നെടുവീർപ്പിട്ടു.

പക്ഷേ, അധികം താമസിയാതെ അവരുടെ സങ്കടം അപ്രതീക്ഷിതമായ ആനന്ദമായി രൂപാന്തരപ്പെട്ടു. ആഗസ്റ്റ് 19-ാം തീയതി, വീട്ടിൽനിന്നും കുറേ ദൂരത്തുള്ള വാലിനോസ് (Valinhos) എന്ന ഗ്രാമത്തിനടുത്തു് കുട്ടികൾ മൂന്നുപേരും ആടുമേച്ചുകൊണ്ടുനില്ക്കേ, ഒരു ചെറിയ വൃക്ഷത്തിന്റെ ശിഖരങ്ങളിൽ പെട്ടെന്നു് അതിദീപ്രമായ ഒരു പ്രഭാവിശേഷവും തുടർന്നു് ഒരു ഇടിവെട്ടുമുണ്ടായി. തിരിഞ്ഞുനോക്കിയപ്പോൾ സ്ത്രീയെ അവർ മൂവരും കണ്ടു. മിന്നിത്തിളങ്ങുന്ന ഒരു മേഘാവരണത്താൽ പാദം മറച്ചും, വെണ്മയേറിയതും സ്വർണ്ണമയവും കണ്ണഞ്ചിക്കുന്ന പ്രഭാവിശേഷത്തോടുകൂടിയതുമായ വസ്ത്രങ്ങൾ ധരിച്ചും കോവാ ദി ഈറിയായിലെപ്പോലെതന്നെ സ്ത്രീ ഒരു കൊച്ചുമരത്തിന്റെ മുകളിൽ നിന്നിരുന്നു.



"അത്തരമൊരു മേഘപടലം ഫാത്തിമായിൽ ഇതേവരെ ആരും കണ്ടിട്ടില്ല."

ലൂസി അത്യാകാംക്ഷയോടുകൂടി ദർശനത്തിന്റെ നേരെ ഓടിച്ചെന്നു. "അങ്ങയുടെ വരവിനു നന്ദി! അടുത്ത മാസംവരെ അങ്ങയെ കാണാൻ സാധിക്കയില്ലെന്നാണു് ഞങ്ങൾ വിചാരിച്ചതു്." ലൂസി പറഞ്ഞു.

ഇതു പറഞ്ഞിട്ടു് അവൾ അല്പദൂരം പിൻവാങ്ങി. എന്തു്! സ്ത്രീയുടെ മുഖം വിവർണ്ണവും ഗൗരവയുക്തവുമായിരുന്നു; എന്തിനോടോ കോപമുള്ളതുപോലെ!

"ഇതെന്തു്? അങ്ങു് ഇതുപോലെ കാണപ്പെടുന്നതെന്തുകൊണ്ടു്?" ലൂസി ഗദ്ഗദത്തോടുകൂടി ചോദിച്ചു.

കുറേനേരത്തേക്കു ആരും മിണ്ടിയില്ല. അനന്തരം മിതവും ശാന്തവുമായ സ്വരത്തിൽ സ്ത്രീ സംസാരിക്കാൻ തുട

(ശേഷം 10-ാം പേജിൽ)

*Rights reserved to Chev. Joseph Thaliath.

# Sathya Deepam

Vol 23 Ernakulam January 25 1950 No. 22


വനിതാപംക്തി

## ശിശുപരിചരണം

(മിസ്സ് മേരി പഞ്ഞിക്കാരൻ, Diploma in Home Science)

(തുടർച്ച)

ശിശുക്കൾ കരയുമ്പോഴെല്ലാം അവക്കു പാൽകൊടുക്കുന്ന പതിവു് വളരെ ദോഷകരമാണെന്നുള്ള ബോധം തള്ളമാർക്കുണ്ടായിരിക്കണം. വിശപ്പുകൊണ്ടോ, അസുഖംകൊണ്ടോ ശിശുക്കൾ കരഞ്ഞെന്നുവരാം. അതിനാൽ കാരണമറിഞ്ഞു് വേണ്ടവിധം പ്രവർത്തിക്കുവാൻ മാതാക്കൾ ചുമതലപ്പെട്ടവരാണു്. ശ്വാസകോശവികാസത്തിനും തന്മൂലം ശരീരവളർച്ചയ്ക്കും കരച്ചിൽ സഹായിക്കുന്നതാകയാൽ അക്കാര്യത്തിൽ തള്ളമാർ ഭയപ്പെടേണ്ടതില്ല. മൂന്നുമണിക്കൂറോ നാലുമണിക്കൂറോ ഇടവിട്ടു് ക്ലിപ്തസമയങ്ങളിൽ ശിശുക്കൾക്കു പാൽകൊടുക്കുന്നതു നന്നായിരിക്കും. ഉദാഹരണമായി കാലത്തു് 6 മണി, 9 മണി, 12 മണി എന്നീ ക്രമത്തിനും ഉച്ചകഴിഞ്ഞു 3 മണി, 6 മണി എന്നീ രീതിയിലും രാത്രി 9 മണിക്കും പാൽകൊടുക്കുവാൻ ശ്രദ്ധിക്കണം. രാത്രി 9 മണിക്കുശേഷം പാൽകൊടുക്കുന്നതു് ശിശുവിന്റെ ഉറക്കത്തിനു് പ്രതിബന്ധം വരുത്തുന്നതാകയാൽ, അപ്രകാരം ചെയ്യാതിരിക്കുന്നതാണുത്തമം. രാത്രിയിൽ നിർബാധം ഉറങ്ങുവാൻ അവരെ അനുവദിക്കുക. ശിശുക്കളെ ദിവസവും കുളിപ്പിക്കുകയും ശുദ്ധവായുസ്ഥലങ്ങളിൽ കിടത്തുകയും ചെയ്യേണ്ടതാണു്. 1 മാസം പ്രായമായ ശിശുക്കളെ വൈകുന്നേരസമയങ്ങളിൽ അല്പാല്പം വെയിൽകൊള്ളിക്കുന്നതും ആരോഗ്യവർദ്ധനവിനു് സഹായിക്കുന്നതത്രെ.

ശൈശവത്തിൽത്തന്നെ കുട്ടികളുടെ ദിനചര്യകൾ ശരിപ്പെടുത്തുവാൻ മാതാക്കൾ ശ്രമിക്കണം. ആഹാരം കൊടുക്കുന്നതിലും, ഉറക്കുന്നതിലും, കുളിപ്പിക്കുന്നതിലും ക്ലിപ്തസമയങ്ങൾ നിശ്ചയിക്കുണ്ടതും, അവ കുട്ടികളെ ശീലിപ്പിക്കേണ്ടതുമാണു്. ഉറങ്ങുകയാണെങ്കിലും ഭക്ഷണം കൊടുക്കേണ്ട അവസരങ്ങളിൽ അവരെ ഉണർത്തേണ്ടതാവശ്യമാണു്.

ശിശുവിനു് മൂന്നു മാസം പ്രായമാകുമ്പോൾ ഏതാനും തുള്ളി പഴരസം സമം തിളപ്പിച്ചാറിയ വെള്ളത്തിൽ അല്പം പഞ്ചസാരചേർത്തും, അഞ്ചാറുമാസം പ്രായമാകുമ്പോൾ പഴരസം തനിയെയും, കുറച്ചുകൂടികഴിയുമ്പോൾ പഴം മാത്രമായും, എട്ടുമാസം പ്രായമാകുമ്പോൾ ഏതാനും തുള്ളി മീൻനെയ്യു് പാലിൽ ചേർത്തും കൊടുക്കുന്നതു നന്നായിരിക്കും. ആറുമാസം പ്രായമാകുന്നതോടെ, ഗോതമ്പുമാവു്, അരിമാവു് മുതലായവ കുറുക്കി പഞ്ചസാരചേർത്തും, 8 മാസം പ്രായമാകുമ്പോൾ മലക്കറികൾ വേവിച്ചു് അവയുടെ ചാറു് പിഴിഞ്ഞും ശിശുക്കൾക്കു് കൊടുക്കുന്നതു് ഉത്തമമായിരിക്കും. പാൽ കൊടുക്കുന്ന സമയത്തിനിടയ്ക്കു് തിളപ്പിച്ചാറിയ വെള്ളം കൊടുക്കുന്നതു നല്ലതാണു്. ക്രമേണ വേവിച്ചുടച്ച സസ്യസാധനങ്ങൾ, പകുതി വേവിച്ച മുട്ടയുടെ ഉണ്ണി, വേവിച്ചമീൻ മുതലായവ കൊടുക്കാം. 8 മാസമാകുമ്പോൾ മൊരിച്ച റൊട്ടിതുടങ്ങിയ കട്ടിയുള്ള സാധനങ്ങൾ തിന്നുവാൻ കൊടുക്കുന്നതു് പല്ലിന്റെ ദൃഢീകരണത്തിനു് സഹായിക്കും. മാംസം 2 വയസ്സു പ്രായമാകാതെ കൊടുക്കരുതു്. അതുപോലെ മുളകു് മുതലായ സാധനങ്ങളും വറുത്ത സാധനങ്ങളും ദോഷം ചെയ്യുന്നവയാകുന്നു. പശുവിൻപാൽ, വെള്ളംചേർത്തു തിളപ്പിച്ചു് പഞ്ചസാരയും ചേർത്തു് ആറി ചെറുചൂടോടെ കൊടുക്കണമെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. മുലപ്പാൽ കുറവുകൊണ്ടോ, മറ്റേതെങ്കിലും കാരണവശാലോ പശുവിൻ പാൽ നേരത്തെ കൊടുക്കേണ്ടിവന്നാൽ ആദ്യ ആഴ്ചയിൽ 1 ഔൺസു് പാൽ മൂന്നിരട്ടി വെള്ളം ചേർത്തും 3 ആഴ്ചകഴിയുമ്പോൾ 6 ഔൺസു് പാലും 1 മാസം കഴിയുമ്പോൾ 12 ഔൺസു് പാലും 3 മാസം കഴിയുമ്പോൾ 15 ഔൺസു് പാലും ഇരട്ടിവീതം വെള്ളം ചേർത്തു ഓരോ ദിവസവും കൊടുക്കാവുന്നതാണു്. പാൽ കൂടുതലായും വെള്ളം കുറവായും ചേർത്തു് കൊടുത്തു് ക്രമേണ 8 മാസമാകുമ്പോൾ 40 ഔൺസു് പാൽ തന്നെ ഒരു ശിശുവിനു് ഒരു ദിവസത്തിൽ കൊടുക്കാമെന്നതിനുപുറമെ, മേൽപ്രസ്താവിച്ചരീതിയിലുള്ള മററു ഭക്ഷണസാധനങ്ങളും കൊടുക്കുവാൻ സാധിക്കും. പാൽകൊടുക്കുവാൻ മുലക്കുപ്പി ഉപയോഗിക്കുന്നപക്ഷം അവ ആവശ്യം കഴിഞ്ഞാൽ ആദ്യം പച്ചവെള്ളം ഉപയോഗിച്ചും പിന്നീടു് ചൂടുവെള്ളംകൊണ്ടും കഴുകിയശേഷം, പച്ചവെള്ളം നിറച്ചും വേറൊരു പാത്രത്തിൽ വെള്ളമൊഴിച്ചു് അതിൽ സൂക്ഷിക്കേണ്ടതുമാണു്.

കുട്ടികളെ ദിനന്തോറും ഭക്ഷണത്തിനു മുൻപായി ചെറുചൂടുവെള്ളത്തിൽ കുളിപ്പിക്കുന്നതും സ്ഥലകാലഭേദമനുസരിച്ചു് വസ്ത്രം ധരിപ്പിച്ചു് എപ്പോഴും നടത്തുന്നതും രോഗനിവാരണമാർഗ്ഗങ്ങളത്രെ. ചെറുപ്രായത്തിൽ, ശിശുക്കളെ, ഭക്ഷണത്തിനിടയ്ക്കുള്ള സമയങ്ങളിലധികഭാഗവും ഉറങ്ങുവാൻ അനുവദിക്കുന്നതിനുപുറമെ, ഉണർന്നുകിടക്കുമ്പോൾ പലപ്രാവശ്യം വശംമാററിക്കിടത്തുകയും വേണം. സൂര്യപ്രകാശവും വായുസഞ്ചാരവുമുള്ള മുറിയിൽ കിടക്ക വിരിച്ചിട്ടുള്ള തൊട്ടിലിൽ ശിശുവിനെ കിടത്തിയുറക്കുവാൻ ശ്രമിക്കണം. കൊതുകിന്റെ ശല്യമില്ലാതിരിക്കത്തക്കവിധം ഒരു കൊതുകുവലയോ, നെറ്റോ ഉപയോഗിക്കുന്നതു് നന്നായിരിക്കും. 1 വയസ്സു പ്രായമാകുന്നതുവരെ ദിവസത്തിൽ 2 പ്രാവശ്യവും മൂന്നുനാലു് വയസ്സാകുന്നതുവരെ ദിവസത്തിൽ ഒരു പ്രാവശ്യവും ശിശുക്കളെ പകൽസമയം ഉറക്കണം. 5 വയസ്സിനുശേഷം പകൽ ഉറങ്ങുവാൻ അനുവദിക്കരുതു്. യാതൊരു കാരണവശാലും ശിശുക്കൾ തള്ളമാരോടുകൂടി ഉറങ്ങരുതു്. അതുമൂലം ശിശുക്കളെ സംബന്ധിച്ചിടത്തോളം ശുദ്ധവായു ലഭിക്കാതിരിക്കുന്നതിനും. മറ്റോരോ അപകടങ്ങൾ ഉണ്ടാകുന്നതിനും കാരണമായെന്നുവരാം.

കുഞ്ഞിനു് 9 മാസം പ്രായമാകുമ്പോൾ, മുലപ്പാലിനു പകരം, പശുവിൻ പാൽ കൊടുക്കുവാൻ ശ്രമിക്കണം. ആദ്യആഴ്ചയിൽ ഒരു പ്രാവശ്യവും രണ്ടാം വാരത്തിൽ 2 പ്രാവശ്യവും മുലപ്പാലിനു പകരം പശുവിൻപാൽ കൊടുക്കാം. ഇങ്ങനെ 5 ആഴ്ച കഴിയുമ്പോൾ ശിശുവിനു മുലപ്പാലിനു് പകരം പശുവിൻപാൽ മാത്രം മതിയാകുന്നതാണു്. മററു ഭക്ഷണസാധനങ്ങളും മുൻപറഞ്ഞ വിധം കൊടുക്കുന്നതിൽ വിരോധമില്ല.

ശിശുക്കളെ സംബന്ധിച്ചിടത്തോളം ജനനസമയംമുതൽ അവക്കു് ശിക്ഷണവും ലഭിക്കുന്നു. ഗുണവാന്മാരായ മാതാപിതാക്കന്മാരുടെ ശിക്ഷണത്തിൽ വളരുന്ന കുട്ടികൾ, ശുചിത്വം, മര്യാദ, വണക്കം, ഉത്തമസംഭാഷണം മുതലായ സന്മാർഗ്ഗികവശങ്ങളുടെ വിളനിലമായിരിക്കും. കുട്ടികളുടെ പ്രഥമവിദ്യാലയം വീടുതന്നെയാണു്. സാഹചര്യങ്ങളനുസരിച്ചു് അവർ ബാല്യപ്രായത്തിൽ അഭ്യസിക്കുന്നതെല്ലാം ഭാവിയിലും അവരിൽ നിഴലിച്ചുകാണാനിടയുള്ളതിനാൽ ഓരോ ഭവനത്തിലെയും അന്തരീക്ഷം നിർമ്മലവും മാതൃകായോഗ്യവുമായിരിക്കാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

## കർദ്ദിനാൾ ഗിൽറോയി

കുടുംബജീവിതത്തെപ്പററി

പേപ്പൽസ്ഥാനപതിയായി ബാംഗളൂർ സൂനഹദോസിൽ സംബന്ധിക്കുന്നതിനായി എഴുന്നള്ളിയ അത്യുന്നത കർദ്ദിനാൾ ഗിൽറോയി തിരുമനസ്സിലെ ബഹുമാനാർത്ഥം ജാനുവരി 11 ാംനു ബാംഗളൂർ ബിഷപ്പ് തിരുമേനിയും ജാനുവരി 13-ാംനു മൈസൂർ പ്രധാനമന്ത്രി ശ്രീ കെ. സി. റെഡ്ഡിയും ജാനുവരി 15-ാംനു ബാംഗളൂർ കോർപ്പറേഷനും ഓരോ സല്ക്കാരം നല്കുകയുണ്ടായി. ജാനുവരി 11-ാംനു-യിലെ സല്ക്കാരവേളയിൽ, രാഷ്ട്രപിതാവായ ഗാന്ധിജി കുടുംബജീവിതത്തിന്റെ പരിശുദ്ധിയെ സംരക്ഷിക്കുന്നതിൽ പ്രദർശിപ്പിച്ച ഔത്സുക്യത്തെ പരാമർശിച്ചു് ഇപ്രകാരം പ്രസ്താവിച്ചു: "അദ്ദേഹം ഇൻഡ്യയെ തീവ്രമായി സ്നേഹിച്ചു. ഇൻഡ്യയെക്കാളധികം ഇൻഡ്യയിലെ ജനങ്ങളെ സ്നേഹിച്ചു. അതുകൊണ്ടായിരിക്കാം കുടുംബജീവിതത്തിന്റെ പരിശുദ്ധിക്കു യോജിക്കാത്തതായുള്ള എല്ലാററിനെയും അദ്ദേഹം എതിർത്തതു്. ഒരു രാഷ്ട്രത്തിന്റെ മഹത്വവും ഉന്നതിയും പരിശുദ്ധിയും കുടുംബജീവിതത്തിന്റെ ധാർമ്മികനിഷ്ഠയിലാണടങ്ങിയിരിക്കുന്നതു്. ഇൻഡ്യയിലെ ജനപ്പെരുപ്പം ഒരു ദുർഘടപ്രശ്നമാണെന്നു കരുതുന്നവരുണ്ടാവാം. ഗാന്ധിജി അങ്ങനെ കരുതിയിരുന്നില്ല. ഇൻഡ്യയിലെ ബൃഹത്തായ ജനസംഖ്യ ഇൻഡ്യക്കൊരു പരാജയമാണെന്നു് അദ്ദേഹം എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ? അതെപ്പററി അദ്ദേഹം എപ്പോഴെങ്കിലും ഖേദം പ്രകടിപ്പിച്ചിട്ടുണ്ടോ? മറിച്ചു് ഇൻഡ്യയുടെ അഭിമാനകരമായ ജനസംഖ്യയിൽ അദ്ദേഹം ഇൻഡ്യയുടെ മഹത്വമാണു് ദർശിച്ചതു്. ഉത്തമബോദ്ധ്യത്തോടുകൂടി ഞാൻ പറയുന്നു: കുടുംബജീവിതത്തിന്റെ സമഗ്രതയും പരിശുദ്ധിയും പരിരക്ഷിക്കുകയും ജനങ്ങളെ ബഹുമാനിക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രം തീർച്ചയായും ഒരു മഹാരാഷ്ട്രമായിത്തീരാതെ നിവൃത്തിയില്ല. ഇൻഡ്യ കഴിഞ്ഞകാലങ്ങളിൽ ജനങ്ങളുടെ കുടുംബജീവിതത്തിന്റെ പരിപാവനതയെ ആദരിച്ചിരുന്നു. തലമുറതലമുറയായി കടന്നുപോന്നിട്ടുള്ള ആ വിശിഷ്ടപാരമ്പര്യത്തെയാണു് ഇൻഡ്യയുടെ ഭാവിമഹത്വം ആശ്രയിച്ചിരിക്കുന്നതു്. ആ പാരമ്പര്യത്തിന്റെ മഹാനായ സൂക്ഷിപ്പുകാരനായിരുന്നു മഹാത്മഗാന്ധി. ആ പാരമ്പര്യത്തെ നിങ്ങളെല്ലാവരും സൂക്ഷിക്കുമെന്നും നിലനിർത്തുമെന്നും എനിക്കു വിശ്വാസമുണ്ടു്."

——

## സംഭവകഥകൾ

### ജീവിതലക്ഷ്യം

അമേരിക്കയുടെ വടക്കുപടിഞ്ഞാറു ഭാഗത്തു് റെഡിൻഡ്യൻസിനെ ഉദ്ദേശിച്ചു് ചില മിഷൻകേന്ദ്രങ്ങൾ സ്ഥാപിതമായിട്ടുണ്ടു്. അവ "ദി ഇൻഡ്യൻ ബ്യൂറോ വാഷിംഗ്ടൺ ഡി. സി." എന്ന സംഘടനയുടെ മേൽനോട്ടത്തിലാണു്. ഒരിക്കൽ ഒരു ഗവൺമെൻറുദ്യോഗസ്ഥൻ അവിടത്തെ ഒരു മിഷൻസ്കൂൾ സന്ദർശിക്കുകയുണ്ടായി. വേദോപദേശം പഠിപ്പിച്ചുകൊണ്ടു നിന്നിരുന്ന കന്യാസ്ത്രീയോടു പാഠങ്ങൾ തുടരുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. അദ്ദേഹം ജിജ്ഞാസാപൂർവ്വം അവ ശ്രവിച്ചുകൊണ്ടു നില്ക്കുന്നതിനിടയ്ക്കു് അദ്ധ്യാപിക കുട്ടികളോടു് ഇപ്രകാരം ചോദിച്ചു: "ദൈവം നിന്നെ സൃഷ്ടിച്ചതെന്തിനാണു്?"

ഒരു കൊച്ചുകുട്ടി കൈപൊക്കിക്കൊണ്ടു് ഇപ്രകാരം മറുപടി നല്കി: "ദൈവം എന്നെ സൃഷ്ടിച്ചിരിക്കുന്നതു് അവിടുത്തെ അറിയുന്നതിനും സ്നേഹിക്കുന്നതിനും, ഇഹത്തിൽ അവിടുത്തെ ശുശ്രൂഷിച്ചശേഷം പരലോകത്തിൽ അവിടുത്തോടുകൂടി സൗഭാഗ്യം അനുഭവിക്കുന്നതിനും വേണ്ടിയാണു്." ഈ ഉത്തരം സന്ദർശകനെ ഹഠാദാകർഷിച്ചതിനാൽ ആ കുട്ടിയെ അരികിൽ വിളിച്ചു് ഉത്തരം ആവർത്തിക്കുവാൻ അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി.

അനേകമാസങ്ങൾക്കുശേഷം മേൽപ്പറഞ്ഞ കന്യാസ്ത്രീക്കു് ആ ഗവൺമെൻറുദ്യോഗസ്ഥനിൽനിന്നും ഒരു കത്തു കിട്ടി. അതിൽ, തന്റെ ജീവിതലക്ഷ്യമെന്തെന്നു് പ്രസ്തുത ചെറുപൈതലിന്റെ മറുപടിയിൽനിന്നാണു് തനിക്കു മനസ്സിലായതെന്നും അതിനെ അടിസ്ഥാനമാക്കി ഇപ്പോൾ കത്തോലിക്കാവിശ്വാസം സ്വീകരിക്കുന്നതിനു താൻ ഒരുങ്ങിവരികയാണെന്നും പ്രസ്താവിച്ചിരുന്നു.

### പതിമൂന്നു മക്കൾ

വത്തിക്കാനിലെ ചൈനീസ് പ്രതിനിധിയായിരുന്ന ഡോക്ടർ വൂവിനു് പതിമൂന്നു പുത്രരും നാലു പൗത്രരുമുണ്ടു്. അദ്ദേഹം റോമിലേക്കു പോയപ്പോൾ ഭാര്യയും പന്ത്രണ്ടു മക്കളും അദ്ദേഹത്തെ അനുഗമിക്കയുണ്ടായി.

റോമിലെത്തിയ ഉടനെ പരിശുദ്ധപിതാവിനോടുകൂടിയുള്ള അവരുടെ ഒരു ഫോട്ടോയെടുത്തു. അന്നു് വത്തിക്കാനിലെ സ്റ്റേററു് സിക്രട്ടറിയായി ജോലിനോക്കിയിരുന്ന മോൺ. ജ്യോവാന്നി ഇപ്രകാരമൊരു ഫോട്ടോ എടുക്കുന്നതിനെക്കുറിച്ചു പറഞ്ഞപ്പോൾ ഡോ. വൂ ആദ്യം സംശയിച്ചു. "പ. പിതാവു് കൃത്യാന്തരബഹുലനായിരിക്കയാണു്. ഇവിടെ വരുന്ന ഓരോ നയതന്ത്രപ്രതിനിധിയും പ. പിതാവുമൊരുമിച്ചു് സ്വകുടുംബത്തിന്റെ ഫോട്ടോ എടുക്കുവാൻ ഉദ്യമിക്കയാണെങ്കിൽ അതെങ്ങനെയാണു സാധിക്കുക" എന്നാണു് ഡോ. വൂ മറുപടി പറഞ്ഞതു്.

മോൺ. ജ്യോവാന്നി പ്രതിവചിച്ചു: "അതു സാരമില്ല. ഇതുപോലെ ഫോട്ടോ എടുക്കാനുദ്ദേശിക്കുന്ന നയതന്ത്രപ്രതിനിധികൾക്കെല്ലാം പതിമൂന്നു മക്കൾ ഉണ്ടെങ്കിൽ മാത്രമല്ലേ ഇതൊരു കീഴ്‌നടപ്പായി ചൂണ്ടിക്കാണിക്കുവാൻ അവർക്കു സാധിക്കുകയുള്ളൂ."

——

### കേന്ദ്രപാർലിമെൻറിലേക്കുള്ള ഐക്യസംസ്ഥാന പ്രതിനിധികൾ

ജാനുവരി 11-ാംനു കൊച്ചി തിരുവിതാംകൂർ ഡിസ്ട്രിക്ട് കോൺഗ്രസ് കമ്മിററികളുടെയും ഐക്യസംസ്ഥാന പാർലിമെൻററി പാർട്ടിയുടെയും ഒരു സംയുക്തയോഗം ഡി. സി. സി. പ്രസിഡണ്ടു് സി. കേശവന്റെ അദ്ധ്യക്ഷതയിൽകൂടി കേന്ദ്രപാർലിമെൻറിലേക്കു് താഴെപറയുന്ന 7 പേരെ തിരഞ്ഞെടുത്തിരിക്കുന്നു: മെ. സി. ആർ. ഇയ്യുണ്ണി, എസ്. ശിവൻപിള്ള, കെ. എ. ദാമോദരമേനോൻ, വി. സി. അഹമ്മദുണ്ണി, ആർ. വേലായുധൻ, എൻ. അലക്സാണ്ടർ, പി. കെ. ലക്ഷ്മണൻ.

### Fransiscan Third Order Meeting

An extraordinary meeting of the Fransiscan Third Order, Kottayam Centre, is arranged to be held on the 29th January 1950, at 1 P. M. in the Catholic Club, Mary Giri, Kottayam. Sree Peter Reddy M. A., L. T. will be addressing the gathering. Besides the members of the Kottayam Centre, all the Catholic educated youngmen of the Kottayam Division, who are interested in the Third Order, are earnestly requested to be present on the occasion.

Kottayam, 16-1-1950. Secretary (Signed)


*Permissu Ecclesiastico*

Printed & Published by K. L. Varkey at the Mar Louis Memorial Press Ernakulam